

നരിക്കുഴി

# സദാചാരരോഗം

CARMEL MONASTERY LIBRARY
No. 1282
VAZHAKULAM.

# സദാചാരശാസ്ത്രം

DHARMARAM COLLEGE
LIBRARY
BANGALORE-29

എസ്. ജെ. പ്രസ്സ്

MALAYALAM

SADACHARASASTRAM

BY

NARIKUZHY

FIRST PRINTING MARCH 1956

SECOND PRINTING DECEMBER 1965

PRINTED & PUBLISHED

S. J. PRESS MANANTODDY

PRICE 1-50

m/170
NAR

# സദാചാരശാസ്ത്രം

ADAPTED FROM ETHOLOGY
BY Z. O. C. D.

രചയിതാവ്:

**നരിക്കുഴി**

CARMEL MONASTERY LIBR
No.
VAZHAKULAM.

രണ്ടാം പതിപ്പ്

DHARMARAM COLLEGE
LIBRARY
BANGALORE-29

9994

പ്രസാധകർ:-

എസ്സ്. ജെ. പ്രസ്സ്

മാനന്തവാടി P. O.

വയനാട്ട്.

ACHARYA PALACKAL JEEVASSKENDRAM
LIBRARY
ALUVA

വില 1 ക. 50 സ.

## നരിക്കുഴിയുടെ മററു കൃതികൾ

1. കുടുംബത്തിൻെറ നേരെ (മൂന്നാംപതിപ്പ്)
2. അളിയൻെറ വീട്ടിൽ (രണ്ടാം പതിപ്പ്)
3. മാർക്സിസത്തിൽ കുടുംബജീവിതമോ?
4. കമ്മ്യൂണിസ്റ്റരിഷ്ടം (വിനോദനാടകം)
5. മണിവിളക്ക് (ജീവചരിത്രം)
6. പൊന്നുഷസ്സ് (ജോസിസ്റ്റം നാടകം)
7. അഴകുററ ആവൃതി (സെമിനാരി)
8. പ്രാത്ഥനപ്പുസ്തകം
9. ആദ്യകുർബാന സ്വീകരണം
10. സ്നേഹവും ദ്രോഹവും (ജീവചരിത്രം)

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| കൃതജ്ഞത | | | vii |
| അവതാരിക (ഡോക്ടർ പി. ജെ. തോമസ്, M.A; D. Phil; D. Litt. (Oxon) F. R. Econ. S. | | | ix |
| പ്രാരംഭം | | | 1 |
| ഒന്നാം അധ്യായം: | | സ്വഭാവം | 5 |
| രണ്ടാം | ,, | സത്സ്വഭാവം | 11 |
| മൂന്നാം | ,, | പ്രകൃതി | 28 |
| നാലാം | ,, | തീക്ഷ്ണപ്രകൃതി | 33 |
| അഞ്ചാം | ,, | ക്രോധപ്രകൃതി | 47 |
| ആറാം | ,, | മ്ലാനപ്രകൃതി | 62 |
| ഏഴാം | ,, | മന്ദപ്രകൃതി | 86 |
| എട്ടാം | ,, | സമ്മിശ്രപ്രകൃതികൾ | 90 |
| ഒമ്പതാം | ,, | ആഭിജാത്യം അരങ്ങത്ത് | 97–122 |

# കൃതജ്ഞത

വ്യക്തി നന്നാകുക. അപ്പോൾ സമൂഹവും അതു വഴി രാഷ്ട്രവും നന്നായിക്കൊള്ളും. നാമിന്നു വിഭാവനം ചെയ്യുന്ന ക്ഷേമരാഷ്ട്രം ഒരു യാഥാർത്ഥ്യമാകണമെങ്കിൽ, ആദർശബോധവും സ്വഭാവനൈർമ്മല്യവുമുള്ള ഒരു പുത്തൻതലമുറ ഉയിരെടുത്തേ മതിയാവൂ. അനുപേക്ഷണീയമായ ഈ ആവശ്യത്തിനു് ഇപ്പുസ്തകം അല്പമെങ്കിലും സഹായകമാകുമെന്നു വിശ്വസിക്കുന്നു. Ethology - by Z. O. C. D.- എന്ന ഇംഗ്ലീഷുപുസ്തകമാണു് ഇതിൻെറ പ്രധാനമായ അവലംബം.

പ്രൗഢമായ ഒരവതാരികയാൽ ഈ ചെറുഗ്രന്ഥത്തെ അനുഗ്രഹിച്ച സഹൃദയസത്തമനും പണ്ഡിതസാർവഭൗമനുമായ ഡോക്ടർ പി. ജെ. തോമസ്, M. A; D. Phil; D. Litt. (Oxon) F. R. Econ. S. അവർകളോടു എനിക്കുള്ള കടപ്പാടു് അപാരമാണു്. അദ്ദേഹത്തിനു സ്നേഹനിർഭരമായ കൂപ്പുകൈ. ഗ്രന്ഥത്തിൻെറ രചനക്കും മുദ്രണത്തിനും സഹായിച്ച ബഹുമാന്യസുഹൃത്തുക്കളേവരേയും ഞാൻ നന്ദിപൂർവ്വം അനുസ്മരിച്ചുകൊള്ളുന്നു. ഈ പുസ്തകം വായിക്കുവാൻ കൈയിലെടുത്ത നിങ്ങളോടും എനിക്കു് അളവററ കൃതജ്ഞതയുണ്ടു്.

കുറവിലങ്ങാടു്
19-3-1956.

നരിക്കുഴി.

# അവതാരിക

## ഡോക്ടർ പി. ജെ. തോമസ്,

*M. A; D. Phil; D. Litt. (Oxon) F. R. Econ. S.*

എല്ലാക്കാലത്തും, വിശേഷിച്ച് ഇന്നത്തെ സാഹചര്യങ്ങളിൽ, സർവ്വപ്രധാനമായ ഒരു വിഷയമാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യം. ശാസ്ത്രത്തിന്റെ വിസ്മയനീയമായ പുരോഗതിനിമിത്തം ഉല്പാദനം ഇനി എത്രയെങ്കിലും വർദ്ധിപ്പിക്കാം; മനുഷ്യരേവക്കും ഉയൎന്ന ജീവിതത്തോതു പുലർത്തുവാനും സാധിക്കും. എന്നാൽ, ലോകത്തിലെ ഏതാണ്ടു മുക്കാൽഭാഗം ജനങ്ങളും പട്ടിണിയിലും ദുരിതത്തിലും കഴിഞ്ഞുകൂട്ടുകയാണ്. എന്നിട്ടും തമ്മിൽതമ്മിൽ വൈരവും മൂത്തുകൊണ്ടിരിക്കുന്നു. ഈ ദയനീയനിലയ്ക്കു കാരണമെന്ത്? മനുഷ്യനു നേരും നെറിവും ഇല്ലാത്തതുതന്നെ. തന്റെ സഹോദരൻകൂടി ഉയരാതെ തനിക്കു സ്ഥിരമായി ഉയർച്ചനേടാൻ സാധ്യമല്ലെന്നുള്ള ബോധം അധികംപേൎക്കു വന്നുചേൎന്നിട്ടില്ല. മറുവിധത്തിൽ പറയുന്നപക്ഷം, സദാചാരം നമ്മിൽ വളരാതെ പാരത്രികമായി മാത്രമല്ല, ലൗകികമായിപ്പോലും നമുക്കു പുരോഗമിക്കാൻ സാധ്യമല്ല. വ്യക്തി നന്നാകാതെ സമൂഹം, അഥവാ, രാഷ്ട്രം എങ്ങനെ നന്നാകാനാണ്?

ഇന്ത്യൻ സാമ്പത്തികരംഗത്തിലെ ചില സ്ഥിതിഗതികൾ നോക്കുക. വ്യവസായവും കച്ചവടവും ഇന്ത്യയിൽ ഇന്നു വേണ്ടത്ര പുരോഗമിച്ചിട്ടില്ല. സാങ്കേതികമായ കുറവുകളല്ല യഥാൎത്ഥത്തിൽ ഇതിന് കാരണം; നേരും കണിശവും ഇല്ലായ്കയാണ്. ഏതുവിധവും

സഹോദരനെ വഞ്ചിച്ചു ലാഭമുണ്ടാക്കാനാണ് അധികം പേരുടേയും ഉത്സാഹം, ഈ നിലയിൽ കച്ചവടമെന്നല്ല ഒരു തൊഴിലും മുമ്പോട്ടു പോകയില്ല.

സഹകരണപ്രസ്ഥാനം മുഖേന, ഉല്പാദനം വർദ്ധിപ്പിച്ച്, വിതരണം ക്രമപ്പെടുത്തി യഥാർത്ഥമായ സോഷ്യലിസ്റ്റ് വ്യവസ്ഥിതി കൈവരുത്താനാണല്ലോ ഇന്ന് ഇന്ത്യൻനേതാക്കളുടെ ഉന്നം. എന്നാൽ, ആത്മാർത്ഥതയും നിസ്തന്ദ്രമായ പരിശ്രമവും ഉള്ള പ്രവർത്തകരില്ലാതെ ഈ ലക്ഷ്യം എങ്ങനെ സാധിക്കാനാണ്? തിരുകൊച്ചിയിലെ അനുഭവങ്ങളിൽനിന്നുതന്നെ ഈ സംഗതി പ്രകടമല്ലേ?

രാഷ്ട്രീയരംഗത്തു നോക്കിയാലും, നില ഇതുതന്നെ. ഇന്ത്യൻസ്റ്റെയ്റ്ററുകളിൽ, പ്രത്യേകിച്ച്, തിരുക്കൊച്ചിയിൽ കഴിവുള്ള ഒരുറച്ച ഗവണ്മേൻറുണ്ടായാൽ മാത്രമേ ഭരണം ശരിയായി നടക്കുകയുള്ളൂ. സാധാരണക്കാരന്റെ നില നന്നാകണമെങ്കിൽ ഇതു് അത്യന്താപേക്ഷിതവുമാകുന്നു. എന്നാൽ, ഒരുറച്ച ഗവണ്മേന്റ് ഉണ്ടാകാതിരിക്കാനുള്ള പ്രധാനപ്രതിബന്ധം എന്തു്? സത്യനിഷ്ഠയും ഹൃദയശുദ്ധിയും ഉള്ള രാഷ്ട്രീയപ്രവർത്തകർ വളരെ ചുരുക്കമായതുതന്നെ.

ഇന്നത്തെ പല രാഷ്ട്രീയപ്രവർത്തകരുടേയും ഏതാണ്ടൊരു പ്രതിച്ഛായ ഈ ഗ്രന്ഥത്തിൻെറ ഏഴാംവശത്തുകാണാം. "ഇതാ ഒരു യുവാവു്; സുമുഖൻ; ദൃഢഗാത്രൻ; എന്തും എവിടെയും ചെയ്യാമെന്നും. ചെയ്യണമെന്നുമാണ് ഈ ഊർജ്ജസ്വലൻെറ ഭാവം. അടുക്കളയിലും അങ്ങാടിയിലും, പാഠശാലയിലും, പാർക്കിലും നേതൃത്വം തനിക്കായിരിക്കണം. മററുള്ളവരുടെ അവകാശങ്ങളും അഭിപ്രായങ്ങളും എന്തുമായിക്കൊള്ളട്ടെ, ഹോ! അവരെല്ലാം

വെറും പഴത്തൊലികൾ എന്നാണ് അയാളുടെ വിചാരം. അതനുസരിച്ചാണു പ്രവൃത്തിയും." ഇത്തരം യുവാക്കന്മാരല്ലേ പ്രായമായി നേതൃത്വത്തിൽ വരുന്നതു്, വന്നിട്ടുള്ളതു്? സാഹചര്യങ്ങളും ഇതിനു സഹായകമാണല്ലോ.

ഇങ്ങനെയുള്ള ദുർവ്വാസനകളേയും ദുശ്ശീലങ്ങളേയും അപഗ്രഥനം ചെയ്തു്, അവയെ നമ്മിൽനിന്നും പിഴുതുകളയാനുള്ള മാർഗ്ഗങ്ങൾ ഈ ഗ്രന്ഥം നിർദ്ദേശിക്കുന്നു. അവ തികച്ചും പ്രായോഗികങ്ങളാണുതാനും: "സ്വാഭാവിക പ്രവണതകളുടെമേൽ പരമാധികാരം ഒരുവനു ലഭിക്കണമെങ്കിൽ, തന്നെ അടിമപ്പെടുത്തുന്ന പ്രതിബന്ധശൃംഖലകളെ കണ്ണികണ്ണിയായി അവൻ മുറിച്ചുമാററണം. അതുമാത്രംപോരാ, സ്വന്തംശക്തികളെ ശരിയായി നിയന്ത്രിക്കാനും വശമായിരിക്കണം." ഇതിനുള്ള മാർഗ്ഗങ്ങളും ഗ്രന്ഥകാരൻ അനുക്രമമായി വിവരിക്കുന്നുണ്ടു്.

മനുഷ്യപ്രകൃതിയിലുള്ള നാലുതരം സ്വഭാവവിശേഷങ്ങളായ തീക്ഷ്ണം, ക്രോധം, മ്ലാനം, മന്ദം എന്നിവയെ ശാസ്ത്രീയമായി വിശകലനംചെയ്തു് അവയോടനുബന്ധിച്ചുവരാവുന്ന ദൂഷ്യങ്ങളെ ഇല്ലാതാക്കി, ഹൃദയശുദ്ധി, മനഃശക്തി, ദീനദയാലുത്വം, മര്യാദ മുതലായ വിശിഷ്ടസിദ്ധികൾ കൈവരുത്താനുള്ള മാർഗ്ഗങ്ങളെ ഈ ഗ്രന്ഥത്തിൽ തെളിവായി വിവരിച്ചിരിക്കുന്നു.

യഥാർത്ഥത്തിൽ ഇതൊരു ശാസ്ത്രീയഗ്രന്ഥമാണു്. മറെറാരുവിധം നോക്കിയാൽ ഇതൊരു കലയാണെന്നും പറയാം. എങ്ങനെ നോക്കിയാലും, സ്വഭാവരൂപവല്ക്കരണം എന്ന സർവ്വപ്രധാന വിഷയത്തിൻെറ എല്ലാവശങ്ങളും ഈ കൃതിയിൽ പ്രതിപാദിച്ചിട്ടുണ്ടു്.

ഒരു സംഗതി പ്രത്യേകം എടുത്തു പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇതു വിഭാഗീയമോ, പ്രത്യേകം

ഒരു മതത്തെ സംബന്ധിക്കുന്നതോ ആയ ഒരു ഗ്രന്ഥമല്ല. എല്ലാ ജാതിയിലും മതത്തിലും വിഭാഗത്തിലും പെട്ടവ ക്ക് ഈ കൃതി ഒന്നുപോലെ പ്രയോജനപ്രദമാണ്, പ്ര യോജകീഭവിക്കേണ്ടതുമാണ്.

ഇങ്ങനെ, സാമ്പത്തികോന്നമനത്തിനായാലും രാ ഷ്ട്രീയവിജയത്തിനായാലും അവശ്യം വേണ്ട ഈ സർവ്വ പ്രധാന വിഷയത്തെ അധികരിച്ചുള്ള ഈ സൽഗ്രന്ഥം എല്ലാ കുടുംബങ്ങളിലും വായിച്ചുകാണാനും, നമ്മുടെ വിദ്യാലയങ്ങളിൽ പാഠ്യഗ്രന്ഥമായിത്തീരാനും ഞാൻ അത്യധികം ആഗ്രഹിക്കുന്നു.

ചെറുകഥ, നാടകം മുതലായ സാഹിത്യപരമായ വിഷയങ്ങൾ കൈകാര്യം ചെയ്തുവന്നിരുന്ന ഈ യുവ ഗ്രന്ഥകാരന്, അഗാധമായ ശാസ്ത്രീയവിഷയങ്ങൾ ഏവ ർക്കും മനസ്സിലാകത്തക്കവിധം കൈകാര്യം ചെയ്യാനുള്ള കഴിവും ഉണ്ടെന്ന് ഈ ഗ്രന്ഥം വിളിച്ചുപറയുന്നു. ഗഹ നവിഷയങ്ങൾ പ്രതിപാദിക്കുന്ന ഘട്ടത്തിൽ സന്ദർഭോ ചിതമായ സാങ്കേതികപദങ്ങൾ സമർത്ഥമായി പ്രയോ ഗിക്കാൻ അദ്ദേഹത്തിനു പ്രത്യേകം പാടവമുണ്ട്. ഇതു് ഒരു വിശിഷ്ടസിദ്ധിതന്നെയാണെന്നു ഞാൻ കരുതുന്നു. പൊതുജനനന്മയ്ക്കായി ഇത്തരത്തിലുള്ള അനേകം സദ് ഗ്രന്ഥങ്ങൾ ഇനിയും എഴുതികാണ്മാൻ ഞാൻ അത്യധി കം ആശിക്കുകയും ചെയ്യുന്നു.

ഏതുവിധം നോക്കിയാലും ഹൃദ്യമായ സ്വാഗതം അർഹിക്കുന്ന ഈ കൃതിയെ പൊതുജനസമക്ഷം അവത രിപ്പിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

തിരുവനന്തപുരം,<br>25—2—1956. } **പി. ജെ. തോമസ്.**

# സദാചാരശാസ്ത്രം

## പ്രാരംഭം

ഉത്തമജീവിതം ഒരു കലയാണു്— ആരും അതി പ്രധാനമായി അറിഞ്ഞിരിക്കേണ്ട ഒരു കല. മനുഷ്യനാണു് അതിൻെറ കലാകാരൻ. ഈ കലാകാരനു് ആവശ്യമുള്ള ഉപകരണങ്ങളെല്ലാം അവനിൽനിന്നുതന്നെ കണ്ടെടുക്കാമെന്നുള്ളതാണു് ഈ കലയുടെ വിശേഷം. ബുദ്ധിപൂർവ്വം അവയെ കൈകാര്യംചെയ്തു ലക്ഷണമൊത്ത ഒരു രൂപം സൃഷ്ടിക്കേണ്ട ജോലിയേ അവനുള്ളു. സുപ്രസിദ്ധ വാഗ്മിയായ ലക്കോർഡയറിൻെറ ഭാഷയിൽ "ഒരു തനിവിശുദ്ധനോ പരമദുഷ്ടനോ ആകുവാനുള്ള കഴിവുകൾ നമ്മുടെ സിരകളിൽ ഒളിഞ്ഞുകിടപ്പുണ്ടു്." മനഃശാസ്ത്രവിദഗ്ദ്ധനായ എഡ്ഗർകാന്നററു് പറയുന്നു: "ഓരോ മനുഷ്യനും ഒരു ശില്പിയാണു്. തനിക്കു കിട്ടിയിരിക്കുന്നതു മാർബിൾക്കല്ലോ മണ്ണാങ്കട്ടയോ ആയിക്കൊള്ളട്ടെ, അതിനെ അവൻ ജാജ്ജ്വല്യമാനമാക്കണം. അതായതു്. വികൃതങ്ങളും വിരൂപങ്ങളുമായ വാസനകളെ ഉടച്ചുതക്കി ബുദ്ധിയും സ്വാതന്ത്ര്യവും നീതിയും തെളിഞ്ഞു വിളങ്ങുന്ന ഒരു വ്യക്തിവിലാസം വാർത്തെടു

ക്കുന്നതുവരെ അവൻ പരിശ്രമിക്കേണ്ടിയിരിക്കുന്നു.'' ഇതേ ആശയംതന്നെ മഹാകവി ഷേക്സ്പിയർ സ്വതസ്സിദ്ധമായ ശൈലിയിൽ പ്രകാശിപ്പിക്കുന്നതു കണ്ടാലും: ''നമ്മുടെ ശരീരം ഒരു തോട്ടമാണ്. നമ്മുടെ മനശ്ശക്തിയാണ് തോട്ടക്കാരൻ. ഈ തോട്ടത്തിലെ കളകളെല്ലാം പറിച്ചുകളഞ്ഞു് അതിൽ, പൊൻനിറം കലർന്ന കതിർക്കുലയണിയുന്ന ധാന്യങ്ങൾ വിതച്ചു വിളയിക്കുവാനോ തേൻതുള്ളി തുളുമ്പി തുടുത്തു നില്ക്കുന്ന ഫലവൃക്ഷങ്ങൾ നട്ടു വളർത്തുവാനോ ആ തോട്ടക്കാരനു കഴിയും. അല്ലെങ്കിൽ, വെറുതെ കാടും കളയും കയററി കല്ലും മുള്ളും നിറച്ച് അതൊരു പുറമ്പോക്കാക്കി കളയുവാനും അവനു സാധിക്കും. എങ്ങനെയായാലും ശരി അതിൻെറ പേരിലുള്ള സകലാധികാരവും ഉത്തരവാദിത്വവും ആ തോട്ടക്കാരനാണ്—മനശ്ശക്തിക്കാണ്.'' ചുരുക്കത്തിൽ, മനുഷ്യനെ ഉൽകൃഷ്ടനാക്കുന്നതും നികൃഷ്ടനാക്കുന്നതും അവൻ തന്നെ.

മേൽപ്രസ്താവിച്ചവയിൽനിന്നു നാം മനസ്സിലാക്കേണ്ടതിതാണ്: ഓരോ മനുഷ്യനിലും നൈസർഗ്ഗികമായിക്കിടക്കുന്ന ശാരീരിക ധാർമ്മികഘടകങ്ങളുടെ കളങ്കമററ സംയോജനത്തിലാണ് മനുഷ്യക്ഷേമം പ്രധാനമായി നിലകൊള്ളുന്നതു്. ഇതു കൈവരേണ്ടതു വിദ്യാഭ്യാസം വഴിയാണ്. എന്നാൽ, വെറും കായികമോ മാനസികമോ ആയ വിദ്യാഭ്യാസംകൊണ്ടു് ഈ ലക്ഷ്യത്തിലെത്തിച്ചേരുക എളുപ്പമല്ല. കായിക മാനസിക സംസ്കരണങ്ങളോടൊപ്പം ധാർമ്മികവികസനത്തിനും പരിശീലനം നല്ല

ന്നതാണു ശരിയായ വിദ്യാഭ്യാസം. ധാർമ്മികസംസ്കരണം കൂടാതെയുള്ള പുരോഗമനം പരാജയത്തിലേ കലാശിക്കൂ. കാരണം, ധാർമ്മിക ഗുണങ്ങളുടെ സമാഹാരമായ സത്സ്വഭാവം കൂടാതെ യാതൊരുത്തനും സാംസ്കാരോചിതമാംവിധം ജീവിച്ചു വിജയം നേടുക സാധ്യമല്ല. സത്യസന്ധതയും നീതിനിഷ്ഠയും ഹൃദയവിശാലതയും ഉള്ള സദാചാരതൽപരമായ ഒരു നല്ല തലമുറ ധാർമ്മികമായ ഉയർച്ചയിൽനിന്നേ ഉയിരെടുക്കൂ. ഈ ധാർമ്മികോന്നമനത്തിനു നമ്മെ അങ്ങേയററം സഹായിക്കുന്ന ഒരു ശാസ്ത്രവിഭാഗമാണു സദാചാരശാസ്ത്രം.

## ശരിയായ നിർവചനം

'എത്തോളജി' അഥവാ സദാചാരശാസ്ത്രം എന്നതിൻെറ അക്ഷരാർത്ഥം സാന്മാർഗ്ഗിക പ്രവർത്തനങ്ങളെക്കുറിച്ചുള്ള പരാമർശനം എന്നാണ്. മനുഷ്യൻെറ പ്രവൃത്തികൾ വിവിധങ്ങളാണല്ലോ. അവയെല്ലാം നിരത്തിനിറുത്തി സാന്മാർഗ്ഗിക ചിന്തയുടെയും ധാർമ്മിക ബോധത്തിൻെറയും വെളിച്ചത്തിൽ വിശകലനം ചെയ്യുന്ന ഒരു ശാസ്ത്രവിഭാഗമോ കലയോ ആണ് സദാചാരശാസ്ത്രം. ആകയാൽ, മനുഷ്യനെ സമുദായത്തിനു് ഉപയോഗമുള്ള ഒരംഗമാക്കിത്തീർക്കുവാൻ അവൻെറ ആന്തരികവും ബാഹ്യവുമായ ജീവിതത്തെ ക്രമപ്പെടുത്തുന്ന ഒരു ശാസ്ത്രമാണു സദാചാരശാസ്ത്രം എന്നു ന്യായമായി പറയാം.

സാന്മാർഗ്ഗിക പരിപൂർണ്ണതയെക്കുറിച്ച് പഠിപ്പിക്കുവാൻ നീതിശാസ്ത്രം, ആദ്ധ്യാത്മികശാസ്ത്രം, സാന്മാർഗ്ഗികശാസ്ത്രം, സദാചാരശാസ്ത്രം എന്നിങ്ങനെ പലതുണ്ടെങ്കിലും പ്രകൃതത്തിൽ സദാചാരശാസ്ത്രം മാത്രമാണ പ്രതിപാദന വിഷയം. ഇതു മറ്റുള്ളവയിൽനിന്നും വ്യത്യസ്തവുമാണ്. സ്വഭാവരൂപവൽക്കരണമത്രേ സദാചാരശാസ്ത്രത്തിൻെറ ഉദ്ദേശ്യം. സത്സ്വഭാവത്തേയും അതിൻെറ അനിവാര്യഫലങ്ങളായ ഹൃദയശുദ്ധി, മനശ്ശുദ്ധി, ദീനദയാലുത്വം, മര്യാദ എന്നിവയേയും മനഃശാസ്ത്രപരമായി വിവരിച്ച്, അവയെ സമ്പാദിക്കുവാനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കുകയും അങ്ങനെ മനുഷ്യഹൃദയങ്ങളെ ഉൽകൃഷ്ടമാക്കുകയുമാണ് സദാചാരശാസ്ത്രത്തിൻെറ പരമലക്ഷ്യം.

# ഒന്നാം അധ്യായം

## സ്വഭാവം

സ്വഭാവം, സ്വഭാവം എന്നു നാം സാധാരണ പറയാറുണ്ട്, കേൾക്കാറുണ്ട്. പക്ഷേ, അതെന്താണെന്നു നിർവ്വചിക്കുക അത്ര എളുപ്പമല്ല. മനുഷ്യനിലും മററു പ്രകൃതിവസ്തുക്കളിലും കാണുന്ന പ്രത്യേകതകളെ കുറിക്കുന്ന ഒരു പദമാണ് സ്വഭാവം എന്നു ചിലർ അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ, മനുഷ്യൻെറ സാന്മാർഗ്ഗിക ഗുണങ്ങളെ സൂചിപ്പിക്കുന്ന ഒരു പദമായിട്ടാണ സ്വഭാവത്തെ ഇവിടെ നാം കണക്കാക്കേണ്ടതു്.

ഈ അർത്ഥത്തിൽ സ്വഭാവം എന്തെന്നു നോക്കാം. ഓരോരുത്തരുടെയും വ്യക്തിത്വത്തെ അളന്നു കാണിക്കുന്ന ഒരു അളവുകോലാണ് സ്വഭാവം. അതു് അവരുടെ പ്രവൃത്തിയനുസരിച്ച ദുഃസ്വഭാവമോ സത്സ്വഭാവമോ ആകാം. എങ്കിലും പൊതുവേ സൽസ്വഭാവമുള്ള ഒരാൾക്കേ വ്യക്തിവിലാസം,-ശരിയായ വ്യക്തിത്വം-ഉണ്ടെന്നു പറയാറുള്ളു. 'നല്ല വ്യക്തിത്വം' എന്നുവച്ചാൽ നല്ല സ്വഭാവം എന്നാണു മനസ്സിലാക്കുക. അപ്പോൾ എന്താണു സ്വഭാവം? വ്യവസ്ഥാപിതമായ രീതിയിൽ ലോകത്തോടുള്ള ബന്ധം പുലർത്തിക്കൊണ്ടു പോകുവാൻ മനുഷ്യനെ ശക്തനാക്കുന്ന വിശിഷ്ടഗുണങ്ങളുടെ സമാഹാരമായ വ്യക്തിവിലാസത്തെ ഓരോരുത്തരിലും തെളിച്ച

കാണിക്കുന്ന സാന്മാർഗ്ഗിക മുദ്രയാണു സ്വഭാവം. ദൃഢമനസ്ക്കത, ഹൃദയശുദ്ധി, പ്രസന്നത, മര്യാദ ഇവയാണ് ഒരു സൽസ്വഭാവനിൽ പ്രധാനമായി പ്രകാശിച്ചുനില്ക്കുന്ന ഗുണങ്ങൾ. എന്നാൽ, ദൃഢമനസ്കതയുടെ ആശക്തിയുണ്ടല്ലോ അതിനാണ് ഇവയിലെല്ലാം മഹത്തായ സ്ഥാനം. അതിനാലാണ് സ്വഭാവത്തെ "ആദർശങ്ങളാൽ നയിക്കപ്പെടുന്ന ഒരു ജീവിതം" എന്നു തത്വജ്ഞർ വിളിക്കുന്നത്. അപ്പോൾ യഥേഷ്ടം ചിന്തിച്ചും പ്രവൃത്തിച്ചും-തോന്നിയവാസം നടക്കുന്നവനല്ല, മറിച്ച്, ആദർശങ്ങൾക്കും അവബോധത്തിനും അനുയോജ്യമായി ജീവിക്കുന്നവനാണു സത്സ്വഭാവൻ എന്ന പേരിനർഹൻ. മനുഷ്യൻെറ വിചാരങ്ങളുടെയും പ്രവൃത്തികളുടെയും തനിരൂപം പ്രതിബിംബിച്ചു കാണിക്കുന്ന കണ്ണാടിയാണു സ്വഭാവം.

## സ്വഭാവത്തിൻെറ പ്രാധാന്യം

ആത്മാവും ശരീരവും ഉള്ള ഒരു പ്രത്യേക ജീവിയാകുന്നു മനുഷ്യൻ. തൽഫലമായി, രണ്ടു വിരുദ്ധ ഘടകങ്ങൾ സദാ അവനിൽ ചലിച്ചുകൊണ്ടിരിക്കും. ഉത്തമാംശവും അധമാംശവും. ഇവ രണ്ടിൻേറയും സമ്മിശ്രഫലമായ മനുഷ്യൻ വാസ്തവത്തിൽ ഒരു സന്ധിയില്ലാസമരത്തിലാണു ഏർപ്പെട്ടിരിക്കുന്നത്. ഈ സമരത്തിലെ ജയാപജയങ്ങൾ അനുസരിച്ചാണ് അവൻെറ ഉൽക്കർഷവും അപകർഷവും. ഇങ്ങനെ സ്വർല്ലോക ഭൂലോകങ്ങൾക്കു മദ്ധ്യേ ഇളകി മറിഞ്ഞു, സുകൃതത്തിനും ദുഷ്കൃതത്തിനും ഇടക്കു തട്ടിമുട്ടി നിരന്തര പോരാട്ടത്തിനു വി

ധേയനായി രാപകൽ തള്ളിനീക്കുന്ന മനുഷ്യനെ സഹായിക്കുവാൻ ശക്തിയുള്ള എന്തെങ്കിലും അവനിൽത്തന്നെ ഉണ്ടോ? ഉണ്ട്; അതാണു സ്വഭാവം: സകലവിധ പ്രത്യാഘാതങ്ങളേയും തൻേറടത്തോടെ നേരിട്ടു നിർദ്ദിഷ്ടലക്ഷ്യത്തിൽ എത്തിച്ചേരുവാൻ അവനെ സഹായിക്കുന്ന വജ്രായുധമാണു് സൽസ്വഭാവം. സ്വഭാവത്തിൻെറ പരമപ്രധാനമായ പ്രവത്തനവും ഇതുതന്നെ. കൂടാതെ, വ്യക്തിപരവും സാമൂഹികവുമായ നന്മയെ ലാക്കാക്കി അവനവൻെറ അഭിവാഞ്ഛകളേയും ധാൎമ്മികശക്തികളേയും വേണ്ടപോലെ പിടിച്ചിണക്കിക്കൊണ്ടു പോകുന്നതിനും സ്വഭാവമാണു് ശരിയായ നേതൃത്വം വഹിക്കുന്നതു്. തന്നെയുമല്ല, ഒരു മനുഷ്യനെ ആര്യചരിതനാക്കി, സമുദായത്തിൻേറയും രാഷ്ട്രത്തിൻേറയും അഭിമാനഭാജനമാക്കിത്തീക്കുന്നതും സ്വഭാവമാണു്. ഇത്രമാത്രമോ! പേരും പെരുമയും, ഐശ്വര്യവും അഭിവൃദ്ധിയും, സംതൃപ്തിയും സമാധാനവും എല്ലാം സ്വഭാവത്തിൻെറ അനന്തരഫലങ്ങളാണു്.

സ്വഭാവരൂപവൽക്കരണത്തിൻെറ വൈശിഷ്ട്യം ശരിക്കു മനസ്സിലാക്കണമെങ്കിൽ, അതിനു മുമ്പും പിമ്പും ഒരു മനുഷ്യനിൽ പ്രകടമാകുന്ന വിസ്മയനീയമായ വ്യത്യാസം സൂക്ഷിച്ചാൽ മതി. ഉദാഹരണസഹിതം വിശദമാക്കാം. ഇതാ ഒരു യുവാവു്: സുമുഖൻ; ദൃഢഗാത്രൻ എന്തും എവിടേയും ചെയ്യാമെന്നും ചെയ്യണമെന്നുമാണു് ആ ഊർജ്ജസ്വലൻെറ ഭാവം. അട്ടക്കളയിലും അങ്ങാടിയിലും പാഠശാലയിലും പാക്കിലും നേതൃത്വം എല്ലാം തനിക്കായിരിക്കണം. മററുള്ളവരുടെ അവകാശങ്ങളും

അഭിപ്രായങ്ങളും എന്തുമായിക്കൊള്ളട്ടെ, ഛേ, അവരെല്ലാം വെറും പഴഞ്ഞൊലികൾ, എന്നാണയാളുടെ വിചാരം; അതനുസരിച്ചാണു പ്രവൃത്തിയും. ആ മനുഷ്യനിൽ വേരുറയ്ക്കുവാൻ പോകുന്ന ഈ ദുർവാസനകൾ പിഴുതു മാററുന്നില്ലെങ്കിൽ, അനതിവിദൂരമായ ഭാവിയിൽ അയാൾ തൻെറ നാടിനും രാജ്യത്തിനും ഒരു തീരാശാപമായിത്തീരുകയായിരിക്കും ചെയ്യുക. നേരെമറിച്ച്, അയാളിൽ തക്കസമയത്ത് സ്വഭാവരൂപവൽക്കരണത്തിനു സാരമായ സ്ഥാനം കൊടുക്കുക. എങ്കിൽ അതു് എല്ലാവക്കും ഒരു ഭാഗ്യമായിരിക്കും. എന്തുകൊണ്ടെന്നാൽ, കാടത്തവും ധിക്കാരവും നിറഞ്ഞ അവൻെറ കഴിവുകൾ സൽപഥത്തിലേക്കു തിരിഞ്ഞു വരുന്നു. സത്യവും നീതിയും പാലിക്കുന്ന ഒരു ഉത്തമ പൗരൻെറ വ്യക്തിവിലാസം നാമപ്പോൾ ദർശിക്കുന്നു. അങ്ങനെ അയാൾക്കും മററുള്ളവക്കും മനസ്സമാധാനവും സന്തുഷ്ടിയും സംജാതമാകും. സ്നേഹം, വിനയം, മയ്യാദ എന്നിവയുടെ സൽഫലങ്ങൾ അനവരതം നമുക്കു് അനുഭവപ്പെടുകയും ചെയ്യും.

ഇനി മറെറാരു യുവാവു്: നല്ല കഴിവുള്ള ആളാണു്. പക്ഷേ, എന്തൊരു പച്ചപ്പാവം! ഒരു മിണ്ടാപ്രാണി! ഒരു മനുഷ്യൻെറ നേരെപോലും നോക്കുകയില്ല. പ്രത്യേകിച്ച്, തന്നെക്കാൾ മുതിന്നവരെ കണ്ടാൽ നിവൃത്തിയുണ്ടെങ്കിൽ ഓടി ഒളിച്ചുകളയും! ഈ സമ്പ്രദായം ആ ചെറുപ്പക്കാരനിൽ വളന്നുവരികയാണെങ്കിൽ, മനുഷ്യകുലത്തിനു് അയാളെക്കൊണ്ടു് എന്തു ഗുണമാണുണ്ടാവുക? ഇക്കൂട്ടരുടെ സംഖ്യ വദ്ധിക്കുവാൻ അനുവദിക്കുന്നപക്ഷം വിലയേറിയ എത്രയെത്ര സേവനങ്ങളാണു നഷ്ടപ്പെട്ടു

ARYA PALACKAL JEEVA... LIBRARY ALUVA 9994

പോവുക! എന്നാൽ, ആരെങ്കിലും അയാളുടെ പരിതഃസ്ഥിതി മനസ്സിലാക്കി തിരുത്തി നന്നാക്കുവാൻ ശ്രമിക്കുന്നുവെന്നു വിചാരിക്കുക. ഫലം അത്ഭുതാവഹമായിരിക്കും. ആ യുവാവിനെ ഓരോരോ വിഷയങ്ങളിൽ പ്രത്യേകം ഉത്സാഹിപ്പിച്ചു കൂടെക്കൂടെ ഉത്തേജിപ്പിക്കുക, ശോഭനമായ ഭാവിയിലേക്കു് അയാൾ പ്രേരിതനാകും. കാലക്രമത്തിൽ ആ മനുഷ്യൻ ബഹുമാന്യനും പ്രശസ്തനുമായ ഒരു വ്യക്തിയായി രൂപാന്തരപ്പെടുവാൻ എളുപ്പമുണ്ടു്. അന്നു് അയാളെ ഒരു ആശാദീപമായി എണ്ണുവാൻ ആളുകളുണ്ടാവും. കണ്ടാലും സ്വഭാവരൂപവൽക്കരണം ചെയ്യുന്ന മഹത്തായ സേവനം!

വേറൊരു യുവാവിൻെറ കഥയെടുക്കാം. ഈ ആൾ മേല്പറഞ്ഞവരിൽനിന്നു വ്യത്യസ്തനാണു്. തനി തീപ്പൊരി–മോഡൽ. അതുജോലി, ഇതുജോലി എപ്പോഴും ജോലി. പക്ഷേ, ഒന്നിലും കാര്യമായി ശ്രദ്ധ ചെലുത്തി പ്രവൎത്തിക്കുകയില്ലെന്നുമാത്രം. ഫലമോ? നാസ്തി. ഈവിധം മുന്നോട്ടു പോകുന്നുവെങ്കിൽ തീൎച്ചയായും അയാളുടെ യൗവനം നഷ്ടത്തിലും ഭാവിജീവിതം പരാജയത്തിലും ചെന്നവസാനിക്കും. ഭാഗ്യവശാൽ ഈ യുവാവിനേയും നേർവഴിക്കു തിരിച്ചു വിടുവാൻ സാധിക്കുമെങ്കിൽ, ഉത്തരവാദിത്വബോധവും ചിന്താശീലവും കൈവരുത്തി അയാളും തൻെറ ജീവിതയാത്ര ശ്രേയസ്കരമാക്കും; അതിൽ വിജയം നേടുകയും ചെയ്യും.

ഇപ്രകാരം, സ്വഭാവരൂപവല്ക്കരണംകൊണ്ടു സിദ്ധിക്കാവുന്ന വിജയമുദ്രകൾ അസംഖ്യങ്ങളാണു്. സാമ്രാജ്യങ്ങളെ കെട്ടിപ്പടുക്കുവാൻ കെല്പുള്ള സ്വരാജ്യസ്നേഹികൾ, രാഷ്ട്രീയ പ്രവൎത്തകന്മാർ, ചിന്തകന്മാർ തുടങ്ങിയ ധീരകേസരികളെ സ്വഭാവരൂപവല്ക്കരണം നമുക്കു പ്രദാനം ചെ

യ്യുന്നു. ജീവിതത്തിൻെറ ഏതു തുറയിലും ഏതു പരിതഃസ്ഥിതിയിലും അനീതിക്കും അധമ്മത്തിനുമെതിരായി അണിനിരന്നു്, നീതിയും ധമ്മവും സംസ്ഥാപിക്കുന്നതിനു ചങ്കുറപ്പോടെ പ്രവത്തിക്കുവാൻ പോരുന്ന ആത്മശക്തിയുള്ള വീരാത്മാക്കളെ മുന്നണിയിലേക്കു് ഇറക്കിവിടുവാൻ സത്സ്വഭാവത്തിനുള്ള കഴിവു് അനന്യസാധാരണമാണു്. ഉറച്ചു തെളിഞ്ഞ സ്വഭാവത്തിൻെറ പടച്ചട്ട ഉടുത്തിരിക്കുന്ന ഒരു യുവാവിനെ വിസ്തൃത ലോകത്തിൻെറ ഏതു വിദൂരവിദൂരതയിലേക്കും പറഞ്ഞയയ്ക്കൂ; ഭയപ്പെടേണ്ടാ; വെന്നിക്കൊടിയും പറപ്പിച്ചുകൊണ്ടു് അവൻ മുന്നേറും. നിശ്ചയം.

# രണ്ടാം അധ്യായം

# സത്സ്വഭാവം

സൽഗുണങ്ങൾ ജന്മായത്തമോ കർമ്മായത്തമോ ആവാം. എങ്ങനെയുള്ളതായാലും ശരി, ഒരു വ്യക്തിയിൽ പ്രശോഭിക്കുന്ന സദ്ഗുണങ്ങളുടെയും ആകെത്തുകയാണു സ്വഭാവം എന്ന വാക്കുകൊണ്ടു നാം ഉദ്ദേശിക്കുന്നതു്. ഈ സ്വഭാവം ഏററവും ആകർഷകമായ രൂപം കൈക്കൊള്ളുമ്പോൾ അതു സൽസ്വഭാവം എന്നു നാം പറയുന്നു. സ്വഭാവസംസ്കരണം സാധിച്ചവർതന്നെ എല്ലാകാര്യങ്ങളിലും മാതൃകകളായിരിക്കണമെന്നില്ല. ചില ആളുകൾ ദുർഗ്ഗുണരല്ലെങ്കിലും ചിലചില കാര്യങ്ങളിൽ ബലഹീനരായിരിക്കും. അങ്ങനെയുള്ളവരുടേതു 'ഒരുമാതിരി നല്ല സ്വഭാവം' 'തൃപ്തികരമായ സ്വഭാവം' എന്നെല്ലാം പറയാം. പറയത്തക്ക യാതൊരു പഴുതുമില്ലാത്ത വളരെ നല്ല ശീലങ്ങളുള്ളവരാണു മാതൃകായോഗ്യർ.

ദൃഢമനസ്കത, നല്ല മനസ്സാക്ഷി, പരസ്നേഹം, മര്യാദ എന്നീ ഗുണവിശേഷങ്ങളെല്ലാം ഒരു സൽസ്വഭാവത്തിൽ തെളിഞ്ഞു സമ്മേളിക്കും. പ്രഥമവീക്ഷണത്തിൽതന്നെ ആരെയും ഹഠാദാകർഷിക്കത്തക്ക ഒരു വൈശിഷ്ട്യം ആ സ്വഭാവത്തിനുണ്ടു്. ഒരു മഹാന്റെ വാക്കുകൾ ഇത്തരുണത്തിൽ ശ്രദ്ധേയമാണു്. അദ്ദേഹം പറയുന്നു: "നീതിക്കും സത്യത്തിനുംവേണ്ടി ഒരു സൽസ്വഭാവൻ ജീവിക്കുന്നു. അതിനായി ആന്തരികവും ബാഹ്യവുമായ സകലവിധ പ്രലോഭനങ്ങളേയും കൂസലെന്നിയേ അവൻ ചെറുത്തു നില്ക്കും. ഏതു ഭാരമേറിയ

ജോലിയും അവനു സന്തോഷജനകമാണ്, അത്യുഗ്രമായ കൊട്ടങ്കാററ് ആഞ്ഞടിക്കട്ടെ, മേഘങ്ങൾ ചങ്കുതകത്തു ഗർജ്ജിക്കട്ടെ, മിന്നൽപിണറുകൾ തലയ്ക്കുചുററും ചന്ദ്രഹാസമിളക്കട്ടെ, അവൻ നിർഭയനാണ്, പ്രശാന്തനാണ്. അവൻെറ ധീരചിത്തത്തിനു മുമ്പിൽ അവ തല കുനിക്കും. സന്മാർഗ്ഗത്തിലും സദാചാരത്തിലും സർവ്വോപരി ദൈവത്തിലുമുള്ള അവൻെറ വിശ്വാസം അചഞ്ചലമാണ്.'' ഇതാണു മാതൃകാപരമായ സ്വഭാവത്തിൻെറ വൈശിഷ്ട്യം. അപ്പോൾ ഒരു സൽസ്വഭാവനായിരിക്കുക എത്രയോ അഭികാമ്യമാണ്! അതിനുവേണ്ടി എന്തുമാത്രം ബുദ്ധിമുട്ടേണ്ടിവന്നാലും അതൊരു നഷ്ടമല്ല.

സൽസ്വഭാവത്തിൻെറ മുഖ്യപ്രധാന ഗുണങ്ങളായ മനസ്സാക്ഷി, ദൃഢമനസ്കത, പരസ്നേഹം നല്ലനടത്ത എന്നിവയെപ്പററി ഇതിനുപരി നമുക്കു കുറഞ്ഞൊന്നു ചിന്തിക്കാം.

## മനസ്സാക്ഷി

'ഇതു ചെയ്യുക' 'അതു ചെയ്യരുത്' എന്നു ശാന്തമായോ ഉൽക്കടമായോ മന്ത്രിക്കുന്ന ഒരു സ്വരം ഹൃദയാന്തർഭാഗത്തുനിന്നു നാം ശ്രദ്ധിക്കാറുണ്ട്. മനസ്സാക്ഷി എന്നാണ് ആ സ്വരത്തിൻെറ പേർ. എന്തെങ്കിലും അപകടസൂചന കണ്ടാലുടൻ മനസ്സാക്ഷി നമുക്കു നിർദ്ദേശം നല്കിക്കഴിയും, 'സൂക്ഷിച്ചുകൊൾക' എന്ന്. ഈ മനസ്സാക്ഷിക്കനുസരിച്ചു നാം പ്രവർത്തിക്കുന്നെങ്കിൽ ഹൃദയസമാധാനത്തോടെ എന്നും ജീവിക്കുവാൻ സാധിക്കും. നാം ഓരോരുത്തരേയും തട്ടിയുണർത്തി പ്രവർത്തനോന്മുഖരാക്കുന്നതും മനസ്സാക്ഷിയാണ്. ക്ഷണികങ്ങളായ മനോവികാരങ്ങളെ സംയമനം ചെയ്യുന്നതിലും നമ്മെ സുകൃതങ്ങളിലേ

ക്ക് ആഹ്വാനം ചെയ്യുന്നതിലും മനസ്സാക്ഷിതന്നെയാണു പ്രധാനപങ്കു വഹിക്കുന്നതു്. ആകയാൽ, ഏതാണ്ടിപ്രകാരം മനസ്സാക്ഷിയെ നിർവ്വചിക്കാം: "തെററും ശരിയും മനസ്സിലാക്കി ധർമ്മാധർമ്മങ്ങളെ വിവേചിച്ചറിവാൻ മനുഷ്യനെ ശക്തമാക്കി അബദ്ധത്തിൽനിന്നു സംരക്ഷിച്ചുകൊണ്ടു് അവനിൽത്തന്നെ സ്ഥിതിചെയ്യുന്ന ഒരു ആധ്യാത്മിക സ്വരമാണു് മനസ്സാക്ഷി. കർത്തവ്യബോധം, സത്യസന്ധത ഇവയാണു നല്ല മനസ്സാക്ഷിയുടെ പ്രധാന ലക്ഷണങ്ങൾ.

## I കർത്തവ്യബോധം

ചുമതലകളെപ്പററി ഉൽകൃഷ്ടമായ ഒരു മനോഭാവമാണു നല്ല മനസ്സാക്ഷിയുള്ളവർക്കുള്ളതു്. അവരുടെ അഭിപ്രായത്തിൽ കർത്തവ്യബോധം സംപൂജ്യമായ ഒരു ദൈവദാനമാണു്. ആകയാൽ, എന്തു ക്ലേശവും ത്യാഗവും അനുഭവിക്കേണ്ടിവന്നാലും തങ്ങളുടെ കടമകൾ കണിശം കണിശമായി നിറവേററണം എന്നു് അവർക്കു് നിർബ്ബന്ധമാണു്. "ഇതെൻെറ കർത്തവ്യമാണു്; ഇതാണു് ഈശ്വരനിശ്ചയം; ഇതുതന്നെ ഞാൻ ചെയ്യണം" ഇപ്രകാരമാണു് അവരുടെ ചിന്താഗതി. അതനുസരിച്ചു് അവർ തങ്ങളുടെ ചുമതലകൾ ഭംഗിയായി നിറവേററുകയും ചെയ്യും.

## II സത്യസന്ധത

സൂത്രവും കാപട്യവും അശേഷം ഇല്ലാത്ത മനുഷ്യനാണു് ആത്മാർത്ഥതയുള്ളവൻ. ആത്മാർത്ഥതയുള്ളവനേ സത്യസന്ധനായിരിക്കുവാനും സാധിക്കുകയുള്ളൂ. സത്യസന്ധതയുള്ളവരുടെ വിചാരവും വാക്കും, വാക്കും പ്ര

വൃത്തിയും തമ്മിൽ വസ്തുവും നിഴലുംപോലെയുള്ള ഐക രൂപ്യമുണ്ടായിരിക്കും. ഇവർ വിശ്വസ്തരാകയാൽ നിസ്സംശയം ഇവരുമായി പെരുമാറുവാൻ നമുക്കു സാധിക്കുന്നു. ഔദ്യോഗികകാര്യങ്ങൾ, പൊതുക്കാര്യങ്ങൾ, സ്വന്തം ജോലികൾ, എന്നല്ല സകലതും കഴിവനുസരിച്ച് ക്രമമായും കാര്യമായും ചെയ്യുവാൻ ഇവർ കാണിക്കുന്ന ഉത്സാഹം സവിശേഷമാണ്. പണമോ, സ്ഥാനമാനാദികളോ ഇവരെ ദുഷിപ്പിക്കുകയില്ല; ആദർശത്തിൽനിന്നു പിന്തിരിപ്പിക്കുകയുമില്ല. ഇതുപോലെ ആർജ്ജവബോധമുള്ള ഒരാളുടെ സേവനം ലഭിക്കുക ആക്കും വലിയൊരു ഭാഗ്യം തന്നെയാണ്. എന്തുകൊണ്ടെന്നാൽ, പറന്നുപോകുന്ന വികാരപരമ്പരകളിലല്ല, ധർമ്മാധിഷ്ഠിതമായ ആദർശങ്ങളുടെ ഉറപ്പിലാണു ഇവർ നില്ക്കുന്നതു്. ചതി, വഞ്ചന ഇതൊന്നും ഇവരിൽ കാണുകയില്ല. "വഞ്ചനയേക്കാൾ മരണം" ഇതാണ് അവരുടെ പ്രമാണം. മററുള്ളവരെ അധിക്ഷേപിച്ച് വേദനിപ്പിക്കുവാനോ അവരുടെ അവകാശങ്ങളിൽ കൈയിടാനോ ഇവർ പോകുക യില്ല. അങ്ങനെ എല്ലാംകൊണ്ടും "ദൈവത്തിൻെറ അനുഗ്രഹീതസൃഷ്ടിയാണു" സത്യസന്ധതയുള്ളവൻ എന്നു പറഞ്ഞാൽ അതു തികച്ചും അർത്ഥവത്താണ്.

## ദൃഢമനസ്കത

സത്സ്വഭാവരിൽ കാണേണ്ട മറെറാരു വിശിഷ്ടഗുണമാണ് ദൃഢമനസ്കത. മനശ്ശക്തി എന്നും ഇതിനു പേരുകൊടുക്കാം. എന്താണ് ഈ മനശ്ശക്തി? നല്ലതെന്നു ബോധപ്പെട്ട വസ്തു അനുഭവവേദ്യമാക്കുന്നതിനു പ്രേരിപ്പിക്കുന്ന ആ കഴിവാണു മനശ്ശക്തി അല്ലെങ്കിൽ ഇച്ഛാശക്തി. സദാ ചലിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രകൃതി

യാണു് മനുഷ്യമനസ്സിനുള്ളതു്. അതുകൊണ്ടു്, നമ്മുടെ മനസ്സു് എപ്പോഴും പലവിധത്തിലുള്ള പ്രവർത്തനപരിപാടികളുമായി കശപിശകൂട്ടുന്ന ഒരു സങ്കേതമാണെന്നു പറയാം. ഈ പ്രവർത്തനങ്ങളിൽ ചിലതു വെറും ഉപരിപ്ലവവും മററു ചിലതു സുചിന്തിതവും ആയിരിക്കും. ഈ മാനസികവ്യാപാരങ്ങളെ ആശ, ആഗ്രഹം, നിശ്ചയം എന്നു മൂന്നായി തരംതിരിക്കാം. "അതു ചെയ്യണം" "ഇതു ചെയ്യണം" എന്നിങ്ങനെയുള്ള തോന്നലുകളാണു്, അഥവാ അസ്പഷ്ടമായ ഒരുതരം ഇഷ്ടമാണു് ആശ എന്നു പറയാം. തുടന്നു് അതിനോടുള്ള മോഹം അല്ലെങ്കിൽ അഭിവാഞ്ഛയാണു് ആഗ്രഹം. എന്നാൽ, നിശ്ചയം ആശയേയും ആഗ്രഹത്തേയുംകാൾ ഉറപ്പേറിയതാണു്. ഏതെങ്കിലും ഒരു സംഗതി ചെയ്യണം, എങ്ങനെയെങ്കിലും കരസ്ഥമാക്കണം എന്നുള്ള ഉദ്ദേശ്യത്തോടുകൂടെ കരുതിക്കൂട്ടി ചെയ്യുന്ന പ്രതിജ്ഞയാണു നിശ്ചയം. മനസ്സിൻെറ ഈ സ്ഥിരനിശ്ചയത്തിനുള്ള ശക്തിയെ മനശ്ശക്തി അഥവാ ദൃഢമനസ്കത എന്നു വിളിക്കാം. മനസ്സിനെ, അതിൻെറ സ്വച്ഛന്ദഗതിയിൽനിന്നു തിരിച്ചു് ഏകാഗ്രമാക്കി ഗ്രാഹ്യവിഷയത്തിൽതന്നെ നിറുത്തുകയാണു് ദൃഢമനസ്കത ചെയ്യുന്നതു്. അങ്ങനെ ശരിയായ മനോനിയന്ത്രണം ഉണ്ടാകുന്നു.

ആശയേയും ആഗ്രഹത്തേയും 'നിശ്ചയം' ആയിട്ടു പലരും തെററിദ്ധരിക്കാറുണ്ടു്. മനസ്സിൽ തോന്നുന്നതെല്ലാം ശരിയാണു്, നല്ലതാണു് എന്നാണു് ഇവരുടെ ധാരണ. തൽഫലമായി, കാണുന്നതിലും കേൾക്കുന്നതിലുമെല്ലാം അവർ തലയിടുന്നു. ഒടുവിൽ പ്രവൃത്തിപഥത്തിൽ ഒന്നും വരികയില്ലതാനും. ഒരു മാതൃകാപുരുഷനു് ഒരിക്കലും ചേൎന്നതല്ല ഈ അനിശ്ചിതത്വം. അതുകൊണ്ടു്, മനസ്സിൻെറ ചാപല്യങ്ങൾക്കു വശംവദരാകാതെ,

നല്ലതും ശരിയുമായ തീരുമാനങ്ങൾക്കു വിലകല്പിക്കുക. വെറും തോന്നലുകൾക്കും ആഗ്രഹങ്ങൾക്കും വഴിപ്പെടാതെ സുദൃഢമായ നിശ്ചയത്തിനനുസരിച്ചു പ്രവർത്തിച്ചു ശീലിക്കണം. അപ്പോഴാണു നാം ദൃഢമാനസരായിത്തീരുക.

ദൃഢമനസ്കത സമ്പാദിക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. നിരന്തരമായ പരിശ്രമംകൊണ്ടേ അതു കരഗതമാകുകയുള്ളൂ. മററാക്കും സാധിച്ചുതരാവുന്ന ഒരു സംഗതിയുമല്ല അതു്. നമ്മുടെ മനസ്സിനെ എടുത്തു് അന്യരെ ഏല്പിക്കുവാനോ അവരെക്കൊണ്ടു മരുക്കിയെടുപ്പിക്കുവാനോ സാധ്യമല്ലല്ലോ. നാംതന്നെ പ്രവർത്തിച്ചേ തീരൂ. എല്ലാദിവസവും നമ്മുടെ മനസ്സിനെ ചെറിയചെറിയ കാര്യങ്ങളിൽ നിർബ്ബന്ധപൂർവ്വം ശ്രദ്ധിപ്പിക്കുകയാണു് ഏററവും പ്രായോഗികവും സുഗമവുമായ മാർഗ്ഗം. കൃത്യസമയത്തു രാവിലെ എഴുന്നേല്ക്കുക, ശുചിത്വം പാലിക്കുക, മിതമായി സംസാരിക്കുക, മിതമായി ഭക്ഷിക്കുക, ആശാനിഷേധങ്ങൾ ചെയ്യുക ഇവയെല്ലാം പ്രാരംഭപരിശീലനങ്ങളായി സ്വീകരിക്കാവുന്നവയാണു്. സ്വീകരിക്കുന്ന കൃത്യങ്ങൾ ക്രമമായും നിരന്തരമായും ചെയ്യണം. ഇപ്രകാരം മനസ്സിനെ ചെറിയചെറിയ സംഗതികളിൽ അനുദിനം പരിശീലിപ്പിക്കുന്നപക്ഷം തീർച്ചയായും കാലക്രമേണ ശരിയായ മനോനിയന്ത്രണം നമുക്കു സാംസിദ്ധമാകും.

സ്വാഭാവികമായി നമ്മിൽ പ്രകടമാകുന്ന വികാരങ്ങൾ, ഭാവഭേദങ്ങൾ, മററു അഭിവാഞ്ഛകൾ, ദുർവാസനകൾ ഇവയുടെമേൽ നമുക്കുള്ള നിയന്ത്രണശക്തിയിലാണു ദൃഢമനസ്കതയുടെ വിജയരഹസ്യം അടങ്ങിയിരിക്കുന്നതു്. മനുഷ്യൻ ആത്മശരീരങ്ങളോടുകൂടിയ

ഒരു സൃഷ്ടിയായിരിക്കുന്നിടത്തോളംകാലം ആത്മീയാസക്തികളും മൃഗീയവികാരങ്ങളും തമ്മിലുള്ള സംഘട്ടനം അവനിൽ എപ്പോഴും നടന്നുകൊണ്ടിരിക്കും. ഈ ഏററുമുട്ടലിൽ ഇരുപക്ഷത്തേയും നിയന്ത്രിച്ചു നേർവഴിക്കു തിരിക്കുവാൻ കരുത്തുള്ള ഒരു അധികാരശക്തി അത്യന്താപേക്ഷിതമാണ്. പ്രസ്തുതകൃത്യം നിർവ്വഹിക്കുവാനുള്ള കെല്പ് മനശ്ശക്തിക്കല്ലാതെ മറെറാന്നിനുമില്ല. മനുഷ്യനിലുള്ള സകല ശക്തികളേയും ഒരു സേനാനായകനെപ്പോലെ അടക്കി നിയന്ത്രിക്കുവാനുള്ള സാമർത്ഥ്യം മനസ്സിനുണ്ടാകണം. മനുഷ്യാത്മാവിനെ ഒരു യുദ്ധക്കളത്തോടു് ഉപമിച്ചുകൊണ്ടു് ഗോൾഡ്സ്മിത്തു പറയുകയാണ്: "അതിൽ സമരസന്നദ്ധരായ പടയാളികൾ ഇരുഭാഗത്തും നിരന്നു നില്ക്കുന്നു—ദുർഗ്ഗുണങ്ങളും, സൽഗ്ഗുണങ്ങളും! ഏതൊരു ദുർഗ്ഗുണത്തിനുമുണ്ടു് ബലമേറിയ ഒരു എതിർശക്തി—ഒരു സൽഗ്ഗുണം. അതുപോലെതന്നെ, ഏതൊരു സൽഗ്ഗുണത്തിനും ദുർഗ്ഗുണങ്ങളുടെ കരുത്തേറിയ ഒരു സംഘടിതശക്തിയുമുണ്ടു്."

മനശ്ശക്തിയെക്കുറിച്ചു റിക്ച്ചർ എന്ന മഹാൻ എഴുതുന്നു: "മനുഷ്യനിൽ പ്രബലമായ ഒരു ആത്മശക്തി ഒതുങ്ങി വസിക്കുന്നുണ്ടു്. അതു മനോവികാരങ്ങൾക്കു് ഒരു താങ്ങാണെന്നു് ആരെങ്കിലും പറയുന്നെങ്കിൽ പറഞ്ഞുകൊള്ളട്ടെ. പക്ഷേ, കൊട്ടുന്ന താളത്തിനൊക്കെ തുള്ളിക്കൊട്ടക്കുന്ന ഒരു മനസ്സിനെ, പ്രവർത്തനശക്തിയും സ്വാതന്ത്ര്യവുമില്ലാത്ത പിഞ്ചുകുഞ്ഞുങ്ങളോടോ ജയിൽപ്പുള്ളികളോടൊ ആണ് തുലനം ചെയ്യേണ്ടതു്. എന്നാൽ, പരമാർത്ഥം നേരെമറിച്ചാണ്. നമ്മിൽ കാണുന്ന കാടത്തങ്ങളെ വലിച്ചെറിഞ്ഞു പകരം സംസ്ക്കാരവും പരിഷ്ക്കാരവും സംസ്ഥാപിക്കുവാ

നുള്ള ഒരു ഊർജ്ജസ്വലശക്തിയാണു മനശ്ശക്തി. ഒരു സ്വേച്ഛാധിപതിക്കുള്ളത്ത അധികാരത്തോടും അഭിമാനത്തോടും 'ഞാനാണു രാജാവ്' എന്നു സ്വയം പ്രഖ്യാപിക്കുവാൻ അതിനു കഴിവുണ്ട്."

സ്വാഭാവികപ്രവണതകളുടെമേൽ പരമാധികാരം ഒരുവനു ലഭിക്കണമെങ്കിൽ, തന്നെ അടിമപ്പെടുത്തുന്ന പ്രതിബന്ധശൃംഖലകളെ കണ്ണികണ്ണിയായി അവൻ മുറിച്ചു മാററണം. അതുമാത്രം പോരാ, സ്വന്തം ശക്തികളെ ശരിയായി നിയന്ത്രിക്കുവാനും വശമാക്കിയിരിക്കണം. ആകയാൽ, ഇതിനുപരി പ്രസ്താവിക്കുവാൻ പോകുന്ന സംഗതികൾ ശ്രദ്ധിക്കുക. അവ മനോനിയന്ത്രണത്തിനു വളരെ സഹായകമായിരിക്കും.

ഒന്ന്: ചുററുപാടുകളുടെ അടിമയായിരിക്കരുതു നാം. ബാഹ്യാവസ്ഥകളുടേയും സാഹചര്യങ്ങളുടേയും ഗതിവിഗതികൾ കണ്ട് നാം അമ്പരന്നരുത്. ചിലരുണ്ട്, കാലാവസ്ഥയിൽ അല്പം മാററം കണ്ടാൽമതി, അവർക്കു ഭയമായി; കുറച്ചു വെയിലോ മഴയോ സഹിക്കേണ്ടിവന്നാൽ പിന്നെ പറയുകയുംവേണ്ടാ, താമസിയാതെ കാഞ്ഞുപോകുമെന്നായിരിക്കും വിചാരം. പാവങ്ങൾ! ഭീരുക്കൾ! വാസ്തവത്തിൽ പ്രതികൂല സന്ദർഭങ്ങളിലാണു മനുഷ്യമനസ്സിൻെറ ശക്തി പ്രകടമാകേണ്ടതു്. 'എന്തും വരട്ടെ നേരിടാൻ തയ്യാർ' എന്നായിരിക്കണം നമ്മുടെ മനോഭാവം. പ്രകൃതിയുടെ പ്രവർത്തനങ്ങളെ തടഞ്ഞുനിറുത്തുക എപ്പോഴും സാധ്യമല്ല. അവ പലപ്പോഴും നമ്മുടെ ശക്തിക്കതീതമായിരിക്കും. എന്നാൽ, അവയെ ക്ഷമയോടും സന്തോഷത്തോടുംകൂടി സഹിക്കുവാൻവേണ്ട ശക്തി നമുക്കുണ്ട്. ഒഴിച്ചുനിർത്തുവാൻ പാടില്ലാത്ത

വയെ സഹർഷം സ്വാഗതംചെയ്യുകയാണല്ലോ ബുദ്ധിപൂർവ്വകം. ഇങ്ങനെ പ്രതികൂലസാഹചര്യങ്ങളിലെല്ലാം ആദർശനിഷ്ഠയോടുകൂടി, പതറാതെ ജീവിക്കുവാൻ പരിശീലിച്ചിരിക്കുന്നതു വലിയ ഒരു നേട്ടമാണ്. അതിനുള്ള മനഃസ്ഥൈര്യം നാം സമ്പാദിച്ചിരിക്കണം, പ്രകൃതിയുടെ നേക്കു വെറുപ്പു കാണിക്കുന്നതു ബാലിശമാണ്. നമ്മെ നിർദ്ദയം ഉപദ്രവിക്കുന്ന ഒരു രാക്ഷസിയൊന്നുമല്ല പ്രകൃതി. ഏതു സാഹചര്യത്തിൽനിന്നും കഴിയുന്നത്ര ഗുണമെടുക്കാനായിരിക്കണം നമ്മുടെ ശ്രമം. പ്രകൃതിയുടെ സമ്മർദ്ദങ്ങൾപോലെതന്നെ നമ്മുടെ മനശ്ശക്തിയെ പരീക്ഷിക്കുന്ന മററു ചില ദുഃഖാനുഭവങ്ങളും നമുക്കു നേരിടാറുണ്ട്. ആകസ്മികമായ ചില വേർപാടുകൾ, ബന്ധുമിത്രാദികളുടെ അകാലമരണം, അത്യാഹിതം, പട്ടിണി, രോഗം ഇവയെല്ലാം വാസ്തവത്തിൽ അരോചകങ്ങളാണ്; ചിലപ്പോൾ മർമ്മഭേദകങ്ങളുമാണ്. പക്ഷേ, ഈ സന്ദർഭങ്ങളിൽ നാം അവിവേകത്തോടെ വെപ്രാളപ്പെടുന്നതുകൊണ്ടു എന്തു ഗുണമാണുള്ളത്? ഒന്നുമില്ല. ഗുണത്തേക്കാൾ ദോഷമാണു മിക്കവാറും ഉണ്ടാവുക. അതിനാൽ, ഈവിധ സാഹചര്യങ്ങളിലും നാം ചഞ്ചലരാകാതെ, ഭീരുക്കളാകാതെ ധീരചിത്തരായി നില്ക്കണം.

രണ്ട്: ബഹുജനങ്ങളെ പ്രീതിപ്പെടുത്തുവാൻവേണ്ടി മാത്രമുള്ളതായിരിക്കരുതു നമ്മുടെ ജീവിതവും പ്രവൃത്തികളും. ഏതാനും ചില വ്യക്തികളുടെ ഇഷ്ടത്തിനുവേണ്ടി പ്രവർത്തിക്കുവാൻ തുടങ്ങിയാൽ നമ്മുടേതായ ഒരാദർശത്തിൽ ഉറച്ചുനില്ക്കുവാൻ പററുകയില്ല; ഒരു മാതൃകാപുരുഷനായിരിക്കുക സാധ്യവുമല്ല. അതിനാൽ, ചെറുപ്പത്തിലേതന്നെ ഈ പ്രശംസാപ്രേമം നാം കൈവെ

ടിയണം. "മററുള്ളവർ എന്തു വിചാരിക്കും? അവർ കാണുകയില്ലേ? ഇവർ പരിഹസിക്കുകയില്ലേ?" എന്നെല്ലാം ശങ്കിച്ചു സ്വന്തം ചുമതലകളെ മാത്രമല്ല, മതകർമ്മങ്ങളെപ്പോലും ഉപേക്ഷിക്കുന്നതു സംസ്കാരത്തിൻെറ അല്ല, ഭീരുത്വത്തിൻേറയും പൊണ്ണത്വത്തിൻേറയും ലക്ഷണമാണു്. സ്നേഹിതന്മാരുമായുള്ള ബന്ധം അയഞ്ഞുപോകുമെന്നുള്ള വിചാരത്താൽ കർത്തവ്യത്തെ അവഗണിക്കുവാനും സദാചാരബോധത്തെ ആഹുതി ചെയ്യുവാനും ഈ പ്രശംസാഭിലാഷം പ്രേരിപ്പിക്കാറുണ്ട്. ഇവർ പൊതുജനസമ്മതിക്കുവേണ്ടി സ്വന്തം മനസ്സാക്ഷിയെപ്പോലും വിസ്മരിച്ചുകളയുന്നു. സ്തുതിക്കും പേരിനും വേണ്ടി എന്തെന്തു് ഏടാകൂടങ്ങളാണു് ഇവർ വലിച്ചു കൂട്ടിവെയ്ക്കാറുള്ളതെന്നതിനു് ഒരു കണക്കുമില്ല, ആത്മാർത്ഥതയില്ലാത്ത പുഞ്ചിരിയിലും കൈയടിയിലും വിശ്വസിച്ചുപോകുന്ന മനുഷ്യൻ ഭാവിയിൽ ഒന്നിനും കൊള്ളുകയില്ലാത്ത പുകഞ്ഞ ഒരു തീക്കൊള്ളിയായിരിക്കും. ആകയാൽ, പൗരുഷവും ആദർശവും കൈവിടാതെ ജീവിക്കുക. മനുഷ്യത്വം കാണിച്ചു് അഭിമാനത്തോടെ ജീവിക്കുക.

മൂന്നു്: അപകടകരങ്ങളായ സഹവാസങ്ങളിൽനിന്നു വിമുക്തരായിരിക്കുക. അശ്ലീലങ്ങളും അപഹാസ്യങ്ങളുമായ സംസാരങ്ങളിൽനിന്നും വിമർശനങ്ങളിൽനിന്നും നാം കഴിയുന്നത്ര അകന്നു നില്ക്കണം. നമ്മെ വിമർശിക്കുകയോ പരിഹസിക്കുകയോ ചെയ്യുന്ന ഒരു സാഹചര്യത്തിൽ അകപ്പെട്ടാൽതന്നെ അക്ഷോഭ്യരായി, ശാന്തതയും സൗമ്യതയും കൈവെടിയാതെ നാം പെരുമാറണം; അപമര്യാദയായി പ്രവർത്തിക്കുന്നവരുടെനേർക്കു പ്രതികാരമനോഭാവമോ അസ്വസ്ഥതയോ പ്രകടിപ്പി

ക്കുന്നതു ഗുണത്തിനെന്നതിനേക്കാൾ ദോഷത്തിനേ കാരണമാവൂ.

യുവജനങ്ങൾക്കു കൂടുതൽ ആപത്തു വരുത്തിവയ്ക്കുന്ന വേറൊരു സാഹചര്യംകൂടിയുണ്ട്; തികച്ചും അനർത്ഥകമായ ഒരുവക സംസർഗ്ഗം. ജഡികസന്തോഷങ്ങൾക്കു വേണ്ടിയുള്ള ക്ഷണഭംഗുരവും അധമവുമായ സഹവാസമാണതു്. ഈ കൂട്ടുകെട്ടിൽനിന്നു മാറിനില്ക്കുവാൻ പ്രത്യേകം സൂക്ഷിക്കണം. ഉപദ്രവകരമായ ഈ സംസർഗ്ഗത്തെക്കുറിച്ചു പ്രസിദ്ധ പണ്ഡിതനും മനഃശ്ശാസ്ത്രവിദഗ്ദ്ധനുമായിരുന്ന ഫ്രാൻസീസ്സാലസ് എഴുതിയിരിക്കുന്ന വാക്കുകൾ കേട്ടാലും: "ഇന്ദ്രിയ വികാരങ്ങളുടെ സന്തോഷസംതൃപ്തികളെമാത്രം ആസ്പദമാക്കിയുള്ള സ്നേഹം നീചവും നികൃഷ്ടവുമാണു്. അതു യഥാർത്ഥ മൈത്രി എന്ന പേരുപോലും അർഹിക്കുന്നില്ല. വെറും ശരീരസൗന്ദര്യത്തേയും മററു സ്വാഭിലാഷങ്ങളേയും മുൻനിറുത്തി യുവതീയുവാക്കന്മാർ കെട്ടിക്കൂട്ടുന്ന സ്നേഹബന്ധങ്ങൾ ഈ വകുപ്പിൽപ്പെട്ടതാണു്. അതു നിഷ്ക്കളങ്കവും സുദൃഢവുമാണെന്നു് അവർ വാദിച്ചേക്കും. പക്ഷേ, തെററാണു." ഈവക കൂട്ടുകെട്ടും ജീവിതവും യൗവനത്തെ നശിപ്പിക്കുക മാത്രമല്ല ഭാവിജീവിതത്തെപ്പോലും അപകടത്തിലാക്കുകയും ചെയ്യുന്നു.

അതിനാൽ, സത്സ്വഭാവനാകുവാൻ ആഗ്രഹിക്കുന്ന ആൾ ഇങ്ങനെയുള്ള മമതകളിൽ അകപ്പെടരുതു്.

സ്നേഹിതന്മാർ നമുക്കാവശ്യമാണു്; പക്ഷേ, നമ്മുടെ സ്നേഹിതന്മാരെ തിരഞ്ഞെടുക്കുന്നതു വിവേകപൂർവ്വം ആലോചിച്ചായിരിക്കണം. കാരണം, പലപ്പോഴും നമ്മുടെ ജയാപജയങ്ങൾ സ്നേഹിതന്മാരുടെ സ്വഭാവ

ത്തിനനുസൃതമായിരിക്കും. ഒരാളെ സ്നേഹിതനായി സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ തിടുക്കം കൂട്ടരുതു്. ആദ്യമായി അയാളെപ്പററി അവഗാഢം പഠിക്കുക. അയാളുടെ ആഭ്യന്തരജീവിതത്തേയും നടപടികളേയും സസൂക്ഷ്മം പരിശോധിക്കുക. നല്ല ആളെന്നു ബോധപ്പെട്ടെങ്കിൽ മാത്രമേ അയാളുമായി ഉററ സ്നേഹബന്ധത്തിൽ ഏർപ്പെടാവൂ. "ദൈവദ്രോഹി മനുഷ്യസ്നേഹി ആയിരിക്കുകയില്ല." "ദൈവവഞ്ചകൻ തൻെറ അയൽക്കാരനെ ആത്മാർത്ഥമായി സ്നേഹിക്കുമെന്നു വിചാരിക്കരുതു്." എന്നീമഹദ്വാക്യങ്ങൾ മറന്നുകളയരുതു്. വെറും ലൌകായതികന്മാരും വിഷയലമ്പടന്മാരുമായി മൈത്രീബന്ധത്തിനു പോകരുതു്. "വഷളന്മാരെ സ്നേഹിക്കുന്നവൻ വഷളാകാതിരിക്കുവാൻ തരമില്ല." ഒരു സ്നേഹിതനെ തിരയുമ്പോൾ രൂപലാവണ്യത്തിനും വേഷഭൂഷണങ്ങൾക്കും സരസസംഭാഷണങ്ങൾക്കും അല്ല സ്ഥാനം കൊടുക്കേണ്ടതു്; വിശിഷ്ടഗുണങ്ങൾ പ്രശോഭിക്കുന്ന വ്യക്തിവിലാസം ഉണ്ടോ എന്നാണു നോക്കേണ്ടതു്. താദൃശർക്കുമാത്രമേ യഥാർത്ഥ സ്നേഹിതന്മാരായിരിക്കുവാനുള്ള ധാർമ്മികശക്തിയുള്ളു. അതുപോലെതന്നെ, "നിന്നെ എപ്പോഴും സ്തുതിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നവനല്ല, നിൻെറ തെററുകളെ തിരുത്തുകയും ബലഹീനതകളെ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നവനാണു് നിൻെറ ഉത്തമസ്നേഹിതൻ" എന്ന സാരസംപൂർണ്ണമായ വാക്യം ഒരിക്കലും വിസ്മരിക്കരുതു്.

നാലു്: ദൃഢമനസ്കത സമ്പാദിക്കുവാൻ അവശ്യം അനുഷ്ഠിക്കേണ്ട സംഗതികൾ പറഞ്ഞുകഴിഞ്ഞു. പക്ഷേ, അതുകൊണ്ടുമായില്ല. പ്രതികൂലസാഹചര്യങ്ങളി

ല്യം സന്ദർഭങ്ങളിലും മനോനിയന്ത്രണം പാലിക്കുവാൻ ശക്തനായതുകൊണ്ടോ അവിഹിതങ്ങളായ സംസർഗ്ഗ ങ്ങളിൽനിന്നു വിമുക്തനായതുകൊണ്ടോ ജയിച്ചുപോയി എന്നു വിചാരിക്കരുത്, ഇവയ്ക്കൊപ്പം പ്രാധാന്യമേറി യ ഒരു സംഗതികൂടിയുണ്ട്. അതായത്, സ്വന്തം വി കാരങ്ങളേയും വാസനകളേയും പിടിച്ചുനിറുത്തി നിയ ന്ത്രണാധീനമാക്കുക ഇതാണ് ഏററം വിഷമം. എ ന്നാൽ, അവനവനെത്തന്നെ ജയിച്ചടക്കി ഭരിക്കുവാനു ള്ള കഴിവിലാണു യഥാർത്ഥവിജയം സ്ഥിതിചെയ്യുന്ന തെന്നു നാം മനസ്സിലാക്കണം. മറെറന്തെല്ലാം യോഗ്യ തകളും ശക്തികളും ഉണ്ടെങ്കിലും ഈ നിയന്ത്രണശ ക്തി ഇല്ലെങ്കിൽ ഒരു ഫലവുമില്ല. "തന്നെത്തന്നെ പിടിച്ചടക്കുവാൻ അശക്തനായിപ്പോയി" എന്നതായി രുന്നു അഖിലലോകത്തെയും ആലിലപോലെ വിറപ്പി ച്ച നെപ്പോളിയൻ ചക്രവത്തിയുടെ പരാജയത്തിനു കാരണം.

## പരസ്നേഹം

സൽസ്വഭാവത്തിനു അതിപ്രധാനമായ മറെറാരു ഗുണംകൂടിയുണ്ട്. അതിനെ അനുകമ്പ, ദീനദയാലു ത്വം, സഹാനുഭൂതി എന്നെല്ലാം വിളിക്കാം. എങ്കിലും പരസ്നേഹം ആണെന്നുതോന്നുന്നു അതിനു പററിയ പേരു്. ഒരാധുനികചിന്തകൻ ഇങ്ങനെ പറയുന്നു: "ആത്മധൈര്യംകൊണ്ടുമാത്രം മഹാകാൎയ്യങ്ങൾ ചെയ്യാ മെന്നു നാം വിശ്വസിക്കരുതു്. സ്നേഹമസൃണമായ ഒരു ഹൃദയംകൂടെവേണം. സ്നേഹശൂന്യമായ ഹൃദയം കഠിനമായിരിക്കുമെന്നുമാത്രമല്ല, ഉപദ്രവകരവുമായിരി ക്കും. എത്രനല്ല ഒരു മനശ്ശക്തി നമുക്കുണ്ടെങ്കിലും അ

തു നഗ്നമായ ഒരസ്ഥിപഞ്ജരം മാത്രമാണ്. ജീവചൈതന്യമുള്ള മാംസപേശികളാൽ ഈ എല്ലിൻകൂട്ടം പരിപോഷിപ്പിക്കപ്പെടണം. അല്ലാത്തപക്ഷം, അതു മനുഷ്യനെ ഭയപ്പെടുത്തും." അതേ, സുദൃഢമായ ഒരു മനസ്സു നമുക്ക് അപരിത്യാജ്യമാണെങ്കിലും അതു ഹൃദയത്തിൻെറ ഉള്ളറയിൽനിന്ന് ഉയൻവരുന്ന സ്നേഹമസൃണമായ സ്പന്ദനങ്ങളാൽ സദാ ഊഷ്മളമായതായിരിക്കണം. എന്താണ് ഈ പരസ്നേഹം? "അന്യക്കുവേണ്ടി ആത്മാർപ്പണംചെയ്യുക" അതാണു യഥാർത്ഥപരസ്നേഹം. സഹജീവിയെ താനെന്നുകരുതി അവനു കഴിവുള്ള സകല സഹായങ്ങളും സസന്തോഷം ചെയ്തുകൊടുക്കുക എന്നതു പരസ്നേഹത്തിൻെറ പ്രത്യേകതയാണ്. ഏതു കാര്യത്തിലും ഏതു സന്ദർഭത്തിലും സൗമ്യതയും മാധുര്യവും മനോഹാരിതയും പകരുവാനുള്ള ശക്തി ഈ സ്നേഹത്തിനുണ്ട്. ചുരുക്കത്തിൽ, "എല്ലാവർക്കും എല്ലാമായിത്തീരുവാ"നുള്ള സന്നദ്ധതയാണു പരസ്നേഹം എന്നു പറയാം. അതിനാൽ, ഈ വിശിഷ്ടഗുണത്തിൻെറ മാഹാത്മ്യം മനസ്സിലാക്കി, നമ്മുടെ വിചാരം, സംസാരം, പ്രവൃത്തി എന്നിവയെ തദനുസൃതമാക്കുവാൻ ശ്രമിക്കാം.

## സദ്വിചാരം

വാക്കുകളുടേയും പ്രവൃത്തികളുടേയും ഉറവിടമാണു വിചാരം. നമ്മുടെ ചിന്ത ഏതുവഴിക്കോ അതിലേതന്നെ പോകും നമ്മുടെ ബാഹ്യജീവിതവും. "ഹൃദയസമൃദ്ധിയിൽനിന്ന് അധരങ്ങൾ സംസാരിക്കുന്നു" എന്ന മഹദ്വാക്യം അർത്ഥസമ്പൂർണ്ണമാണ്. നമ്മുടെ ഹൃദയം സദ്വിചാരങ്ങളുടെ കേന്ദ്രമായിരിക്കണം. മററുള്ള

വരെക്കുറിച്ചു നന്മയും സന്തോഷവും മാത്രമേ നമ്മുടെ ഉള്ളിൽ കടന്നുകൂടാവൂ. ഇങ്ങനെ പരിശീലിക്കുന്നതു കൊണ്ടു നാം അധഃപതിക്കുകയില്ല; ഉത്തരോത്തരം ഉയരുകയേയുള്ളു.

## നല്ലവാക്കുകൾ

പരാജയം എന്തെന്നറിയാത്ത ഒരു ശക്തി ലോകത്തിലുണ്ട്. അജയ്യവും അഭികാമ്യവുമായ ആ ശക്തി സ്നേഹമസൃണമായ വാക്കുകളുടേതല്ലാതെ മറെറാന്നുമല്ല. കരുണാസമ്പൂർണ്ണമായ വാക്കുകൾ! അവയുടെ മുമ്പിൽ ചലിക്കാത്ത ഹൃദയമില്ല; മയങ്ങാത്ത ശത്രുവില്ല. ഏതു വജ്രഹൃദയത്തേയും ഉരുക്കിയെടുക്കുവാനുള്ള കരുത്തു സ്നേഹപുരസ്സരമായ ഒരു വാക്കിനുണ്ട്. വ്യക്തികൾക്കും കുടുംബങ്ങൾക്കും ആശ്വാസവും ആനന്ദവും നൽകുവാൻ സ്നേഹം നിറഞ്ഞ വാക്കുകൾക്കേ സാധിക്കൂ. ശാരീരികധാർമ്മികവ്രണങ്ങളെ പൊറുപ്പിച്ചു ആശ്വാസമരുളുന്ന ദിവ്യതൈലമാണു നമ്മുടെ അധരങ്ങളിൽ തങ്ങിനിൽക്കുന്ന ആ നല്ലവാക്ക്. സ്നേഹാർദ്രമായ ഒരു നോട്ടം, അകളങ്കമായ ഒരു പുഞ്ചിരി, അനുകമ്പാപൂർവ്വമായ ഒരു തലോടൽ, ഹാ! പ്രാണവേദനയിൽ കിടന്നു അവശനും ആർത്തനുമായി പിടയുന്ന സഹോദരനെ സ്വർഗ്ഗാനുഭൂതിയിലേക്കുയർത്തുവാൻ ഇവയ്ക്കുള്ള കരുത്ത് ആരു കണ്ടിരിക്കുന്നു!

## കരുണാർദ്രമായ പ്രവൃത്തി

"വാക്കുകൾ പ്രേരിപ്പിക്കുന്നു, പ്രവൃത്തികൾ വശീകരിക്കുന്നു." സ്നേഹമസൃണമായ വാക്കുകളുടെ ശക്തി

നിസ്സൂലമെങ്കിൽ അതിനെ കവിഞ്ഞുനില്ക്കുന്ന പരസ്നേഹപ്രവൃത്തികളുടെ ശക്തി. മഹാമനസ്ക്കതയുടേയും ആത്മാർത്ഥതയുടേയും ആഴത്തിൽനിന്നുയരുന്ന സേവനത്തെ തട്ടിക്കളയുക ആക്കും സാധ്യമല്ല. മഹാനായ സെനക്ക പറയുന്നു: "അന്യനു് ഉപകാരം ചെയ്യുന്നവൻ തനിക്കുതന്നെ വലിയ ഉപകാരം ചെയ്യുകയാണു്. അതിൻെറ ഫലം കൊണ്ടുമാത്രമല്ല ആ പ്രവൃത്തിയിൽതന്നെ ഒരു വലിയ ഗുണം, എന്തെന്നില്ലാത്ത ഒരു മാധുര്യം അടങ്ങിയിട്ടുണ്ടു്. നല്ലതു ചെയ്യുന്നു എന്ന ആചാരിതാർത്ഥ്യംതന്നെ മതിയായ പ്രതിഫലമാണല്ലോ." ലോർഡ് സ്റ്റിവൻസൻെറ വാക്കുകൾ ഇതിനേക്കാൾ ശ്രദ്ധേയമാണു്: "ഒരേ ഒരു പ്രാവശ്യമേ എനിക്കീലോകയാത്ര സാധിക്കുകയുള്ളു. അതിനാൽ, എന്തെങ്കിലും നന്മ ചെയ്യണമെന്നുണ്ടെങ്കിൽ അതു ഞാൻ ഇപ്പോൾതന്നെ ചെയ്യേ മതിയാവൂ ഈ യാഥാർത്ഥ്യം ഞാൻ വിസ്മരിക്കുകയില്ല; കാരണം, ഇനി ഈ വഴിയിലൂടെ ഞാൻ തിരിച്ചുവരികയില്ല." ഈ വാക്കുകളനുസരിച്ചു നമ്മളും പ്രവർത്തിക്കുന്നുവെങ്കിൽ നമ്മുടെ നശ്വരമായ ലോകയാത്രയും നിഷ്ഫലമാവുകയില്ല.

## കുലീനത്വം

സത്സ്വഭാവത്തിനുവേണ്ട മറെറാരു വിശേഷമാണു കുലീനത്വം അഥവാ, തറവാടിത്തം. അതാണു മനുഷ്യൻെറ "ധാർമ്മിക പടച്ചട്ട." ഏതൊരു മനുഷ്യൻേറയും വിലയും അന്തസ്സും അവൻെറ നല്ലനടത്തയെ ആശ്രയിച്ചിരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. സംസ്കാരസമ്പന്നരാകുവാനാഗ്രഹിക്കുന്ന ഓരോരുത്തരും

തങ്ങളുടെ വസ്ത്രധാരണം, നടപ്പ്, സംസാരം മററു പെരുമാററങ്ങൾ എന്നിവയെല്ലാം സാംസ്കാരികമാണോ, തങ്ങളുടെ വിലയും നിലയും ചേർന്നവിധമാണോ എന്നു പ്രത്യേകം സൂക്ഷിക്കണം. "ഓരോരുത്തരുടേയും തനിനിറം പ്രതിബിംബിപ്പിച്ചു കാണിക്കുന്ന കണ്ണാടിയാണ് അവരവരുടെ പെരുമാററം" എന്നു സുപ്രസിദ്ധ ചിന്തകനായ ഗീഥെ പറഞ്ഞിരിക്കുന്നതു തികച്ചും വാസ്തവമാണ്. അത്രയ്ക്കു വിലയേറിയ ഒരു ഗുണമാണു കുലീനത്വം. ഈ കുലീനത്വം വെറും പുറംപൂച്ചുകൊണ്ടു പ്രകാശിപ്പിക്കാമെന്നു വിചാരിക്കരുത്. അതു ഹൃദയത്തിൽനിന്നുതന്നെ ബഹിർഗ്ഗമിക്കേണ്ടിയിരിക്കുന്നു. അകംപോലെയാണല്ലോ പുറവും. അതിനാൽ, ആദ്യമായി ഒരു നല്ല മനസ്സാക്ഷിയും സഹാനുഭൂതിയും സൗമനസ്യവും പരസ്നേഹവും നിറഞ്ഞൊഴുകുന്ന ഒരു സ്വഭാവം ഭംഗിയായി രൂപീകരിക്കുക. അപ്പോൾ നൈസർഗ്ഗികമായിതന്നെ നമ്മുടെ പെരുമാററങ്ങൾ ഉൽകൃഷ്ടങ്ങളായിക്കൊള്ളും.

# മൂന്നാം അധ്യായം

# പ്രകൃതി

## (TEMPERAMENT)

സ്വഭാവരൂപവൽക്കരണത്തിനു സഹായകമായി നില്ക്കുന്ന ഘടകങ്ങളെക്കുറിച്ചാണ് ഇതിനുപരി ചിന്തിക്കാനുള്ളത്. പ്രകൃതി, പരിശീലനം, വ്യക്തിപരമായ പരിശ്രമം എന്നിവ സ്വഭാവരൂപവൽകരണത്തിൽ വിസ്മരിക്കാൻ പാടില്ലാത്ത മൂന്നു സംഗതികളാണ്. ഇവയിൽ പ്രകൃതിക്കാണു പ്രഥമസ്ഥാനം. ഏതൊരു സ്വഭാവത്തിൻേറയും അടിത്തറയാണത്. പരിശീലനവും പരിശ്രമവും സ്വഭാവസംസ്ക്കരണത്തിനുള്ള രണ്ടു ഉപകരണങ്ങളാണെന്നേ പറയാൻ പാടുള്ളൂ. അതുകൊണ്ടു ആദ്യമായി പ്രകൃതിയെപ്പററി പ്രതിപാദിക്കാം.

ഒരാളുടെ പ്രകൃതി അയാളുടെ ശരീരഘടനയെ ആശ്രയിച്ചാണിരിക്കുന്നതു്. രക്തമാംസാദികളുടെ സങ്കലനഫലമാണു ശരീരം. ശരീരത്തിലുള്ള ജീവകോശങ്ങളുടെ ശക്തിയും തരവുമനുസരിച്ച് ഓരോ വ്യക്തിയുടേയും സവിശേഷത പ്രകടമാകുന്നു. ഇങ്ങനെ ഒരു മനുഷ്യനു സ്വന്തം ശരീരഘടനയിൽനിന്നു കരഗതമാകുന്ന ആ പ്രത്യേകതയ്ക്കു പ്രകൃതി എന്നു പറയുന്നു. ശരീരത്തിലെ രക്തധമനികളുടേയും പിത്താംശങ്ങളുടേയും വൈവിധ്യമനുസരിച്ചു പ്രകൃതികളും വ്യത്യസ്തമാകും. അങ്ങനെ വിവിധ പ്രകൃതികൾ സംജാതമാകുന്നു.

പ്രകൃതിയും സ്വഭാവവും തമ്മിൽ വ്യത്യാസമുണ്ട്. പ്രകൃതി ജന്മസിദ്ധമാണ്. എന്നാൽ, സ്വഭാവം ഒരു ആജ്ജിതഗുണമാണ്. നൈസർഗ്ഗികവാസനകളെ, അഥവാ, ചാച്ചില്യകളെ ശരിയായ വിദ്യാഭ്യാസവും മനഃശക്തിയുംകൊണ്ടു നേരാംവണ്ണം നിയന്ത്രിക്കപ്പെടുമ്പോൾ മാത്രമേ സ്വഭാവം കൈവരികയുള്ളു. അതുകൊണ്ടത്രേ പ്രകൃതി ജന്മായത്തമാണെന്നും സ്വഭാവം കമ്മായത്തമാണെന്നും പറയുന്നതു്.

## പ്രധാനപ്രകൃതികൾ

ശരീരത്തിലുള്ള വിവിധ ഭൗതികവസ്തുക്കളുടെ ഏററക്കുറവനുസരിച്ചു വിവിധതരത്തിലുള്ള പ്രകൃതികൾ കാണപ്പെടുന്നു. മനഃശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ പ്രധാനമായി നാലുതരം പ്രകൃതികളാണുള്ളതു്.

### 1 തീക്ഷ്ണപ്രകൃതി (Sanguine temperament)

ഈ പ്രകൃതിയുള്ളവരുടെ വികാരങ്ങൾ പെട്ടെന്നു ഉണരുകയും ആ ഉണർവിനോടൊപ്പം അവർ മുന്നോട്ടു കുതിക്കുകയും ചെയ്യുന്നു. പക്ഷേ, ഇവർ ഉപരിപ്ലവബുദ്ധികളാകയാൽ താമസിയാതെ തന്നെ തളർന്നുപോകും. ഒരു കാര്യം ഗൗരവപൂർവ്വം മനസ്സിൽ പിടിച്ചുനിറുത്തി പ്രവർത്തിക്കുവാൻ ഇവക്കു കെല്പില്ല.

### 2 ക്രോധപ്രകൃതി (Choleric temperament)

ഇവരും വികാരവിജൃംഭിതരാണ്. വികാരങ്ങൾ പെട്ടെന്നു് ഇളകിവശാകുന്നു. എന്നാൽ, ഒരു വിശേഷമുണ്ടു്. കുറച്ചുകൂടി സ്ഥിരതയും ചിന്താശക്തി

യും ഇവക്കുണ്ട്. പൊതുവെ, പ്രവത്തനോന്മുഖരാണി വർ. വിപ്ലവാസക്തിയും, ഉൽപതിഷ്ണുത്വവും ഒട്ടും കുറവായിരിക്കയില്ല.

### 3 മ്ലാനപ്രകൃതി (Melancholic temperament)

ഈ പ്രകൃതിയുള്ളവരുടെ വികാരങ്ങൾ സാവകാശത്തിലേ ചൂടുപിടിക്കുകയുള്ളു. ചിന്തയും വീണ്ടുവിചാരവും അലസതയുമാണ് ഇവരിൽ ഒററനോട്ടത്തിൽ കാണാവുന്നതു്.

### 4. മന്ദപ്രകൃതി (Phlegmatic temperament)

ഒരുതരം നനഞ്ഞ ശീലമാണിവരുടേതു്. വികാരങ്ങൾ തീരെ തണുത്തതു്. പ്രവൃത്തികൾ വളരെ സാവധാനം. ജീവിതത്തോടു പൊതുവേ ഒരലക്ഷ്യമനോഭാവവും.

### പ്രകൃതികൾ തിരിച്ചറിയുവാൻ

നമുക്കു നമ്മുടെതന്നേയും മററുള്ളവരുടേയും പ്രകൃതികൾ ഏറെക്കുറെ തിരിച്ചറിയുവാൻ-നിണ്ണയിക്കാൻ-സാധിക്കും. ഏററം എളുപ്പമാഗ്ഗം നമ്മുടെ വികാരങ്ങളുടെ ഗതി നോക്കുകയാണ്. ആഹ്ലാദപ്രദമോ അതൃപ്തികരമോ ദുഃഖജനകമോ ആയ എന്തെങ്കിലും കേൾക്കുകയോ കാണുകയോ ചെയ്യുമ്പോഴാണല്ലോ നമ്മുടെ വികാരങ്ങൾ ഉണരുന്നതു്. തദവസരത്തിൽ പ്രത്യക്ഷമാകുന്ന ഭാവഭേദത്തിൽനിന്നു് ഓരോരുത്തരുടേയും പ്രകൃതി മനസ്സിലാക്കാം. വേറൊരുപായവും ഉണ്ടു്. ഒരുവൻ അധിക്ഷേപിക്കപ്പെടുകയോ ഉപദ്രവിക്കപ്പെടുകയോ ചെയ്താൽ എങ്ങനെ പെരുമാറുന്നെന്നു സൂക്ഷിക്കുക.

ക്ഷണനേരംകൊണ്ടു വികാരാധീനനാകുകയോ ഉടൻതന്നെ തോന്നിയതു പ്രവർത്തിക്കുകയോ ചെയ്യുന്നുവെങ്കിൽ, അഥവാ, പെട്ടെന്നു വൈരാഗ്യബുദ്ധിയാവുകയും താമസിയാതെതന്നെ ശാന്തനായി ക്ഷമിക്കുകയും ചെയ്യുന്നെങ്കിൽ നിങ്ങളുടേതു തീക്ഷ്ണപ്രകൃതിയാണെന്നു വിധിക്കാം. എന്നാൽ, ചൂടേറിയ വികാരങ്ങളോടൊപ്പം സംഗതിയുടെ ഗൗരവവും മനസ്സിലാക്കിക്കൊണ്ടു പ്രവർത്തനോന്മുഖനാവുകയാണു ചെയ്യുന്നതെങ്കിൽ നിങ്ങൾക്കു ക്രോധപ്രകൃതിയാണ്. നിങ്ങളുടേതു ഗ്ലാനപ്രകൃതിയാണെങ്കിൽ വികാരങ്ങൾ പെട്ടെന്നുജ്വലിക്കുകയില്ലെങ്കിലും തലച്ചോറും മനസ്സും വിശ്രമമില്ലാതെ പുകച്ച് അധീരനും സംശയാലുവും ആകും. എന്നാൽ, മന്ദപ്രകൃതി ആയാലോ? ആര് എന്തുചെയ്താലും പറഞ്ഞാലും അനങ്ങാതെ, കുലുങ്ങാതെ തണുത്തു മുന്നോട്ടു നീങ്ങും. പക്ഷേ, ഈ തണുപ്പു സാവധാനം ചൂടായി മാറാറുണ്ട്, എങ്കിലും മററുള്ളവരെ ഉപദ്രവിക്കണമെന്നോ ചതിക്കണമെന്നോ ആഗ്രഹിക്കുകയില്ല.

ചിലർ മുഖത്തുനോക്കി കണ്ണിൻെറ ചലനങ്ങളും വ്യത്യാസങ്ങളും കണ്ടു, പ്രകൃതി ഏതാണെന്നു നിശ്ചയിക്കാറുണ്ട്. നല്ല തെളിവും ജീവനും ഉള്ള കണ്ണുകളായിരിക്കും തീക്ഷ്ണപ്രകൃതികൾക്കുള്ളതു്. ക്രോധപ്രകൃതിയുള്ളവരുടെ കണ്ണുകളിൽ ഊർജ്ജസ്വലതയും ഗാംഭീര്യവും സ്ഫുരിച്ചുനില്ക്കും. ഗ്ലാനപ്രകൃതിയുള്ള മനുഷ്യൻെറ കണ്ണു കണ്ടാൽ ഇപ്പോൾ കരയുമെന്നുതോന്നും. അത്രയ്ക്കു ശോകച്ഛായയാണ് അവരിൽ. മന്ദപ്രകൃതിയുടെ കണ്ണുകൾ വാടിത്തളർന്നു ജീവനില്ലാത്ത മട്ടിലായിരിക്കും.

ഇതൊന്നുംവേണ്ടാ, ഒരുത്തൻെറ നടപ്പുകണ്ടാൽ അയാളുടെ പ്രകൃതി ഏതാണെന്നു നിർണ്ണയിക്കുവാൻ കഴി

യുമെന്നു് അഭിപ്രായപ്പെട്ടുന്നവരുണ്ടു്. അവരുടെ അഭിപ്രായത്തിൽ, തീക്ഷ്ണപ്രകൃതിയുള്ള ആൾ ഏതുസമയവും വളരെ തിട്ടക്കത്തിലേ നടക്കുകയുള്ളു; അവൻ നടക്കുകയല്ല, ഓട്ടുകയാണത്രെ! ക്രോധപ്രകൃതികൾ ഏകദേശം പട്ടാളമുറയ്ക്കാണു നടക്കുന്നതു്, അത്രയ്ക്കു ക്രമവും തൻേറടവുമാണു് അവരുടെ കാൽവെപ്പിൽ. ഇനി മ്ലാനപ്രകൃതികൾ: അവർ വളരെ ആലോചിച്ചേ ഓരോ അടിയും വയ്ക്കുകയുള്ളു. ഒരു ചിന്തകൻെറ മട്ടുണ്ടു് അവരുടെ നടപ്പിൽ. മന്ദപ്രകൃതികളുടെ നടപ്പു ബഹുവിശേഷമാണു്: ആടി ആടി, മററാരോ നിർബ്ബന്ധിച്ചു നടത്തുന്നതുപോലെയാണു് അവർ പോകുന്നതു്.

ഇപ്പോൾ ഈ നാലു പ്രധാന പ്രകൃതികളെ തിരിച്ചറിവാൻ ഏതാണ്ടൊരു ജ്ഞാനം നമുക്കു കിട്ടിക്കഴിഞ്ഞു. ഓരോരുത്തരുടേയും പ്രകൃതി ശരിക്കറിഞ്ഞിരിക്കുക വലിയ ഒരു നേട്ടമാണു്. ഈ അറിവു വ്യക്തിപരവും സാമൂഹികവുമായ പല ഗുണങ്ങളും നമുക്കു നല്കും. സ്വന്തം ബലഹീനതകളെ മനസ്സിലാക്കി തിരുത്തുവാനും മററുള്ളവരുടെ കുറവുകൾ മനസ്സിലാക്കി വേണ്ടപോലെ പെരുമാറുവാനും സാധിക്കുക നിസ്സാരകാര്യമല്ലല്ലോ. തന്നെയല്ല, നമ്മുടെ കഴിവുകളെപ്പററി നമുക്കുതന്നെ ഒരു വിശ്വാസവും അഭിമാനവും ഉണ്ടായി അവയെ പരിപോഷിപ്പിക്കുവാനും ഈ അറിവു സഹായിക്കുന്നു. അതുപോലെതന്നെ, മററുള്ളവരോടൊത്തു സമാധാനപരമായി ജീവിക്കുവാനും സാധിക്കുന്നു. ആകയാൽ, നാം നമ്മുടേയും മററുള്ളവരുടേയും പ്രകൃതി ശരിക്കു അറിഞ്ഞിരിക്കുക ഏററവും ഉപകാരപ്രദമാണു്. അതിനു് ആദ്യമായി, പ്രധാനമായ ഓരോ പ്രകൃതിയേയുംകുറിച്ചു് ഏകദേശജ്ഞാനമെങ്കിലും നാം സമ്പാദിച്ചിരിക്കണം.

# നാലാം അധ്യായം

# തീക്ഷ്ണ പ്രകൃതി

## SANGUINE TEMPERAMENT

ചെഞ്ചോരയുടെ നിറവു്, എന്നാണു് Sanguine എന്ന വാക്കിൻെറതന്നെ അർത്ഥം, തീക്ഷ്ണപ്രകൃതികൾക്കു പൊതുവെ, നല്ല മൃദുലവും സരളവുമായ ആകാരസൗഷമയാണുള്ളതു്. അവരുടെ കണ്ണുകൾ നീലിമയാന്നതും തലമുടി ഭംഗിയുള്ളതുമാണു്. സജീവമായ ഒരു ഹൃദയവും ശക്തമായ രക്തപ്രവാഹവും ഉള്ളതിനാൽ അവർ ഉന്മേഷഭരിതരും ആരോഗ്യസമ്പന്നരും ആയിട്ടാണു കാണപ്പെടുക. പ്രസരിപ്പും ചുറുചുറുപ്പും പ്രവൎത്തനസന്നദ്ധതയുമുള്ള അവരെ എവിടെവെച്ചു കണ്ടാലും തിരിച്ചറിയാം.

### ചിന്താഗതി

അവരുടെ വികാരങ്ങൾ ഉജ്ജ്വലവും തീവ്രവുമാണു്; വിചാരങ്ങൾ അഗാധമോ സ്ഥിരമോ അല്ലായിരിക്കും.

### ബുദ്ധിശക്തി

തീക്ഷ്ണപ്രകൃതികൾ മിക്കവാറും നല്ല ബുദ്ധിശക്തിയുള്ളവരാണു്. പക്ഷേ, ഒരു വിഷയത്തിലും അവരത്ര ചുഴിഞ്ഞു് ആലോചിക്കാറില്ലെന്നു് ഒരു പ്രത്യേകത

യുണ്ട്. അവരുടെ ജ്ഞാനം സുനിശ്ചിതമല്ല, ക്ഷണികമാണ്. അവരിൽനിന്നു വളരെ വിരളമായിട്ടേ പണ്ഡിതന്മാർ ഉണ്ടാകാറുള്ളു. എന്നാൽ, പ്രസിദ്ധ വാഗ്മികളും ഒന്നാംകിട കവികളും ഈപ്രകൃതികളിൽനിന്നാണു വളൎന്നുവരുന്നതു്.

## തീക്ഷ്ണപ്രകൃതിയുടെ മുഖ്യലക്ഷണങ്ങൾ

അവരുടെ വികാരങ്ങളുടേയും വിചാരങ്ങളുടേയും തന്നിരൂപം സസൂക്ഷ്മം പരിശോധിക്കുന്ന ആൎക്കും അവരുടെ ലക്ഷണങ്ങൾ പെട്ടെന്നു കണ്ടുപിടിക്കുവാൻ സാധിക്കും. തീക്ഷ്ണപ്രകൃതികൾ പ്രകടിപ്പിക്കുന്ന മൗലികമായ ലക്ഷണങ്ങളാണു താഴെ പറയുന്നവ.

### 1. ദ്രുതഗതി

കാര്യങ്ങൾ വേഗം ഗ്രഹിക്കുന്നതിനും അവയെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനും തീക്ഷ്ണപ്രകൃതികൾക്കു നല്ല കഴിവുണ്ടു്. അവരുടെ ഓൎമ്മശക്തി ജ്വലിക്കുന്നതും ഭാവന പ്രകാശമേറിയതുമാണു്. അതുകൊണ്ടത്രേ ഏതു സംഗതിയും അവർ പെട്ടെന്നു നിരീക്ഷണം ചെയ്യുകയും മനസ്സിലാക്കുകയും ചെയ്യുന്നതു്. എന്തുചെയ്യണം, എങ്ങനെ ചെയ്യണം എന്നു മററുള്ളവർ ആലോചിച്ചു വരുമ്പോഴേക്കും തീക്ഷ്ണപ്രകൃതിയുള്ളവർ അക്കാര്യം നിർവ്വഹിച്ചുകഴിയും. കേവലം നിസ്സാരമായ ആംഗ്യംപോലും നിമിഷനേരംകൊണ്ടു് ഗ്രഹിക്കുക അവരുടെ ഒരു പ്രത്യേക ഗുണമാണു്.

## 2. ഉപരിപ്ലവത്വം

തീക്ഷ്ണപ്രകൃതികളുടെ വികാരങ്ങൾ ആഴമേറിയതായിരിക്കുകയില്ല. അതുകൊണ്ട്, ഒരു കാര്യത്തിന്റേയും എല്ലാ വശങ്ങളേയും കുറിച്ച് അവർ പൂർണ്ണമായി ചിന്തിക്കുകയോ മനസ്സിലാക്കുകയോ ചെയ്യുകയില്ല. എന്തെങ്കിലും അല്പം മനസ്സിലായാൽ, എല്ലാം കിട്ടിപ്പോയി എന്നാണ് അവരുടെ ഭാവം. എളുപ്പമേറിയതും ബുദ്ധിമുട്ടു കുറഞ്ഞതുമായ ജോലികളാണ് അവക്കു പ്രിയം; പ്രയാസവും ക്ലേശവും ഒട്ടും ഇഷ്ടമല്ല.

## 3. അസ്ഥിരത

വെറും തോന്നലുകളും വികാരങ്ങളുമാണ് അവരുടെ പ്രവർത്തനങ്ങൾക്കു പ്രേരകം. അതുകൊണ്ട്, വികാരങ്ങളുടേയും ചുററുപാടുകളുടേയും വൈവിധ്യമനുസരിച്ച് അവരുടെ അഭിപ്രായങ്ങളും പ്രവർത്തനപരിപാടികളും മാറിക്കൊണ്ടിരിക്കും. നില്ക്കുന്നനില്പിൽ അവർ ചിരിക്കുകയും കരയുകയും ചെയ്യും. നിസ്സാരകാരണങ്ങൾകൊണ്ടുപോലും അഭിപ്രായം മാററുന്നതുകൊണ്ട് അവരെ വിശ്വസിക്കുക വിഷമമാണ്. ചിലപ്പോൾ യാതൊരു കാരണവുമില്ലാതെ അവർ കാലുമാറാറുണ്ട്. ആകാശത്തിൽക്കൂടെ വെള്ളിമേഘങ്ങൾ ഓടിമറയുന്നതുപോലെ പെട്ടെന്നു തെററിമാറുന്നവരാണു തീക്ഷ്ണപ്രകൃതികളായ മനുഷ്യർ. ''കണ്ണിൽനിന്നു മറഞ്ഞാൽ ഉള്ളിൽനിന്നും'' എന്ന ആപ്തവാക്യം അവരെ സംബന്ധിച്ചിടത്തോളം ഏററം അർത്ഥവത്താണ്.

## 4. ആഡംബരപ്രിയം

ബാഹ്യമോടികളിൽ വളരെയധികം ശ്രദ്ധിക്കുന്ന വരാണു തീക്ഷ്ണപ്രകൃതികൾ. ഏകാന്തവും നിശ്ശബ്ദവുമായ സകല സമാരംഭങ്ങളിൽനിന്നും ഒഴിഞ്ഞുമാറുക അവരുടെ പതിവാണു്. ആഘോഷങ്ങളുടേയും മേളങ്ങളുടേയും മദ്ധ്യേ ആയിരിക്കുകയാണു് അവക്കു് ആനന്ദം. വ്യത്ഥാഭിമാനത്തിനായി പരക്കംപായുന്ന കൂട്ടരാണു് അവർ. വേഷഭൂഷണാദികളിൽ വളരെയധികം ശ്രദ്ധചെലുത്തുന്നു. സംസാരത്തിലും പ്രവൃത്തിയിലും എന്നല്ല നടപ്പിൽപ്പോലും സരസന്മാരായിരിക്കുവാൻ അവർ ബദ്ധപ്പെടുന്നു. എങ്ങനെയെങ്കിലും മററുള്ളവരെ ആകഷിക്കണമെന്നതാണു് അവരുടെ ലക്ഷ്യം. അതുകൊണ്ടായിരിക്കണം രസകരമായ കഥകളും ഫലിതങ്ങളും പറയുവാൻ അവക്കു പ്രത്യേകവാസനയുള്ളതു്.

## 5. കാരുണ്യശീലം

തീക്ഷ്ണപ്രകൃതിയുള്ളവർ സാധാരണ സ്നേഹസമ്പന്നരാണു്, അത്രയ്ക്കു മൃദുലമായ വികാരങ്ങളും സ്നേഹസമ്പൂർണ്ണമായ പെരുമാററങ്ങളും അനുകമ്പാപൂരിതമായ മനോഭാവവുമാണു് അവക്കുള്ളതു്. മററുള്ളവരുടെനേക്കു് ഇത്രയേറെ മനസ്സലിവുള്ളവർ വേറെ ഇല്ലെന്നുതന്നെ പറയാം. സഹജീവികളുടെ ബുദ്ധിമുട്ടുകളും ക്ലേശങ്ങളും ദയനീയാവസ്ഥകളും അവരുടെ കാരുണ്യശീലത്തെ തട്ടിയുണത്തുകയും എന്തു സേവനവും ചെയ്തുകൊടുക്കുന്നതിനുള്ള സന്നദ്ധത അവരിൽ അങ്കുരിപ്പിക്കുകയും ചെയ്യുന്നു. അവരുടെ മനഃപരിവത്തനം സാധിക്കുവാൻ ഒരു നല്ല പ്രസംഗം, അഥവാ, ഒരു നല്ല ഉപദേശം ധാരാളം മതിയാകുന്നതാണു്.

ഇത്രയും ആണ് തീക്ഷ്ണപ്രകൃതിയുടെ പ്രധാന ലക്ഷണങ്ങൾ. എന്നാൽ, ഓരോ പ്രകൃതിക്കുമുണ്ട് അതതിൻെറ ഗുണങ്ങളും ദോഷങ്ങളും. തീക്ഷ്ണപ്രകൃതിയുള്ള മനുഷ്യനും ചില ദുർഗ്ഗുണങ്ങളും ചില സൽഗുണങ്ങളും ഉണ്ട്. അവ ഏതെല്ലാമെന്നു സൽസ്വഭാവരൂപീകരണത്തിൽ ഏർപ്പെട്ടിരിക്കുന്നവരും ചുമതലപ്പെട്ടവരും ശരിയായി മനസ്സിലാക്കിയിരിക്കേണ്ടതാണ്. അതിനാൽ തീക്ഷ്ണപ്രകൃതിയുടെ പ്രധാന ന്യൂനതകളേയും ഗുണങ്ങളേയുംപററി രണ്ടു വാക്ക്.

## തീക്ഷ്ണപ്രകൃതിയും ദുർഗ്ഗുണങ്ങളും

### 1. വ്യർത്ഥാഭിമാനം

സ്വന്തം കഴിവുകളും ഗുണങ്ങളും മററുള്ളവരുടെ മുമ്പിൽ എടുത്തു കാണിക്കുവാൻ അവക്കു വലിയ അഭിവാഞ്ഛ ഉണ്ടായിരിക്കും. ഇതു് അഹങ്കാരത്തിൽനിന്നു് എന്നതിനേക്കാൾ വ്യർത്ഥാഭിമാനത്തിൽനിന്നാണു പൊങ്ങിവരുന്നതു്. എല്ലാവരും കാണണം, അഭിനന്ദിക്കണം—ഇതാണ് അവരുടെ അഭിലാഷം; ഇതിലാണ് അവരുടെ ആനന്ദവും. ഈ പ്രകൃതിയുള്ളവരെ ഒന്നു പുകഴ്ത്തിനോക്കു. അപ്പോൾ കാണാം അവരുടെ ആ ബാലിശമായ സംതൃപ്തിയും സന്തോഷപ്രകടനങ്ങളും! ബാഹ്യാഡംബരങ്ങളിൽ അവർ വളരെ താല്പര്യമുള്ളവരായതിനാൽ പുതിയപുതിയ വസ്ത്രാഭരണങ്ങൾ ധരിക്കുന്നതിനു് അവക്കു വലിയ കൗതുകമാണു്. പ്രശംസയിലും മുഖസ്തുതിയിലും അവർ മയങ്ങിപ്പോകുന്നതിനാൽ അവരെക്കൊണ്ടു് എന്തും ചെയ്യിക്കുവാനും വിഷമമില്ല.

## 2. ക്രമാതീതമായ മമതകൾ

മാനുഷികസ്നേഹം, ബാഹ്യമോടി മുതലായവയാൽ ഏറ്റവും നേരവും വശീകരിക്കപ്പെടുന്നതുകൊണ്ടും ആദ്ധ്യാത്മികമായി ഈടേറിയ അടിസ്ഥാനം ഇല്ലാത്തതുകൊണ്ടും, ഉപരിപ്ലവവും വിവേകരഹിതവുമായ സ്നേഹം അവരിൽ കടന്നുകൂടുന്നു. അതിനാൽ, അശുദ്ധവും ന്യായരഹിതവുമായ കെട്ടുപാടുകളിൽ പലപ്പോഴും അവർ ചെന്നുചാടാറുണ്ട്. അങ്ങനെയാണ് അസൂയ, വൈരാഗ്യം തുടങ്ങിയ പല ദുർഗ്ഗുണങ്ങൾക്കും അവർ വഴങ്ങിപ്പോകുന്നതു്.

## 3. ത്യാഗരാഹിത്യം

സുഖസൗകര്യാദികളിലേക്ക് അമിതമായ ചാച്ചിൽ ഉള്ളതിനാൽ വികാരങ്ങളേയും പ്രലോഭനങ്ങളേയും തടഞ്ഞു നിർത്തുക അവർക്കു പ്രയാസമാണ്. സുഖിച്ചു ജീവിക്കുക ഇതാണ് അവരുടെ ആദർശം. അതുകൊണ്ടത്രേ ആത്മനിഗ്രഹത്തോടു് ഇത്ര വെറുപ്പും മടുപ്പും. കണ്ണിനും കാതിനും നാവിനും തീക്ഷ്ണപ്രകൃതികൾ ദുഃസ്വാതന്ത്ര്യം അനുവദിക്കുന്നു. ശാരീരികമോ ധാർമ്മികമോ ആയ യാതൊരു സംയമനത്തിനും തയ്യാറില്ലാത്ത അവർ വിഷയാസക്തിയുടെ അടിമകളാകുക സാധാരണമാണ്.

## 4. നിരുത്സാഹതയും പരാജയവും

തീക്ഷ്ണശീലമുള്ളവർ ഉപരിപ്ലവബുദ്ധികളാകയാൽ, ചെയ്യുവാൻപോകുന്ന ഒരു കാര്യത്തിനും ശരിയായ ഒരു പദ്ധതി കാലേക്കൂട്ടി തയ്യാറാക്കുകയോ അതിൽ നേരിടാവുന്ന പ്രതിബന്ധങ്ങളെ മുൻകൂട്ടി കാണുകയോ

ചെയ്യുകയില്ല. അതിനാൽ, എന്തെങ്കിലും പ്രതിബന്ധമോ തകരാറോ കാണുന്ന മാത്രയിൽ അവർ നിരാശരാകുന്നു; സകല പ്ലാനും വലിച്ചെറിയുന്നു. അങ്ങനെ കാര്യപ്രസക്തവും ഗൗരവവുമുള്ള യാതൊരു സംഗതിയിലും ഏർപ്പെടാതെ, അഥവാ, ഏർപ്പെട്ടാൽത്തന്നെ പൂർണ്ണമാക്കാതെ അവർ കാലം കഴിച്ചുകൂട്ടുന്നു.

5. മുഖസ്തുതി

പൊങ്ങച്ചം പറയാനും മററുള്ളവരെ കണക്കില്ലാതെ സ്തുതിക്കാനും തീക്ഷ്ണപ്രകൃതികൾ സമർത്ഥരാണ്. ഉയർന്നനിലയിൽ ഇരിക്കുന്നവരുമായി ഇടപെടാനും അവരെ വാഴ്ത്താനും അക്കൂട്ടർക്കു വലിയ താല്പര്യമുണ്ടായിരിക്കും. ആരിൽനിന്നെങ്കിലും അല്പം വല്ലതും കിട്ടാമെന്നുകണ്ടാൽ അവരെ പുകഴ്ത്താൻ ഇവർക്കൊരു പ്രത്യേകവാസനയുണ്ട്. ചിലപ്പോൾ ഈ ശീലം അഭിമാനംകെട്ട അടിമവേലയായിട്ടുപോലും പരിണമിക്കാറുണ്ട്.

6. ബോധപ്പതർച്ച

തീക്ഷ്ണപ്രകൃതിയുള്ളവരുടെ പഞ്ചേന്ദ്രിയങ്ങളും ഭാവനാശക്തിയും എപ്പോഴും പ്രവർത്തനനിരതമാണ്. എല്ലാം കാണണം, കേൾക്കണം, തൊടണം എന്ന ചിന്തയാണിവർക്കു കൂടുതൽ. കണ്ടതും കേട്ടതും എല്ലാം അവർക്ക് സംസാരവിഷയവുമാണ്. അതിനാലത്രേ ശരിയായ ബോധനിയന്ത്രണത്തോടുകൂടി ചിന്തിക്കുന്നതിനും പഠിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അവർക്കു പ്രയാസം നേരിടുന്നതു്. ആത്മശോധനയ്ക്കോ സൽഗ്രന്ഥപാരായണത്തിനോ അവർ ഒരുമ്പെട്ടാൽത്തന്നെ അതു പതറുന്ന ചിന്തയോടുകൂടിയേ നിറവേററുകയുള്ളു. തന്മൂലം തങ്ങളെ

ക്കുറിച്ചും മററു് ഉപകാരപ്രദമായ കാര്യങ്ങളെക്കുറിച്ചും ഗഹനമായ ഒരു ജ്ഞാനം അവർ സമ്പാദിക്കുന്നില്ല.

## തീക്ഷ്ണപ്രകൃതിയും സൽഗുണങ്ങളും

### 1. സ്നേഹവും അനുകമ്പയും

തീക്ഷ്ണപ്രകൃതിയുള്ള മനുഷ്യർ പൊതുവെ വചനത്തിലും പ്രവൃത്തിയിലും വളരെ കരുണയും സ്നേഹവും വിനയവും ഉള്ളവരാണു്. ചില അവസരങ്ങളിൽ കോപിച്ചാലും, അടുത്ത നിമിഷംതന്നെ അവർ ശാന്തരായിത്തീരുന്നു. അനുകമ്പയോടും ആത്മാർത്ഥസ്നേഹത്തോടുംകൂടെ മററുള്ളവർക്കു ഉപകാരം ചെയ്യുവാൻ അവർ സന്നദ്ധരാണു്. ഏതു് അപരിചിതനുമായി സൗഹാർദ്ദത്തിലേർപ്പെടുവാൻ അവർക്കു് അധികം സമയം വേണ്ടാ. സ്വതവേ, സ്നേഹമസൃണരും സന്തുഷ്ടചിത്തരുമായ അവർ മററുള്ളവരുടെ സ്നേഹാദരങ്ങൾക്കു പാത്രീഭൂതരാകുവാൻ എളുപ്പമുണ്ടു്. മാത്രമല്ല, അന്യരുടെ ആവശ്യങ്ങളിലും വിഷമഘട്ടങ്ങളിലും പെട്ടെന്നു സഹതാപം പ്രകടിപ്പിക്കുകയും അവരെ കൈതുറന്നു സഹായിക്കുകയും ചെയ്യുക അവരുടെ പ്രത്യേകഗുണവുമാണു്. സങ്കടകരമോ ആകസ്മികമോ ആയ ഒരു സംഗതി മററാരെയെങ്കിലും അറിയിക്കുവാൻ വിഷമമുണ്ടെങ്കിൽ തീക്ഷ്ണപ്രകൃതികളെ ഏല്പിക്കുക. അവരതു് ഏററം തന്മയത്വത്തോടുകൂടി നിർവ്വഹിക്കും.

### 2. ആത്മാർത്ഥത

പരമാർത്ഥതയും വിശ്വസ്തതയും ഉള്ളവരാണു് തീക്ഷ്ണപ്രകൃതിയുള്ളവർ. മററുള്ളവരുടെ പക്കൽ സൂത്ര

മോ കളവോ അവരെട്ടക്കകയില്ല. ആജ്ജവബോധത്തോടെ അവർ പെരുമാറും. അധികാരികളോട്ട ഹൃദയപരമാർത്ഥത പാലിക്കുവാൻ അവരെപ്പോഴും സന്നദ്ധരാണ്. തീക്ഷ്ണപ്രകൃതികളുടെ അഭിപ്രായം ആക്കും സ്വീകാര്യമാണ്. കാരണം, നല്ല ഹൃദയമുള്ള ഗുണകാംക്ഷികളാണവർ.

3. ശുഭാപ്തിവിശ്വാസവും വിധേയത്വവും

ഏതൊരു സംഗതിയുടേയും നല്ലവശത്തുനിന്നു വീക്ഷിക്കുന്നവരാണു തീക്ഷ്ണപ്രകൃതികൾ. എല്ലാം സുസാധമാണെന്നും എല്ലാത്തിലും വിജയം സുനിശ്ചിതമാണെന്നും അവർ വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഏതൊരു വസ്തുവിൻേറയും ഗുണവും മേന്മയും മാത്രമേ അവരുടെ കണ്ണിൽ പെട്ടകയുള്ളു. അനുസരണം അവരുടെ ഒരു പ്രത്യേക ഗുണമാണ്. മത്സരബുദ്ധിയോ മക്കടമുഷ്ടിയോ അവക്കധികമില്ല. കാരണം, സ്വാഭിപ്രായങ്ങളിലും ആദർശങ്ങളിലും അള്ളിപ്പിടിച്ചിരിക്കുവാൻ അവർ ആഗ്രഹിക്കുന്നില്ല. പോരെങ്കിൽ മററുള്ളവരുമായി ഇണങ്ങിപ്പോകുവാൻ അവക്ക് ഒരു വാസനയുമുണ്ടല്ലോ. അതുകൊണ്ട്, ശാന്തമായ കൂട്ടജീവിതം അവക്ക് അനിഷ്ടകരമല്ല.

## തീക്ഷ്ണപ്രകൃതിയും ആത്മശിക്ഷണവും

"ഒരു വിശുദ്ധൻേറയും ദുഷ്ടൻേറയും വാസനകളില്ലാത്തവരായി നമ്മിൽ ആരുംതന്നെയില്ല" എന്ന പര

മാർത്ഥം പ്രകൃതത്തിൽ സ്മരണീയമാണ്. അതിനാൽ നമ്മിൽ ആണ്ടു കിടക്കുന്ന ദുർവാസനകളെ നിയന്ത്രിക്കുവാനും അതേ അവസരത്തിൽ നമ്മിൽ ഒളിഞ്ഞുകിടക്കുന്ന സൽഗുണങ്ങളെ തട്ടിയുണർത്തി വികസിപ്പിക്കുവാനും നാം ഓരോരുത്തരും പഠിച്ചിരിക്കണം. ഈ അറിവാണ് ഏററവും വലിയ അറിവ്. ഈ അറിവനുസരിച്ചു നിരന്തരം പരിശ്രമിക്കുകയും ചെയ്യണം. അങ്ങനെ നമ്മുടെ ജീവിതത്തിൻെറ വിജയനിർമ്മാതാക്കളാകാൻ നമുക്കുതന്നെ സാധിക്കണം. ആകയാൽ, ഓരോരുത്തരും താന്താങ്ങളുടെ പ്രകൃതിവിശേഷങ്ങൾ മനസ്സിലാക്കി സ്വയം നന്നാകാനുള്ള പ്രായോഗികമാർഗ്ഗങ്ങൾ കൈക്കൊള്ളേണ്ടിയിരിക്കുന്നു. തീക്ഷ്ണപ്രകൃതികൾക്കാവശ്യമായ ഏതാനും ചില നിർദ്ദേശങ്ങളാണു താഴെ കൊടുത്തിരിക്കുന്നത്:

## 1. കാര്യഗൗരവമുള്ള ചിന്ത

സാധാരണമായി ഉപരിപ്ലവബുദ്ധികളാണല്ലോ തീക്ഷ്ണപ്രകൃതികൾ. എല്ലാത്തിലും ധൃതിയും ബഹളവും. ആലോചിക്കാതെയുള്ള പ്രവൃത്തിയും. അതിനാലാണ് ഉദ്ദിഷ്ടഫലം പലപ്പോഴും ലഭിക്കാതെ പോകുന്നത്. ആകയാൽ, ഈ ന്യൂനതയാണ് തീക്ഷ്ണപ്രകൃതിയുള്ളവർ ആദ്യമായി മാറേറണ്ടതു്. ഏതൊരു പ്രവൃത്തിക്കുമുമ്പും അതിനെപ്പററി അല്പം ചിന്തിക്കുക. ആദ്ധ്യാത്മികമോ ലൗകികമോ എന്തും ആവട്ടെ, അതിൽ തലയിടുന്നതിനുമുമ്പ് മനസ്സിരുത്തി ചിന്തിക്കണം. ഏതൊരു കൃത്യവും ഏറ്റെടുക്കുന്നതിനു മുമ്പായി രണ്ടു പ്രാവശ്യമെങ്കിലും ചിന്തിക്കുവാൻ ശീലിക്കണം. വീണ്ടുംവീണ്ടും ചിന്തിച്ചാൽമാത്രം പോരാ, വിഷമമേറിയ പ്രശ്ന

ങ്ങളിൽ അറിവുള്ളവരോട്ട് ആലോചിക്കുകയും ചെയ്യ ണം. എന്നിട്ട പ്രവത്തനത്തിൻെറ പ്ലാൻ ശരിപ്പെടുത്തു ക. പ്രതിബന്ധങ്ങളേയും പ്രയാസങ്ങളേയും മുൻകൂട്ടി ക ണ്ടുപിടിക്കുവാനും പഠിക്കണം. അവയെ തരണം ചെ യ്യുവാനുള്ള മാർഗ്ഗങ്ങൾ കരുതുകയുംവേണം. കൂടെക്കൂടെ യുള്ള ധ്യാനം, ആത്മപരിശോധന എന്നിവ ഈ വി ഷയത്തിൽ സഹായകങ്ങളാണ്,

## 2. ആത്മസംയമനം

ജീവിതത്തിൻെറ മധുരവശങ്ങളുടെ ശീതളത്തണ ലിൽക്കൂടി വിഹരിക്കണമെന്നാണ തീക്ഷ്ണപ്രകൃതിയു ള്ളവരുടെ ആഗ്രഹം. അതുകൊണ്ടു, വിവേകത്തോടും വ്യവസ്ഥാപിതമായ രീതിയോടുംകൂടി തങ്ങളുടെ അന്ത രിന്ദ്രിയങ്ങളേയും ബാഹ്യേന്ദ്രിയങ്ങളേയും നിയന്ത്രണ ത്തിൽ കൊണ്ടുവരുവാൻ അവർ പ്രത്യേകം ശ്രദ്ധിക്ക ണം. കണ്ണും കാതും നാക്കും ഭാവനയും മനസ്സും നിയന്ത്ര ണാധീനമാവുകതന്നെ വേണം. കൂടാതെ, അമിതവും അനഭിലഷണീയവുമായ ഭക്ഷ്യപാനീയങ്ങളിൽനിന്ന് അവർ തീർത്തും അകന്നിരിക്കേണ്ടതാണ്.

## 3. ജാഗരൂകത

തീക്ഷ്ണപ്രകൃതികൾ അധികവും തോന്നലുകളാ ലും വികാരങ്ങളാലും നയിക്കപ്പെടുന്നുവെന്നു മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. സ്നേഹബന്ധങ്ങളിലേക്ക് അവർ സദാ ചാഞ്ഞിരിക്കുന്നു. അതുകൊണ്ട്, ഇക്കാര്യത്തിൽ വഴിതെററിപ്പോവാതിരിപ്പാൻ അവർ എപ്പോഴും ജാഗ രൂകരായിരിക്കണം. മോശമായ കൂട്ടുകെട്ടുകളിലും പ്രവൃ ത്തികളിലും ഒരിക്കലും ചെന്നു ചാടരുത്.

## 4. സ്വഭാവാതീതമായ ലക്ഷ്യങ്ങൾ

സ്വതവേ, ഊർജ്ജസ്വലരും പ്രവർത്തനനിരതരുമാണു തീക്ഷ്ണപ്രകൃതിയുള്ള മനുഷ്യർ. എല്ലാം കേൾക്കണം, കാണണം, ചെയ്യണം എന്നെല്ലാമാണവരുടെ അഭിലാഷം. പക്ഷേ, പ്രവർത്തനബഹളത്തിൻെറ ഇടയ്ക്കു ദൈവസന്നിധിയിലേക്കുപോലും സ്വഹൃദയത്തെ ഉയർത്തുവാൻ അവർക്കു നേരമില്ല. ദൈവം! അക്കാര്യം പലപ്പോഴും അവരങ്ങു വിസ്മരിച്ചുപോകും. തന്മൂലം, വിശ്രമമില്ലാതെ പ്രവർത്തിക്കുന്നുണ്ടെങ്കിലും ശരി, ആധ്യാത്മികമായി യാതൊരുനേട്ടവും അവർക്കുണ്ടായിരിക്കുകയില്ല. അങ്ങനെ വിലയേറിയ അനേകം ഫലങ്ങൾ അക്കൂട്ടർ നഷ്ടപ്പെടുത്തിക്കളയുന്നു. അതിനാൽ, എല്ലാ പ്രവൃത്തികളിലും പരിശുദ്ധമായ നിയോഗം പാലിക്കുവാൻ അവർ പ്രത്യേകം ശ്രദ്ധിക്കണം.

സുപ്രസിദ്ധനായ ഗിൽബർട്ട നൽകുന്ന ഉപദേശം കേട്ടാലും: "തീക്ഷ്ണപ്രകൃതികൾ ആത്മസംയമനത്തിലും സ്വജീവിതനിയന്ത്രണത്തിലും വിജയികളാകുന്നപക്ഷം പലേ മഹത്തായ പ്രസ്ഥാനങ്ങളുടേയും വിധാതാക്കളായിത്തീരുവാൻ അവർക്കു സാധിക്കും. എന്തുകൊണ്ടെന്നാൽ, അവരിൽ സ്വാർത്ഥതയോ കാപട്യമോ പ്രതിഫലേച്ഛയോ അശേഷംപോലും ഇല്ല; ജീവൻപോലും ബലികഴിക്കുവാൻ അവർ സന്നദ്ധരുമാണ്... ജീവിതായോധനത്തിൽ യഥാർത്ഥമായ ജയക്കൊടി കുത്തണമെങ്കിൽ അവർ പ്രത്യേകമായി രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കണം. ഒന്ന്: ബുദ്ധിപൂർവ്വമായ ഒരു ജീവിതപരിപാടി. ഇതു് അവരുടെ ദൃഢമായ ഇച്ഛാശക്തിയേയും പ്രവർത്തനത്തേയും എപ്പോഴും സഹായിക്കും.

രണ്ട്: ഉത്തമനും വിശ്വസ്തനുമായ ഒരു സ്നേഹിതൻ. ദുസ്സ്വഭാവങ്ങളിൽനിന്നും അനാശാസ്യ നടപടികളിൽ നിന്നും ഒഴിഞ്ഞുമാറി സൽപഥത്തിലൂടെ മുന്നേറുവാൻ വേണ്ട പ്രായോഗിക നിർദ്ദേശങ്ങൾ ഈ സ്നേഹിതൻ അവൾക്കു നല്കും."

കൂടാതെ, തീക്ഷ്ണപ്രകൃതിയുള്ളവർ തങ്ങളുടെ പ്രധാന ദുർവാസനകളായ വ്യർത്ഥാഭിമാനം, ക്രമരഹിതമായ മൈത്രീബന്ധം, അസ്ഥിരത, ഉപരിപ്ലവമനസ്ഥിതി ആദിയായവയോടു നിരന്തരപോരാട്ടം നടത്തി അവയെ അടിച്ചമർത്താൻ ശ്രമിക്കുകയുംവേണം.

## തീക്ഷ്ണപ്രകൃതികളെ എങ്ങനെ പരിശീലിപ്പിക്കണം?

ശരിക്കു പരിശീലിപ്പിക്കുന്ന പക്ഷം അവർ നാടിന്റേയും സമുദായത്തിന്റേയും അനർഘനിധികളായിത്തീരുന്നതാണ്. അത്രയ്ക്കുണ്ട് അവരുടെ കഴിവുകൾ. അതുകൊണ്ട് പ്രവർത്തനങ്ങളിൽ കൃത്യനിഷ്ഠയും ക്രമവും പാലിക്കുവാനും അരയും മുറിയും ചെയ്തു യാതൊന്നും വിട്ടുകളയാതിരിക്കുവാനും പഠിപ്പിക്കണം. ഏല്പിച്ചിരിക്കുന്ന ജോലി ശ്രദ്ധാപൂർവ്വം, തിടുക്കം കൂട്ടാതെ, ഭംഗിയായിചെയ്തുതീർക്കുവാൻ ശീലിപ്പിക്കണം. മററുള്ളവരുമായിട്ടുള്ള വാഗ്ദാനങ്ങൾ വിശിഷ്ടമായ ഒരുടമ്പടിയായി കണക്കാക്കി അന്യൂനം നിറവേററുവാൻ അവരെ അഭ്യസിപ്പിക്കുക ഏററം ആവശ്യകമാണ്. മാത്രമല്ല, ദിനംപ്രതി കുറെ ആത്മസംയമനപ്രവൃത്തികൾ അനുഷ്ഠിക്കുന്നതിനും ചീത്തക്കൂട്ടുകെട്ടുകൾ ഉപേക്ഷിക്കുന്നതിനും അവരെ നിർബ്ബന്ധിക്കേണ്ടതാണ്.

തീക്ഷ്ണപ്രകൃതികൾ അമിതവികാരങ്ങൾക്കധീനരാകയാൽ, തങ്ങളുടെ ആ വികാരങ്ങളുടെമേൽ പരിപൂർണ്ണനിയന്ത്രണം ചെലുത്താത്തിടത്തോളംകാലം ഉത്തരവാദിത്വമേറിയ യാതൊരു സ്ഥാനത്തിനും അവർക്ക് അർഹതയില്ല. എന്തുകൊണ്ടെന്നാൽ, വെറും വൈകാരിക പ്രവണതകളിലല്ല, അടിയുറച്ച ആദർശങ്ങളിലും തത്വങ്ങളിലുമാണ് അധികാരികളും നേതാക്കന്മാരും നിലകൊള്ളേണ്ടതു്. കൃത്യനിഷ്ഠയോടും ചുമതലാബോധത്തോടും ജീവിക്കേണ്ടവരാണവർ. ആത്മസംയമനവും മനശക്തിയും അവർക്കത്യാവശ്യകമാണ്. ആകയാൽ, സ്വതവേ ജഡികമാനസരും ഭോജനപ്രിയരും ആഡംബരപ്രേമികളുമായ തീക്ഷ്ണപ്രകൃതികൾ വളരെവളരെ സൂക്ഷിക്കണം. ശരിയായ പരിശീലനംവഴി ആദർശസമ്പന്നരായ വീരപുരുഷന്മാരാകാൻ ശ്രമിക്കണം.

# അഞ്ചാം അദ്ധ്യായം

# ക്രോധപ്രകൃതി

## CHOLERIC TEMPERAMENT

ക്രോധപ്രകൃതിയുള്ള മനുഷ്യരെ ഒററനോട്ടത്തിൽത്തന്നെ തിരിച്ചറിയാം. ഇവരുടെ ശരീരത്തിൽ വിദ്യുച്ഛക്തി അധികമുള്ളതുകൊണ്ടു വികാരങ്ങൾ പെട്ടെന്നു ജ്വലിച്ചുയരും. നല്ല ചൂടുള്ള രക്തത്തുള്ളികളാണ് ഇവരുടെ ഞരമ്പുകളിൽക്കൂടി ഓടുന്നതു്. ഈ രക്തത്തിനു ചൂടേററാൽ വികാരങ്ങൾ പൊട്ടിപ്പുറപ്പെടുകയായി. പിന്നെ ഇവരിൽ കാണുന്ന തന്റേടവും പ്രവൎത്തനസന്നദ്ധതയും വിസ്മയാവഹമാണ്. ശക്തിയേറിയ മാംസപേശികൾ ഉള്ളതിനാൽ ഈ പ്രസരിപ്പു നീണ്ടുനില്ക്കും. ഇവരുടെ മുഖഭാവം എപ്പോഴും ഗാംഭീര്യം കലൎന്നതായിരിക്കും. നടപ്പിലും പെരുമാററത്തിലും ഒരു തന്റേടത്തം കാണാം. ക്രോധപ്രകൃതികൾ പൊതുവേ, കൊഴുത്ത തടിയുള്ളവരായിരിക്കയില്ല. കൃശഗാത്രരായിരിക്കും.

ചിന്താഗതി

ക്രോധപ്രകൃതിയുള്ള മനുഷ്യർ വികാരാധീനരാകയാൽ അവരുടെ ഹൃദയവും അതിനൊപ്പം ചലിക്കുന്നു. എന്തും ഉടനുടൻ മനസ്സിലാക്കുവാനും പ്രവൃത്തിപഥത്തിലെത്തിക്കുവാനും പററിയ കഴിവും ഇവൎക്കുണ്ടു്. ഹൃദയവികാരങ്ങൾ അമിട്ടുവേഗത്തിൽ പൊട്ടുമെങ്കിലും അവ ഹൃദയത്തിൽ ആഴമായി തറഞ്ഞുനില്ക്കുകയും ചെയ്യും.

### ബുദ്ധിശക്തി

ക്രോധപ്രകൃതികളുടെ ബുദ്ധിശക്തി പലവിധത്തിലാണു കാണപ്പെടുന്നതു്. എങ്കിലും നല്ല ധാരണാശക്തി എല്ലാവക്കും ഉണ്ടു്; ചിലരിൽ കൂടിയും കുറഞ്ഞും ഇരിക്കുമെന്നുമാത്രം. ബുദ്ധിജീവികൾ എന്നതിനെക്കാൾ കായികവിദഗ്ദ്ധന്മാരായിരിക്കും ഇവരിലധികവും.

## ക്രോധപ്രകൃതിയുടെ മുഖ്യലക്ഷണങ്ങൾ

### 1. ഉൽക്കടവും ദീർഘവുമായ വികാരവാസനകൾ

എപ്പോഴും മുന്നോട്ടു കുതിച്ചുപായാൻ നില്ക്കുന്ന ഒരു കുതിരയുടെ സമ്പ്രദായമാണു് ക്രോധപ്രകൃതികളിൽ നാം കാണുക. പ്രയാസങ്ങളും പ്രതിബന്ധങ്ങളും ഇവരെ നിരുത്സാഹപ്പെടുത്തുകയില്ല, ഒന്നുകൂടെ തൻേറടം കൊള്ളിക്കുകയാണു ചെയ്യുന്നതു്. ഭയം എന്താണെന്നു് ഇവക്കു് അറിഞ്ഞുകൂടാ. ഒന്നു ക്ഷോഭിക്കുകയോ വികാരാധീനമാവുകയോ ചെയ്തു കഴിഞ്ഞാൽ, എവിടെച്ചെന്നു അവസാനിക്കുമെന്നു് ഒരു നിശ്ചയവുമില്ല. കടിഞ്ഞാൺ പൊട്ടിച്ചു തെറിച്ചു പായുകയാണു പിന്നെ. ഇതിലാണു് വലിയ അപകടം. അതുകൊണ്ടു്, ഇവർ കോപിക്കുകയോ വാശിപിടിക്കുകയോ ചെയ്യുമ്പോൾ അടുത്തുള്ളവർ ഭയപ്പെടണം.

### 2. ഉൽക്കർഷേച്ഛ

വെറും സാധാരണ ചുററുപാടുകളിലൊന്നും ക്രോധപ്രകൃതിയുള്ളവർ തങ്ങിനിൽക്കുകയില്ല. 'അതൊക്കെ

വെറും മൂന്നാംതരം. 'ഞാൻ വൻകാൎയ്യത്തിനായിട്ടാണു ജനിച്ചിരിക്കുന്നതു്' എന്നാണു് ഇവരുടെ ഭാവം. അതുകൊണ്ടു, വലിയവലിയ കാര്യങ്ങളെക്കുറിച്ചാണു് ഇവരുടെ ചിന്ത. 'ഉന്നരുക, മുന്നേറുക'–ഇതാണു് ഇവരുടെ മുദ്രാവാക്യം. സമ്പത്തു്, ബഹുമതി, സ്ഥാനം എന്നീ ഭൗതികനേട്ടങ്ങളുടെ എന്നുതന്നെയല്ല, പരിത്യാഗം, വിശുദ്ധി എന്നീ ആധ്യാത്മിക പുണ്യങ്ങളുടെയും പിറകേ അത്യാൎത്തിയോടെ ഇവർ പായുന്നു. ഇതുകൊണ്ടൊക്കെയായിരിക്കണം, കൂടുതൽ ശക്തിയും ബുദ്ധിമുട്ടും അധ്വാനവുമുള്ള കാര്യങ്ങളിൽ ഇവർ പ്രത്യേകം ശ്രദ്ധിക്കുന്നതു്. സാധാരണ ചെയ്തികളെക്കുറിച്ചു് ഒരു വെറുപ്പാണു് ഇവൎക്കു്.

### 3. അധികാരമോഹം

ഭരിക്കുവാനും അധികാരം നടത്തുവാനുമാണോ ക്രോധപ്രകൃതികൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നു തോന്നിപ്പോകും, ഇവരുടെ പ്രവൃത്തികൾ കണ്ടാൽ. എവിടേയും പ്രഥമസ്ഥാനം കിട്ടുവാൻ ഇവർ തത്രപ്പെടുന്നു. മററൊരാളുടെ കീഴിലായിരിക്കുകയെന്നതു് ഇവൎക്കു ധൎമ്മസങ്കടമാണു്. വലിയ നേതാക്കന്മാരും പൊതുക്കാര്യപ്രവൎത്തകന്മാരും ആയിത്തീരുവാൻ ഇവർ ആഗ്രഹിക്കുകയും അതിനായി സദാ പരിശ്രമിക്കുകയും ചെയ്യുന്നു. ഇങ്ങനെ അധികാരഭ്രമം കൂടുന്നതുകൊണ്ടു ക്രോധപ്രകൃതികൾ മററുള്ളവരെ അവഗണിക്കുകയും വേദനിപ്പിക്കുകയും ചെയ്യുവാൻ ഇടയുണ്ടു്.

### 4. സ്ഥിരത

ക്രോധപ്രകൃതികൾ പൊതുവേ കൃത്യനിഷ്ഠയും ഉദ്ദേശ്യദാർഢ്യവും ഉള്ളവരാണു്. ഒരിക്കൽ ആലോചിച്ചു

രൂപീകരിച്ചുകഴിഞ്ഞ അഭിപ്രായത്തിൽനിന്നും നിശ്ചയത്തിൽനിന്നും അണുപോലും വ്യതിചലിക്കുവാൻ ഇവർ സമ്മതിക്കുകയില്ല. നിശ്ചയിച്ചുകഴിഞ്ഞ പ്ലാനോടുകൂടി ഇവർ ലക്ഷ്യത്തിലേക്കു തിരിക്കും. മററുള്ളവർ നല്ല എളുപ്പവഴികൾ കാണിച്ചുകൊടുത്താലും ശരി സ്വാഭിപ്രായമനുസരിച്ചു പ്രവത്തിച്ചേ ഇവരടങ്ങൂ. അത്രയ്ക്കു വലിയ നിർബ്ബന്ധബുദ്ധികളാണിവർ. തൽഫലമായി, പലപ്പോഴും തങ്ങളുടെ വിലയേറിയ കഴിവുകൾ ദുർവ്യയംചെയ്തു നഷ്ടപ്പെടുത്തുന്നു.

## ക്രോധപ്രകൃതിയുടെ പ്രധാന ദുർഗ്ഗുണങ്ങൾ

### 1. അഹങ്കാരം

ഇവർ സ്വതവേ, സ്വാത്ഥപ്രിയരാണ്. തൻകാര്യം പൊൻകാര്യം; എല്ലാം എനിക്ക്, എല്ലാം ഞാൻ എന്നാണിവരുടെ വിചാരം. അതനുസരിച്ചു പ്രവൃത്തിയും. സ്വന്തം ലാഭം, സ്വന്തം മാനം, സ്വന്തം ഭരണം ഇങ്ങനെ സ്വാർത്ഥതത്തിൻെറ കറുത്ത മതിൽക്കെട്ടിനുള്ളിൽനിന്നുകൊണ്ടാണ് ഇവർ ലോകത്തിലേക്കു നോക്കുന്നത്. തങ്ങൾക്കു് അറിയാൻപാടില്ലാത്തതായി ലോകത്തിലൊന്നുമില്ലെന്നുള്ള ഡംഭുമായി ഇക്കൂട്ടർ മററുള്ളവരുടെ അടുക്കൽ പെരുമാറുന്നു. മഹാകാര്യങ്ങൾക്കായി ദൈവവും പ്രകൃതിയും തങ്ങളെ ലോകത്തിലേക്കു് അയച്ചിരിക്കുകയാണ് എന്ന ഭാവത്തോടെ ഇവർ സ്വന്തം കാര്യങ്ങൾ ആവത്തിച്ചാവത്തിച്ചു പ്രസംഗിക്കും. സ്വന്തം പ്രവൃത്തികളിലും പ്രസ്താവനകളിലും ഒരിക്കലും തെററു

സമ്മതിക്കുകയില്ല. അഥവാ ആരെങ്കിലും വല്ലതും ചൂണ്ടിക്കാണിച്ചാൽ, തിരുത്താൻ ഒരുമ്പെട്ടാൽ, മുഖഭാവം ആകപ്പാടെമാറും; പിന്നെ കോപമായി. ന്യായവും കാരണവും കിട്ടാതെവരുമ്പോൾ മുട്ടായുക്തിയെടുക്കുക ഇവരുടെ പതിവാണ്. അധികാരവും തൻേറടവും കാണിച്ചു പ്രതിപക്ഷത്തെ ഭീഷണിപ്പെടുത്താനും നോക്കും. അല്ലാതെ, പരാജയമോ അജ്ഞതയോ സമ്മതിക്കുകയില്ല. അങ്ങനെ സ്വന്തം അപ്രമാദിത്വത്തിൽ അന്ധമായി അഭിമാനിക്കുന്ന ഒരു കൂട്ടരാണു ക്രോധപ്രകൃതികൾ.

## 2. സ്വാശ്രയബോധം

യഥാർത്ഥ സ്വാശ്രയബോധം അഭിലഷണീയംതന്നെയാണ്. ദൈവത്തിനും മററുള്ളവക്കും ഉപകരിക്കുന്നവിധത്തിൽ ആ ബോധം നാം വളത്തുകയുംവേണം. പക്ഷേ, ക്രോധപ്രകൃതിയുള്ളവരുടെ ആത്മവിശ്വാസം ഇപ്രകാരമല്ല. അതു് അഹങ്കാരത്തിൻെറ ഒരു വകഭേദംതന്നെയാണ്. ഇവക്കു ദൈവത്തിൻെറ ശക്തിയിലെന്നതിനെക്കാൾ തങ്ങളുടെ ശക്തിയിലാണു കൂടുതൽ വിശ്വാസം. ഏതുകാര്യത്തിനും സ്വന്തം ശക്തി, സ്വന്തം ജ്ഞാനം, കഴിവുകൾ എന്നല്ലാതെ അതിനപ്പുറം കടന്നുള്ള അന്വേഷണം കുറവാണ്. മററുള്ളവരുടെ സഹായമോ ഉപദേശമോ ആശ്വാസമോ ആവശ്യപ്പെടുക; അവരുടെ നിർദ്ദേശങ്ങൾക്കു വിധേയരാകുക ഇക്കൂട്ടക്കു വിഷമമാണ്. സ്വാഭാവികമോ അതിസ്വാഭാവികമോ ആയ ഏതു കാര്യത്തിലും തങ്ങൾ സ്വയംപര്യാപ്തരാണെന്നു് ഇവർ വിശ്വസിക്കുന്നു.

### 3. നിർബ്ബന്ധബുദ്ധി

സ്വാഭിപ്രായങ്ങളിലും പെരുമാററങ്ങളിലും അള്ളിപ്പിടിച്ചു നില്ക്കുക ക്രോധപ്രകൃതികളുടെ പതിവാണു്. ഏതിലും തങ്ങളുടെ കൈയ്യും സ്വരവും വേണം പൊന്തിനില്ക്കുവാൻ. നിശ്ചയിച്ചുകഴിഞ്ഞ ലക്ഷ്യത്തിൽ എത്തുപെട്ട വിജയം കൈവരിക്കാതെ പിന്തിരിയുകയില്ല എന്നുള്ള ദൃഢവ്രതമാണു് എപ്പോഴും ഇവക്കുള്ളതു്. "താഴ്ത്തപ്പെടുന്നതിനെക്കാൾ മരിക്കുന്നതാണു" ക്രോധപ്രകൃതികൾക്കു് ഇഷ്ടമെന്നുതോന്നുന്നു. ഏതെങ്കിലും വിഷയത്തിൽ ഒരിക്കലൊരു ഉറച്ചനില സ്വീകരിച്ചുകഴിഞ്ഞാൽ തെററായാലുംശരി അതിൽനിന്നു് ഇവർ ഇളകുകയില്ല.

### 4 പരനിന്ദ

ക്രോധപ്രകൃതിയുള്ള വ്യക്തികൾ തങ്ങളെത്തന്നെ മിടുക്കന്മാരായി എണ്ണുന്നതിനാൽ അവക്കു മററുള്ളവരെക്കുറിച്ചു ഒരു അവജ്ഞയും വെറുപ്പുമാണു്. അവരെല്ലാം വെറും അജ്ഞരും ദുർബലരും നിസ്സാരരും ആണു പോലും! അതിനാൽ മററുള്ളവരെ കുററവും കുറവും പറഞ്ഞു താറടിക്കുക ഇവക്കു സന്തോഷമാണു്,

### 5. നിർദ്ദയത്വം

തലയുണ്ടെങ്കിലും ഹൃദയം ഒട്ടുമില്ലെന്നുതോന്നും ഇവരുടെ പ്രവൃത്തികൾകണ്ടാൽ. സഹതാപവും അനുകമ്പയും ഇക്കൂട്ടക്കു് ഇല്ലെന്നുതന്നെ പറയാം. പരുഷമായ വാക്കുകളും രൂക്ഷമായ പെരുമാററങ്ങളും ഈ പ്രകൃതിയുടെ കൂടപ്പിറപ്പുകളായിരിക്കും.

6 കോപം

ക്രോധപ്രകൃതിയുടെ മറെറാരു പേരുതന്നെ കോപപ്രകൃതി എന്നാണ്. ഇവരുടെ വികാരങ്ങൾ ശക്തിയേറിയവയാകയാൽ, പലപ്പോഴും അതു നിയന്ത്രണാതീതമാവാറുണ്ട്. ഒരു വാക്കോ വെറുതെ ഒരാംഗ്യമോ മതി ഇവരുടെ കോപവികാരങ്ങൾ ജൃംഭിക്കുവാൻ. തന്മൂലം, പല ആപത്തുകളിലും ഇവർ വീഴാറുണ്ട്. ഭൂരിപക്ഷം കൊലപാതകികളും സ്വേച്ഛാധികാരികളും അക്രമികളും ക്രോധപ്രകൃതിയുള്ളവരാണെന്നുള്ള പരമാർത്ഥം പ്രകൃതത്തിൽ പ്രസ്താവയോഗ്യമാണ്.

## സൽഗുണങ്ങൾ

ദോഷവശത്തെക്കുറിച്ച് ഇത്രയും പറഞ്ഞതുകൊണ്ട് ക്രോധപ്രകൃതികൾ എല്ലാം ദുർഗ്ഗുണരാണെന്നു നാം തെററിദ്ധരിക്കരുത്. വളരെ സൽഗുണങ്ങളാൽ അനുഗൃഹീതരാണ് ഇവർ. അവയിൽ ഏതാനും ചിലതു ഇവിടെ പറയാം.

1. ഊർജ്ജസ്വലത

ക്രോധപ്രകൃതിയോടുകൂടിയ ആളുകൾ ഉന്മേഷഭരിതരും ആഹ്ളാദസമ്പന്നരുമാണ്. പ്രവർത്തനത്തിനുള്ള ശക്തിയും തീക്ഷ്ണതയും ഇവരിൽ നിറഞ്ഞു തുളുമ്പിനില്ക്കുന്നു. എത്ര ക്ലേശപൂർണ്ണമായ പ്രശ്നങ്ങളും ഇവരുടെ കൈകളിൽ വിജയമകുടം ചൂടും. എന്തെങ്കിലും ഒരു പദ്ധതി കൈയിൽ കിട്ടിയാൽ അതു കഴിയുന്നതുംവേ

ഗം വ്യവസ്ഥാപിതമായ രീതിയിൽ ലക്ഷ്യത്തിലെത്തിക്കുവാനുള്ള അസാമാന്യമായ കഴിവാണ് ഇവക്കുള്ളതു്. പ്രവൎത്തനോന്മുഖമാണ് ഇവരുടെ അഭിലാഷം.

## 2. മനോധൈര്യം

ആത്മധൈര്യത്തിൻെറ തോതനുസരിച്ചാണ് ഏതു പ്രവൎത്തനത്തിൻേറയും വിജയം. ക്രോധപ്രകൃതികളുടെ മനസ്സു സ്ഥിരവും ഉറപ്പേറിയതുമാണ്. അവരുടെ ഇച്ഛാശക്തി പ്രശംസാർഹവുമാണ്. പ്രതിബന്ധങ്ങളും പ്രത്യാഘാതങ്ങളും അവരെ ലക്ഷ്യത്തിൽനിന്നു പിന്മാററുകയില്ല; പ്രത്യുത, ഒന്നിനൊന്നിന്നു ധൈര്യം കൂട്ടുകയേയുള്ളു. ഇവരുടെ പ്രവൃത്തി എപ്പോഴും രചനാത്മകവും ക്രമാനുഗതവുമായിരിക്കും. അവയുടെ നിൎവ്വഹണത്തിനായി സുധീരമായ നടപടികൾ ഇവക്കുണ്ടു്.

## 3. ഉൽകൃഷ്ടാശയങ്ങൾ

ആത്മാഭിമാനവും മാന്യതയും ഇവരുടെ പ്രത്യേകഗുണങ്ങളാണ്. വിശാലവീക്ഷണത്തോടുകൂടിയ വിചാരങ്ങളും ചിന്തകളുമാണ് ഇവരിൽ കുടികൊണ്ടിരിക്കുന്നതു്. അതിനാൽ, ഉൽകൃഷ്ടാശയങ്ങളും ശ്രേഷ്ഠമായ പദ്ധതികളും ഇക്കൂട്ടരിൽ ദൃശ്യമാകുന്നു. അധമവും അശ്ലീലവും സാധാരണവുമായ യാതൊന്നിനും ക്രോധപ്രകൃതികളിൽ സ്ഥാനമില്ല. മഹാന്മാരേയും ജേതാക്കളേയും പുണ്യാത്മാക്കളേയും വാൎത്തെടുക്കുന്ന മഹനീയ ഗുണങ്ങളാണിവ.

4. ഏകാഗ്രതാശക്തി

ഇതാണു മറെറാരു ഗുണവിശേഷം. ഏറെറടുക്കു ന്ന ഏതൊരു വിഷയത്തിലും സർവ്വകഴിവുകളും ചെലു ത്തി, ജാഗരൂകതയോടെ പ്രവർത്തിക്കുവാനുള്ള ശക്തി ക്രോധപ്രകൃതികൾക്കുണ്ട്. അങ്ങനെ ശ്രദ്ധയെ കേന്ദ്രീ കരിക്കുവാൻ ഇവക്ക് ഒരു വിഷമവുമില്ല. "ചെയ്യുന്നതു ചെയ്യുക" എന്നതാണ് ഇവരുടെ മുദ്രാവാക്യം. ആത്മ വിശ്വാസവും കർത്തവ്യബോധവും ഇവക്കുള്ളതിനാൽ ഏതു കുഴഞ്ഞുമറിഞ്ഞ ജോലി ഏല്പിച്ചാലും നീതിപൂ ർവ്വം ഇവർ പ്രവർത്തിക്കുമെന്നു നമുക്കു ധൈര്യപ്പെടാം.

5. പരിശ്രമശീലം

ആദ്യം സൂചിപ്പിച്ചതുപോലെ ഇവരിൽ എപ്പോ ഴും വിദ്യുച്ഛക്തിയുടെ തള്ളലുള്ളതിനാൽ എന്തെന്നില്ലാ ത്ത ഒരു ഉത്സാഹശീലവും പ്രവർത്തനതല്പരതയും ക്രോധ പ്രകൃതികളിൽ പ്രകടമാകുന്നു. ഒരു ജോലിയും ഇല്ലാ തെ അടങ്ങിയിരിക്കുക ഇവരെ സംബന്ധിച്ചിടത്തോളം വിഷമമാണ്. ഒന്നു കഴിയുമ്പോൾ മറെറാന്ന്, അങ്ങ നെ എപ്പോഴും ഇവർ എന്തിലെങ്കിലും വ്യാപൃതരായിരി ക്കും. ഇതിനാലായിരിക്കണം, ഇന്നു ചെയ്യേണ്ട ജോലി 'നാളെ നാളെ' എന്നു നീട്ടിവയ്ക്കാതെ അപ്പോഴപ്പോൾ ചെയ്തുതീർക്കുന്നതു്. ഒരിക്കലും ഇവർ സമയം വൃഥാ ന ഷ്ടപ്പെടുത്തുകയില്ല.

## ക്രോധപ്രകൃതിയും ആത്മശിക്ഷണവും

മേൽപ്രസ്താവിച്ചിട്ടുള്ളവയിൽനിന്നു ഒരു സംഗതി നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. അതായതു്, ക്രോധപ്രകൃതികൾ തങ്ങളെത്തന്നെ നിയന്ത്രിക്കുന്നവ

ക്ഷം സമുദായത്തിനും രാജ്യത്തിനും അനർഘരത്നങ്ങളായി ശോഭിക്കും. മറിച്ചു, ശരിയായ പരിശീലനവും നിയന്ത്രണവും കൊടുത്തില്ലെങ്കിൽ ഇതുപോലെ കൊള്ളരുതാത്തവരായി മററാരും കാണുകയില്ല. വിശേഷിച്ച് ഉത്തരവാദിത്വമുള്ള വല്ല സ്ഥാനത്തുമാണ് ഇവരുടെ നിലയെങ്കിൽ പറയുകയും വേണ്ടാ. അതിനാൽ, താഴെപ്പറയുന്ന ചില മാർഗ്ഗങ്ങൾ ഈ ആളുകൾ അവലംബിക്കുന്നതു് ഉപകാരപ്രദമായിരിക്കും.

## 1. ഉന്നതാദർശങ്ങൾ

ഒരു മനുഷ്യൻെറ ധാർമ്മികഗുണങ്ങൾ എപ്പോഴും അവനിൽ ദൃഢമൂലമായിരിക്കുന്ന ആദർശങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. ക്രോധപ്രകൃതികൾ സ്വതവേ പ്രസരിപ്പും തീക്ഷ്ണതയും ഉള്ളവരാകയാൽ, ഇവരുടെ മനസ്സിനേയും ഹൃദയത്തേയും പരിപുഷ്ടിപ്പെടുത്തുവാൻ പോരുന്ന ഉന്നതാദർശങ്ങൾ വളരെ ആവശ്യകമാണ്. ഈ ആദർശങ്ങളുടെ തണലിൽവേണം ഇവർ സഞ്ചരിക്കുവാൻ. മഹത്തരങ്ങളായ ആദർശങ്ങളെ യാഥാർത്ഥ്യങ്ങളാക്കിപ്പകർത്തുവാൻ പഠിക്കണം. അങ്ങനെ, ചിന്തയും പ്രവൃത്തിയും മഹത്തായ ഒരു ലക്ഷ്യത്തിലേക്കു ഉയരണം. അതിനു പുണ്യാത്മാക്കളുടേയും മററു മഹാന്മാരുടേയും ജീവചരിത്രങ്ങൾ വായിച്ചു പഠിക്കുക വളരെ സഹായകമാണ്. അതിൽനിന്നു കിട്ടുന്ന നല്ലനല്ല ചിന്തകളും മാതൃകകളും അടിസ്ഥാനമാക്കി തങ്ങളുടെ ജീവിതത്തേയും വിജയപ്രദമാക്കുവാൻ ഒരാഗ്രഹം ഉളവാകും. "സഹിക്കുക അല്ലെങ്കിൽ മരിക്കുക," പാപത്തെക്കാൾനല്ലതു മരണം", "ഞാൻ വൻകാര്യങ്ങൾക്കാ

യിജനിച്ചിരിക്കുന്നു'' എന്നിങ്ങനെയുള്ള സച്ചിന്തകൾ ഇവരെ ഉണർത്തുകയും ഉത്തേജിപ്പിക്കുകയും ചെയ്യും.

2. വിനയം

അഹങ്കാരവും ഉൽക്കർഷേച്ഛയും ക്രോധപ്രകൃതികളുടെ പ്രത്യേക ദുർഗ്ഗുണങ്ങളാണെന്നു നേരത്തെ സൂചിപ്പിച്ചുവല്ലോ. ഇവയെ നേരിടുവാനും ആത്മനിയന്ത്രണം സാധിക്കുവാനും എളിമ അഭ്യസിക്കുകയാണ് ഏററം എളുപ്പമുള്ള വഴി. അത്ര വിശിഷ്ടമായ മറുമരുന്നാണ് എളിമ. സ്വന്തം മേന്മകളേയും ഗുണവിശേഷങ്ങളേയും കുറിച്ചാണല്ലോ ഇവർ അഹങ്കരിക്കുന്നത്. അപ്പോൾ ഒരു പരമാർത്ഥം ശരിക്കു ചിന്തിച്ചു മനസ്സിലാക്കിക്കഴിഞ്ഞാൽ പിന്നെ ഇവർ അഹങ്കരിക്കുകയില്ല. ആ പരമാർത്ഥം ഇതാണ്: 'തങ്ങൾക്കുള്ള ഭൗതികമോ ധാർമ്മികമോ ആയ ഗുണവിശേഷങ്ങൾ എല്ലാം ദൈവദത്തമാണ്. അവ ദൈവമഹത്വത്തിനും മററുള്ളവരുടെ നന്മയ്ക്കുംവേണ്ടിയാണ് നൽകപ്പെട്ടിരിക്കുന്നത്''. ഈ യാഥാർത്ഥ്യം ശരിക്കു മനസ്സിലാക്കി ജീവിക്കുക. ഇനി, താൻ എളിമയുള്ളവനാണോ എന്നു സ്വയം പരിശോധിച്ചറിയുന്നതിനു ഒരു വിദ്യയുണ്ട്. മററുള്ളവർക്കു തന്നേക്കാൾ സ്ഥാനമാനങ്ങളും സുഖവും സന്തോഷവും കിട്ടുമ്പോൾ തനിക്കും സന്തോഷമാണോ ഉണ്ടാകുന്നത്? അതോ അസൂയയും നിരാശയും സങ്കടവുമാണോ? എങ്കിൽ തനിക്കു ഇനിയും എളിമ ലബ്ധമായിട്ടില്ല എന്ന് അയാൾക്കു പരിപൂർണ്ണമായി വിശ്വസിക്കാം. കഴിയുംവേഗം ആ മഹനീയ ഗുണം സമ്പാദിക്കുക. അങ്ങനെ സമഭാവനയുടേയും സഹോദരോൽക്കർഷേച്ഛയുടേയും അരൂപി സ്വയം സൃഷ്ടിക്കണം. കൂടാതെ, താഴെക്കുറിച്ചിരിക്കുന്ന ചില നിശ്ച

യങ്ങൾ ചിന്താവിഷയമാക്കി പ്രവർത്തിക്കുന്നതും പ്രയോജനകരമാണു്:

1. മനസാ വാചാ കർമ്മണാ ഞാൻ ഒരിക്കലും സ്വന്തം സ്തുതിയും സ്വാർത്ഥലാഭവും അന്വേഷിക്കുകയില്ല.

2. ദൈവത്തിന്റെ വെറും ഒരു ഉപകരണമായിട്ടേ എന്നെ ഞാൻ കരുതുകയുള്ളു.

3. മററുള്ളവർക്കുവേണ്ടി എന്തു ത്യാഗവും സേവനവും ഞാൻ സസന്തോഷം അനുഷ്ഠിക്കും.

4. ഞാൻ ശാന്തതയോടും സൗമ്യതയോടുംകൂടെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യും.

അനുദിനം ആത്മപരിശോധനയ്ക്കായി ക്രോധപ്രകൃതികൾ ഒരു പ്രത്യേക സമയം നീക്കിവയ്ക്കേണ്ടതാണു്. തദവസരത്തിൽ അതതുദിവസം തങ്ങളുടെ പ്രതിജ്ഞകളെ എപ്രകാരം നിറവേററിയെന്നു നോക്കണം, തെററുകൾ വീണ്ടും ആവർത്തിക്കാതിരിക്കാൻ വേണ്ട മാർഗ്ഗങ്ങൾ സ്വീകരിക്കുകയും വേണം.

ക്രോധപ്രകൃതിയുള്ള വ്യക്തികൾ സദാ അനുസ്മരിക്കേണ്ട ചില നിർദ്ദേശങ്ങൾകൂടെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

a) ആദ്യമായി സ്വന്തം ഭവനത്തിന്റെതന്നെ ആധിപത്യം നേടുക—മററുള്ളവരെ ഭരിക്കാൻ വരട്ടെ.

b) തിടുക്കം പിടിക്കാതിരിക്കുക.

c) എന്തെങ്കിലും പ്രവർത്തിക്കുന്നതിനുമുമ്പു് രണ്ടു പ്രാവശ്യമെങ്കിലും ചിന്തിക്കുക.

d) പ്രഥമവികാരങ്ങളെ, അല്ലെങ്കിൽ, തോന്നലുകളെ അവിശ്വസിക്കുക.

e) സാധുക്കളോട്ട് അനുകമ്പ കാണിക്കുക.

f) ആരെയും അധിക്ഷേപിക്കുകയോ ഉപദ്രവിക്കുകനോ ചെയ്യാതിരിക്കുക,

g) അധികാരം ഉണ്ടെങ്കിൽ അതേക്കുറിച്ചു കേമത്തം നടിക്കുകയോ അതിനെ ദുരുപയോഗിക്കുകയോ ചെയ്യാതിരിക്കുക.

## എങ്ങനെ പരിശീലിപ്പിക്കണം?

ഇതു് ഒരു വലിയ പ്രശ്നമാണ്. പരിശീലനം നല്കുന്ന ആൾ ഇവരുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ക്രോധപ്രകൃതികളോട്ട്, ഇവർ കുട്ടികളായാലും ശരി, മാന്യമായും ശാന്തമായും സൗമ്യമായും വേണം പെരുമാറുവാൻ, ഇങ്ങനെ ശാന്തതയുടെ മഹനീയമാതൃക കാണിച്ചുകൊടുത്തുകൊണ്ടാണു് ഇക്കൂട്ടരെ പഠിപ്പിക്കേണ്ടതു്. ഹൃദയത്തെ സ്പർശിക്കത്തക്ക സംഭവങ്ങളും ന്യായങ്ങളും പറഞ്ഞു് ആദ്യമായി അവരെ വശീകരിക്കണം. അങ്ങനെ ആകർഷിച്ചുകഴിഞ്ഞിട്ടു സന്ദർഭോചിതങ്ങളായ നിർദ്ദേശങ്ങളും തത്വങ്ങളും ഇവരുടെ മുമ്പിൽ വച്ചുകൊടുക്കുക. ശരിയായ ആത്മനിയന്ത്രണത്തിന്റെ പ്രാധാന്യം ഇവരെ മനസ്സിലാക്കുകയും അതുവഴി ദൈവത്തിനും സമുദായത്തിനുംവേണ്ടി ചെയ്യുക്കൂട്ടാവുന്ന മഹനീയ സേവനങ്ങളെക്കുറിച്ചുള്ള ബോധം ഇവരിൽ വരുത്തുകയും ചെയ്യണം. ദൈവദത്തങ്ങളായ വിശിഷ്ടഗുണങ്ങളെ നേരാംവണ്ണം കൈകാര്യം ചെയ്യ

ന്നപക്ഷം നല്ലനല്ല നേതാക്കന്മാരുടേയും മഹാത്മാക്കളു ടേയും യഥാർത്ഥ പിൻഗാമികളാകുവാനുള്ള സർവ്വവിധ യോഗ്യതകളും ഇവൎക്കുണ്ടെന്ന് അധ്യാപകൻ സമൎത്ഥമാ യി ചൂണ്ടിക്കാണിക്കണം.

ക്രോധപ്രകൃതികൾ അന്തസ്സും അഭിമാനവും നോ ക്കുന്നവരാകയാൽ, സൗമ്യമായും മാന്യമായും ഇടപെടുന്ന താണു മെച്ചം. വലിയ കാൎക്കശ്യത്തോടും ഗൎവ്വോടുംകൂ ടി ഇവരെ നന്നാക്കാൻ ശ്രമിച്ചാൽ അതു പരാജയത്തി ലേ കലാശിക്കൂ; നന്നാവുന്നതിനുപകരം ഒന്നുകൂടെ വഷ ളാവുകയേയുള്ളൂ. ന്യായവും വാത്സല്യവും പ്രോത്സാ ഹനവുമാണ് ഇവരെ കൈക്കലാക്കി നിയന്ത്രണവി ധേയരാക്കുന്നതിനു പററിയ പോംവഴികൾ. ശിക്ഷക ളും പ്രായശ്ചിത്തങ്ങളും ഈ ക്രോധപ്രകൃതികളെ വെറു പ്പിക്കുകയേ ഉള്ളൂ.

കൂടാതെ, പരിശീലിപ്പിക്കുന്ന അധ്യാപകൻ ഇവ ൎക്കു പ്രായോഗികവും സുനിശ്ചിതവുമായ ചില നിയമ ങ്ങൾ നൽകണം. അവയെ സശ്രദ്ധം പാലിക്കുവാൻ നിൎബ്ബന്ധിക്കുകയും വേണം. വികാരങ്ങൾക്കും ദുരിച്ഛ കൾക്കും കടിഞ്ഞാൺ ഇടാൻ ഇവ അനുപേക്ഷണീയ വുമാണ്. മഹത്തായ ആദർശങ്ങളാൽ ഇവരുടെ സ മ്മനസ്സ് ആർജ്ജിക്കുവാൻ ഒരു അധ്യാപകനു സാധിക്കു ന്നുവെങ്കിൽ, തീൎച്ചയായും, അതു വലിയ ഒരു നേട്ടമായി ക്കും. അതുപോലെതന്നെ, ക്രോധപ്രകൃതികൾ പ്രവൎത്ത നോന്മുഖരാകയാൽ ഉപകാരപ്രദമായ ഓരോരോ കാര്യ ങ്ങളിൽ എപ്പോഴും ഇവരെ വ്യാപൃതരാക്കുവാൻ പ്രത്യേ കം ഉത്സാഹിക്കണം.

ക്രോധപ്രകൃതികൾ സാധാരണമായി രണ്ടുതരമുണ്ട്. തങ്ങളോടുതന്നെ സമരംചെയ്തു് ആത്മവിജയം നേടുന്നതിനു ദൃഢവ്രതത്തോടെ പ്രയത്നിക്കുന്നവരാണു് ഒരുകൂട്ടർ. ലക്ഷ്യത്തിൽ എത്തിച്ചേരുന്നതുവരെ ഇവർ പരിശ്രമിക്കും. ആത്മനിയന്ത്രണത്തിൽ വിജയം കൈവരിക്കുന്നതിനു ദൃഢപ്രതിജ്ഞ ചെയ്യുന്നു. ജീവിതത്തിൻെറ എല്ലാത്തുറകളിലും വിജയവും പ്രശസ്തിയും നേടാൻ ഇവക്കു സാധിക്കുകയും ചെയ്യുന്നു.

രണ്ടാംതരക്കാർ നേരെമറിച്ചാണു്. ഇവരുടെ ഉദ്ദേശ്യവും പ്രയത്നവും മററുള്ളവരെ അടക്കിവാഴുക എന്നതാണു്. ഒന്നാംകിട രാഷ്ട്രീയ നേതാക്കന്മാരും സേനാനായകന്മാരുമായി ഉയരുവാൻ ഇവക്കു സാധിച്ചേക്കും. എന്നാൽ, ആത്മപാലകന്മാരായി ആധ്യാത്മിക മണ്ഡലത്തിലേക്കു പൊങ്ങുവാൻ ഇവക്കു് എളുപ്പം സാധിക്കുകയില്ല. കാരണം, മതം ആവശ്യപ്പെടുന്നതും, ആത്മനിയന്താക്കൾക്കു് അവശ്യം ഉണ്ടായിരിക്കേണ്ടതുമായ ശാന്തത, എളിമ എന്നീ ഗുണങ്ങൾ ഇവക്കു് കുറവായിരിക്കും. ഹൃദയശൂന്യരായ സ്വേച്ഛാധിപതികളേയല്ല, വാത്സല്യനിധികളായ പിതാക്കന്മാരെയാണല്ലോ ആധ്യാത്മിക രംഗങ്ങളിൽ ആവശ്യം.

# ആറാം അധ്യായം

# മ്ലാനപ്രകൃതി

## MELANCHOLIC TEMPERAMENT

മഴക്കാറു പരന്ന ഒരുതരം മുഖഭാവമാണു സാധാരണമായി മ്ലാനപ്രകൃതികളിൽ പ്രകടമാകുക. കറുത്ത പിത്താംശങ്ങളായിരിക്കും ഇവരിൽ കൂടുതലായുള്ളതു്. പൊതുവേ പൊക്കമുള്ളതും ശരീരപുഷ്ടി കുറഞ്ഞതുമായ ദേഹം. സാവധാനമായ നടപ്പു്.

ചിന്താഗതി

മ്ലാനപ്രകൃതികളുടെ മാംസപേശികൾക്കു വേണ്ടത്ര പുഷ്ടിയും ശക്തിയുമില്ലാത്തതിനാൽ ഇവരുടെ വികാരങ്ങളും വിചാരങ്ങളും ബലഹീനങ്ങളാണു്. അതുകൊണ്ടാണു് ഇവർ ശാന്തരും അശ്രദ്ധരുമായി കാണപ്പെടുന്നതു്. എന്നാൽ, എന്തെങ്കിലും ഒരാശയം കിട്ടിക്കഴിഞ്ഞാൽ അതു് ആഴമായി ഉള്ളിൽ ഉറപ്പിച്ചുവച്ചുകൊള്ളും. ഉൽക്കണ്ഠയും ഭയവും ഇവരുടെ മറ്റു പ്രത്യേകതകളാണു്.

ബുദ്ധിശക്തി

പൊതുവേ നല്ല കുശാഗ്രബുദ്ധികളാണു് ഇവർ. ക്രാന്തദർശിത്വവും സൂക്ഷ്മതയും ഉള്ളതുകൊണ്ടു് ഏതൊരു സംഗതിയുടേയും അടിത്തട്ടുവരെ ചുഴിഞ്ഞിറങ്ങാൻ

ഇവർ തൽപരരാണ്. അങ്ങനെ നല്ലനല്ല ചിന്തകരും ഗവേഷകരും ആയിത്തീരുവാൻ മ്ലാനപ്രകൃതികൾക്കു കഴിവുണ്ട്. പക്ഷേ, തീക്ഷ്ണപ്രകൃതികളെപ്പോലെ പെട്ടെന്ന് ഒരു കാര്യം ഗ്രഹിക്കുവാൻ ഇവരെക്കൊണ്ടു സാധിക്കുകയില്ല.

## മ്ലാനപ്രകൃതിയുടെ മുഖ്യലക്ഷണങ്ങൾ

വലിയ താപ്പാനകളാകയാൽ, അത്ര പെട്ടെന്നൊന്നും ഇവരെ മനസ്സിലാക്കുവാൻ കഴിഞ്ഞെന്നു വരികയില്ല. ഇവരുടെ ഏതാനും ചില വിശേഷങ്ങൾ പറയാം:

1) വിഷാദവും ദോഷൈക ദൃഷ്ടിയും

എല്ലാത്തിന്റെയും കറുത്തവശമേ മന്ദപ്രകൃതിയുള്ള മനുഷ്യരുടെ കണ്ണിൽ ആദ്യം പെടുകയുള്ളു. എത്ര നല്ലവസ്തുവായാലും അതിന്റെ ദുഷിച്ച വശത്തേക്കാണു പ്രകൃത്യാ മ്ലാനപ്രകൃതികൾ ചായുക. അതുപോലെതന്നെ, സംഭവ്യമോ അസംഭവ്യമോ ആയ ലോകദുരിതങ്ങളെക്കുറിച്ചു കണക്കില്ലാതെ ചിന്തിക്കുന്നതിനാൽ, ഇവക്ക് എപ്പോഴും നിരാശയും മനശ്ചാഞ്ചല്യവുമാണ്. ഇതുകൊണ്ടത്രേ, മുഖഭാവം വിഷാദാത്മകമായി കാണപ്പെടുന്നതു്. ഇക്കൂട്ടരുടെ ഭാവനയും വിചാരവും എപ്പോഴും ഇളകിമറിഞ്ഞുകൊണ്ടിരിക്കുന്നു. തന്മൂലം, ഏററം നിസ്സാരമായ ഒരു ധാർമ്മികതിന്മയോ ശാരീരികക്ലേശമോ കണ്ടുകഴിഞ്ഞാൽ ഉടനെ വിരളുകയായി. ഒരു ജലദോഷം വന്നാൽമതി ടയിഫോയിടുകാരന്റെ പരവേശം കാണിക്കും!

## 2) ചിന്താശീലം

വ്യക്തികൾ, കാര്യങ്ങൾ, സംഭവങ്ങൾ ഇവയെ പ്പററി അഗാധമായും ഗൗരവപൂർവ്വമായും വീണ്ടും വീണ്ടും ചിന്തിക്കുന്നവരാണു ജ്ഞാനപ്രകൃതികൾ. എന്തിനെപ്പ ററി ചിന്തിക്കുവാൻതുടങ്ങിയോ അതിൻെറ സകല വ ശങ്ങളുടേയും കാര്യകാരണാർത്ഥങ്ങൾ മനസ്സിലാക്കാതെ ഇവരടങ്ങുകയില്ല; ഇവരുടെ ബുദ്ധി തൃപ്തിപ്പെടുകയില്ല. ഈ അതിരുകടന്ന ചിന്താശീലമാന്നു് ഈ മനുഷ്യരുടെ പല പ്രത്യേകതകളുടേയും കാരണം; തന്നെയല്ല, ഇതുമൂ ലം പലപല ഏടാകൂടങ്ങളിലും ഇവർ ചെന്നുചാടാറുമു ണ്ടു്. ഏററം നിസ്സാരമായ ഒരു വികാരത്തെ അടിസ്ഥാ നമാക്കി ഇവരങ്ങു ചിന്തിച്ചുപോയാൽ, ചിലപ്പോൾ മാററിയാൽ മാറാത്ത വേരുറച്ച നിഗമനങ്ങളിലാണു് ചെന്നു നില്ക്കുക.

## 3) ഏകാന്തതാപ്രേമം

ചിന്താശീലരായ ഇവർ ധ്യാനാത്മകജീവിതം ഇ ഷ്ടപ്പെടുന്നതിൽ ഒട്ടും അത്ഭുതപ്പെടാനില്ല. ഇവർ എ വിടേയും നിശ്ശബ്ദതയും നിശ്ചലതയും തേടുന്നു. മററു ള്ളവരുമായി സഹവസിച്ചു രസിച്ചു നടക്കുക ഇവക്കു ഇഷ്ടമല്ല. നേരെമറിച്ചു, ഒരു ഒഴിഞ്ഞ മുറിയോ സ്ഥ ലമോ ലഭിച്ചാൽ സന്തോഷമായി. അവിടെ ശല്യമൊ ന്നുംകൂടാതെ ഗാഢചിന്തയിൽ ലയിക്കാമല്ലോ.

## 4) കടുത്ത ജീവിതനിരീക്ഷണം

ഏകാന്ത ചിന്തയിൽ മുഴുകിയിരുന്നുകൊണ്ടു് ജ്ഞാന പ്രകൃതികൾ യഥാത്ഥജ്ഞാനം സമ്പാദിക്കുവാനും ശ്രമി

ക്കാറുണ്ട്. നിത്യത്വത്തിന്റെ വെളിച്ചത്തിലാണ് ഇവർ എന്തിനേയും വീക്ഷിക്കുന്നത്. ഇവരുടെ ജീവിതനിരീക്ഷണം പ്രശസ്തവും വസ്തുനിഷ്ഠവും ആയിരിക്കും. മിക്കവാറും, ജീവിതയാഥാർത്ഥ്യങ്ങളെക്കുറിച്ചു ഗൗരവപൂർവ്വം ചിന്തിച്ചിരിക്കുന്ന ഈ ആളുകൾ ബാലിശങ്ങളായ പ്രവൃത്തികളിൽ വൃഥാ സമയം പാഴാക്കാറില്ല.

5) പ്രവർത്തനവിമുഖത

ലോകവും സാഹചര്യങ്ങളും ഗ്ലാനപ്രകൃതികളെ കാര്യമായി സ്പർശിക്കാത്തതുകൊണ്ട് ഇവർ പ്രായേണ പ്രവർത്തനവിമുഖരാണ്. എന്തെങ്കിലും ഒരു ധാർമ്മികതത്വത്തിന്റെ ഉത്തേജനം കിട്ടുമ്പോൾ മാത്രമേ ഉത്സാഹത്തോടെ കൈ അനക്കുകയുള്ളു. അതിരില്ലാത്ത ചിന്തയും അങ്ങേയററത്തെ സംശയവുമാണ് ഇവരെ നിരുന്മേഷരും വിഷാദാത്മകരുമാക്കുന്നത്.

6) അപ്രായോഗികത

ചിന്തിച്ചുചിന്തിച്ചു ഒരു തീരുമാനത്തിൽ എത്തുന്നതിന് ഇവർ ആവശ്യമില്ലാതെ സമയം കളയും. തന്നിമിത്തം, നന്മ പ്രവർത്തിക്കുവാനുള്ള സുവർണ്ണാവസരങ്ങൾ വെറുതെ നഷ്ടപ്പെടുത്തിക്കളയുക സാധാരണമാണ്. ഒരു ലക്ഷ്യത്തിലേക്കു പല വഴികൾ കണ്ടുപിടിക്കുകയും എന്നാൽ, അതിലേതു സ്വീകരിക്കണമെന്നു സംശയിച്ചു നില്ക്കുകയും ചെയ്യുന്നതാണ് ഇവരുടെ അപ്രായോഗികതയ്ക്കു മറെറാരു കാരണം. ചിലപ്പോൾ, നൂറുവിദ്യ അറിയാമായിരുന്ന കുറുക്കനെപ്പോലെ അവതാളത്തിലാവുകയും ചെയ്യും.

7) അവ്യക്തത

അഗാധചിന്തയും കണക്കററ വീണ്ടുവിചാരവും മ്ലാനപ്രകൃതികളെ പതുങ്ങികളും സാസാരചാതുര്യമില്ലാത്തവരുമാക്കിത്തീക്കുന്നു. ഏകസമയം വിവിധ ചിന്തകൾ തലയിൽ കയറുകയും പല ആശയങ്ങളുമായി കെട്ടുപിണയുകയും ചെയ്യുന്നതിനാൽ, അടുക്കിയൊതുക്കി അവയെ പ്രകാശിപ്പിക്കുവാൻ ഇവക്കു കഴിവില്ലാതെ പോകുന്നു. ഒരുവൻ മ്ലാനപ്രകൃതിയോ അല്ലയോ എന്നറിയാൻ പററിയമാൎഗ്ഗം പെട്ടെന്നു് ഒരുക്കംകൂടാതെ ഒരു പ്രസംഗം പറയുവാൻ ആവശ്യപ്പെടുക എന്നതാണു്. മ്ലാനപ്രകൃതിയാണെങ്കിൽ അയാൾക്കു് ഉടനെ 'പരിഭ്രമമാകും. എങ്ങനെയെങ്കിലും സ്ഥലം വിടണമെന്നാണു് പിന്നത്തേ നോട്ടം. ഇനി മറെറാരു വിശേഷം! മ്ലാനപ്രകൃതികളായ വിദ്യാൎത്ഥികൾ നന്നായി പാഠങ്ങൾ പഠിച്ചിട്ടുണ്ടെങ്കിലും പരീക്ഷയിൽ പലപ്പോഴും പരാജയമടയുന്നു. കാരണം, ഇവരുടെ ആത്മവിശ്വാസമില്ലായ്മയും പ്രതിപാദനന്യൂനതയുമാണു്: ഇവരോളം ഒരുങ്ങിയിട്ടില്ലെങ്കിലും പരീക്ഷവരുമ്പോൾ തീക്ഷ്ണപ്രകൃതികൾ കൂടുതൽ വിജയം നേടുകയും ഇവർ തോല്ക്കുകയും ചെയ്യുന്നതിൻെറ രഹസ്യവും ഇതാണു്.

8) നിശ്ശബ്ദത

സ്വന്തം ആശയങ്ങളും അഭിപ്രായങ്ങളും പ്രകടിപ്പിക്കുവാൻ പററിയ വാക്കുകളും ശൈലികളും കിട്ടാതെ വിഷമിക്കുന്നതിനാൽ, സ്വാഭിപ്രായങ്ങളേയും അഭിലാഷങ്ങളേയും മററുള്ളവരെ അറിയിക്കുവാൻ ഇവർ മടിക്കുന്നു. അഥവാ മററുള്ളവരുമായി ഒരു സംഭാഷണ

ത്തിലേർപ്പെട്ടാൽത്തന്നെ ഉള്ളിലെപ്പോഴും ഒരു പരാജയബോധമാണ് കിടന്നു തിളയ്ക്കുന്നതു്. സ്വകൃത്യം വേണ്ടപോലെ ചെയ്തില്ല, ചെയ്യുവാൻ പററുന്നില്ല എന്ന വിചാരംനിമിത്തം അസംതൃപ്തി വിട്ടുമാറുകയില്ല. ഇവരുടെ മൂകതയ്ക്കു വേറൊരുകാരണം മററുള്ളവർ തങ്ങളെ തെററിദ്ധരിക്കുന്നു എന്ന ചിന്തയാണ്.

9) ഭീരുത്വം

വാസ്തവത്തിൽ, നല്ല കഴിവുള്ളവരാണു ശ്ലാനപ്രകൃതികൾ, പക്ഷേ, ബഹുജനങ്ങളുടെ മുമ്പിൽ തലകാണിക്കുവാൻ ധൈര്യപ്പെടുകയില്ല. ഇതവരുടെ എളിമയും വിനയവും കൊണ്ടാണെന്നു വിചാരിച്ചേക്കാം. എന്നാൽ, പ്രധാന കാരണം, അബദ്ധം പിണയുമോ എന്ന ഭയമാണ്-നട്ടെല്ലിൻെറ ബലഹീനതയാണ്. സ്തുതിബഹുമാനാദികളോട്ട് ഇവക്കു വലിയ താല്പര്യമില്ല. എന്നാൽ, പബ്ളിക്കസ്ഥാനങ്ങളിൽ വല്ലതും കാണിച്ചു മററുള്ളവരുടെ മുമ്പിൽ അവമാനിതരാകുവാൻ ഇവർ ഇഷ്ടപ്പെടുകയില്ല. ഇതു ഒരു പ്രത്യേകതരം അഹങ്കാരം തന്നെയാണ്. 'ശ്ലാനാഹങ്കാരം' എന്നുവേണമെങ്കിൽ ഇതിനു പേർ പറയാം. ശ്ലാനപ്രകൃതികൾ മററുള്ളവർക്കായി സ്ഥാനമാനങ്ങളും പേരും പെരുമയും വിട്ടുകൊടുത്തു് താഴ്ന്ന സ്ഥാനം നോക്കി മാറിമാറി നില്ക്കുന്നെങ്കിൽ, അതു പലപ്പോഴും ഇവരുടെ എളിമയോ ആത്മാത്ഥതയോ നിമിത്തമല്ല, പ്രത്യുത സങ്കോചവും ഭീരുത്വവും നിമിത്തമാണ്,

# മ്ലാനപ്രകൃതികളുടെ പ്രധാന ദുർഗുണങ്ങൾ

## 1. നിരാശയും വിഷാദവും

ഈ ലോകത്തിലെ ദുഃഖാരിഷ്ടതകളെക്കുറിച്ചു മ്ലാനപ്രകൃതികൾ സസൂക്ഷ്മം ചിന്തിക്കുന്നു. അവയുടെ ഭീകരത തനിനിറത്തിൽതന്നെ ഇവർ ദർശിക്കും. ആ ദർശനം ഹൃദയത്തെ ഗാഢമായി സ്പർശിക്കുകയും ചെയ്യും. ഉദാഹരണത്തിനു്; പാവങ്ങളുടെ ദീനരോദനങ്ങൾ ഒരു വശത്തുനിന്നും ധനവാന്മാരുടെ പൊട്ടിച്ചിരികൾ മറുവശത്തുനിന്നും കേൾക്കുന്നെന്നു വിചാരിക്കുക. പെട്ടെന്നു ഇവരുടെ മൃദുലവികാരങ്ങൾ ജൃംഭിക്കും. തൽഫലമായി ആകുലചിത്തരാകുമെന്നു മാത്രമല്ല, ഇക്കാണുന്ന സാമുദായിക വ്യവസ്ഥിതിയെ ഉടച്ചുവാർത്തിട്ടേയുള്ളു എന്നു ചിലപ്പോൾ ശപഥവും ചെയ്യും. മുന്നോട്ടിറങ്ങി പുതിയോരുമാർഗ്ഗം വെട്ടിത്തുറക്കാൻ ശ്രമിച്ചു പരാജയപ്പെട്ടാൽ, പിന്നെ വിചാരവും ദുഃഖവുംകൊണ്ടു സമയം കളയും. മ്ലാനപ്രകൃതിയിൽ കൂടെക്കൂടെ ഉണ്ടാവുന്ന ഈ വാശിയും വിഷാദവും വിചാരവും തക്കസമയത്തു നിയന്ത്രണാധീനമാക്കിയില്ലെങ്കിൽ, ഒരു പക്ഷേ അതു കടുത്ത നിരാശയായും ചിലപ്പോൾ മാനസികരോഗമായും മാറാൻ എളുപ്പമുണ്ടു്.

## 2. സംശയദൃഷ്ടി

മ്ലാനപ്രകൃതികൾ പ്രകൃത്യാ ദോഷൈകദൃക്കുകളാണല്ലോ. പോരെങ്കിൽ വിചാരാധീനരുമാണു്. സ്വന്തം ഭാവനയുടെ കറുത്ത ചിറകുകളിൽ മററുള്ളവരുടെ മുക

ളിൽക്കൂടെ പറക്കുകയാണ് ഇവർ. മററുള്ളവരുടെ യഥാർത്ഥമോ സങ്കല്പിതമോ ആയ തെററുകളെക്കുറിച്ചു ചിന്തിച്ചു മണിക്കൂറുകളും ദിവസങ്ങളും കഴിച്ചുകൂട്ടുന്നു. കൂടെയുള്ളവർ മനസ്സാ, വാചാ, കർമ്മണാ അറിയാത്ത കാര്യങ്ങൾപോലും അനുമാനിച്ചെടുത്തു കുററം ആരോപിക്കുവാൻ ഇവർ ശ്രമിക്കും. അങ്ങനെ മററുള്ളവർ എല്ലാം ആകപ്പാടെ വഷളാണെന്നു് മുൻവിധിചെയ്യുന്നു. ഈ ദുർഗ്ഗുണം മൂലമാണു മററു സഹോദരരിലും അധികാരികളിലും ഇവർക്കു മനോവിശ്വാസം തീരെ കുറഞ്ഞുപോകുന്നതു്.

3. മുൻകോപം

ഹൃദയവിശാലത എന്നു പറയുന്നതു് ഇവർക്കു് ഒട്ടും ഇല്ലേ എന്നു ചിലപ്പോൾ നമുക്കു തോന്നിപ്പോകും. നിസ്സാരകാര്യങ്ങൾ കണ്ടാൽമതി, അല്ലെങ്കിൽ വെറുമൊരു തമാശ കേട്ടാൽമതി ഇവരുടെ മുഖഭാവം മാറാനും വിരോധവും വൈരാഗ്യവും മുളയെടുക്കാനും. വല്ലാത്ത മുൻകോപമാണ് എപ്പോഴും. എന്നാൽ. മററുള്ളവരെ നിർദ്ദയം കുററപ്പെടുത്തുവാനും അധികാരികളെപ്പോലും വിമർശിക്കുവാനും ഈ മനുഷ്യർ മടിക്കുകയുമില്ല. ഇവരുടെ വിചാരവും വാക്കും പ്രവൃത്തിയും എല്ലാം പലപ്പോഴും സഹോദരസ്നേഹം എന്ന പരമോന്നത ഗുണത്തിനു കടകവിരുദ്ധങ്ങളായിരിക്കും.

4. പ്രതികാരബുദ്ധി

ഹൃദയവിശാലതയില്ലെങ്കിൽപിന്നെ ഹൃദയകാഠിന്യത്തിനാണല്ലോ സ്ഥാനം. ഌാനപ്രകൃതികൾക്കു മററു

ള്ളവരിൽനിന്നുണ്ടാകുന്ന ഉപദ്രവങ്ങൾ സഹിക്കുക സാദ്ധ്യമല്ല. ഏതു ചെറിയ ദ്രോഹവും മനസ്സിൽ മായാതെകിടക്കും. പ്രതികാരത്തിനായി ഇവർ പല്ലിറുമ്മിക്കൊണ്ടിരിക്കുകയും ചെയ്യും. അതിനാൽ, സാധാരണമായി വൈരാഗ്യവും കലഹവും ഇവരുടെ കൂടെപ്പിറപ്പുകളാണ്. ക്ഷമിക്കാൻ ശക്തി വളരെ കുറവായിരിക്കും.

### 5. അസഹിഷ്ണത

ഇവർ ഭാവനാധീനരാകയാൽ, ഉള്ളതും ഇല്ലാത്തതുമായ വിഷമതകളെ എപ്പോഴും അതിവർണ്ണനംചെയ്യുന്നു. അല്പമായ വേദനയേ ഉള്ളുവെങ്കിലും ശരി, ഇവർ മരണവേദനയുടെ പരവേശമാണു കാണിക്കുക. അതിനാൽ, രോഗാവസരങ്ങളിൽ ഇവരുടെ വല്ലായ്മയും അസംതൃപ്തിയും വർദ്ധിക്കുന്നു. ഡോക്ടറേയും മരുന്നിനേയും ശുശ്രൂഷകരേയും എല്ലാം അപ്പോൾ ഇവർ വെറുക്കും. കോപവും സങ്കടവും വിലാപവുംകൊണ്ടു തങ്ങളുടെ അസംതൃപ്തി അസഹനീയമാംവിധം പ്രകടമാക്കുകയും ചെയ്യും. രോഗാവസരങ്ങളിലാണു മ്ലാനപ്രകൃതികളുടെ സാക്ഷാൽ നിറം നമുക്കു ദൃശ്യമാകുക.

## സൽഗുണങ്ങൾ

### 1. ആദ്ധ്യാത്മികാഭിരുചി

ആദ്യം പറഞ്ഞതുപോലെ, മ്ലാനപ്രകൃതികൾ മനുഷ്യജീവിതത്തെക്കുറിച്ചു ചുഴിഞ്ഞു ചിന്തിക്കുന്ന കൂട്ടത്തിലാണ്. ഐഹികജീവിതത്തെ പാരത്രിക ജീവി

തത്തിന്റെ ഒരു ചവിട്ടുപടിയായിട്ടുമാത്രമേ ഇവർ കണക്കാക്കുന്നുള്ളു. അതിനാൽ, ഈലോകജീവിതത്തെ ശുഭമായി പര്യവസാനിപ്പിക്കണമെന്ന് ഇവർ ആഗ്രഹിക്കുന്നു. സ്വർഗ്ഗപ്രാപ്തിയ്ക്കു ഐഹികജീവിതം എത്രമാത്രം ഉപകരിക്കുമോ അത്രയും പ്രായോഗികമാക്കുവാൻ ശ്രമിക്കുകയും ചെയ്യും.

## 2. അനുകമ്പ

മ്ലാനപ്രകൃതികൾ പ്രതികാരബുദ്ധികളാണെങ്കിലും കരുണാർദ്രരുമാണ്. മററുള്ളവരുടെ ബുദ്ധിമുട്ടുകളും വേദനകളും സ്വന്തമെന്നപോലെ കണക്കാക്കി അവരെ സഹായിക്കുന്നതിന് എന്തു ത്യാഗവും അനുഷ്ഠിക്കുവാൻ ഇവർ മുന്നോട്ടുവരും. തങ്ങളെത്തന്നെ പരിത്യജിച്ചു മററുള്ളവരെ ഉയർത്തുവാൻവേണ്ടി ധീരതയുടെ അങ്ങേ അററംവരെ കുതിച്ചുപായുന്ന അവസരങ്ങളും ഇല്ലാതില്ല. ചിലപ്പോൾ ഈ തീക്ഷ്ണത, അതിന്റെ ലക്ഷ്യത്തിലെത്തുന്നില്ലെന്നു കാണുമ്പോൾ, അല്ലെങ്കിൽ അതിനുവേണ്ട ശക്തി തങ്ങൾക്കു ഇല്ലെന്നു കാണുമ്പോൾ ഇവർ കടുത്ത നൈരാശ്യത്തിൽ വീണുപോകാറുണ്ട്.

## 3. ക്രാന്തദർശിത്വം

ചിന്താശീലരാണല്ലോ ഇവർ. അപ്പോൾ, ഏതൊരു പ്രശ്നത്തിലും തല ചുഴിഞ്ഞു് ആലോചിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. മാത്രമല്ല, സ്ഥിതിഗതികളുടെ സൂക്ഷ്മസ്ഥിതി കണ്ടുപിടിക്കുവാൻ ഇവക്കു പ്രത്യേക സാമർത്ഥ്യവുമുണ്ട്. നിരന്തരചിന്തയും അന്വേഷണവും വഴി ഏതിന്റേയും മൂലകാരണം ഇവർ കണ്ടെടുക്കും.

അതിനാൽ. ശ്ലാനപ്രകൃതിയുള്ള ഗ്രന്ഥകാരന്മാർ എഴുതുന്ന കൃതികൾക്കു് സർഗ്ഗാത്മകമായ പ്രത്യേകമൊരു ഈടും ചൂടും ഉണ്ടായിരിക്കും. ലോകത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള സുപ്രസിദ്ധ ചിന്തകന്മാർ മിക്കവരും ശ്ലാനപ്രകൃതികളായിരുന്നു എന്നു പറഞ്ഞാൽ വലിയ തെറ്റില്ല. ഇക്കൂട്ടരെപ്പററി സുപ്രസിദ്ധ മനഃശാസ്ത്രവിദഗ്ദ്ധനായ മി. ഷൂബർട്ട് പറഞ്ഞിരിക്കുന്നതു പ്രകൃതത്തിൽ ശ്രദ്ധേയമാണു്: "പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള മഹാകവികൾ, ചരിത്രകാരന്മാർ, തത്വചിന്തകർ, ഗവേഷകർ നിയമവിദഗ്ദ്ധന്മാർ, വിശിഷ്യ മഹാവിശ്രുദ്ധർ എന്നിവരെല്ലാം ശ്ലാനപ്രകൃതികളുടെ നിരീക്ഷണശക്തിയുള്ളവരായിരുന്നു എന്നതു സമ്മതിച്ചു കഴിഞ്ഞിരിക്കുന്ന ഒരു പരമാർത്ഥമാണു്." ശ്ലാനപ്രകൃതികളെ സംബന്ധിച്ചിടത്തോളം മറെറാരു വിശേഷംകൂടിയുണ്ടു്. തങ്ങൾ പഠിച്ചുവച്ചിരിക്കുന്ന സത്യങ്ങൾ മാത്രമല്ല, സ്വചിന്തയും പരിശ്രമവും മുടക്കി സമ്പാദിച്ചിരിക്കുന്ന വിശിഷ്ടയാഥാർത്ഥ്യങ്ങളും മററുള്ളവർക്കായി വിശദീകരിച്ച് ഇവർ ലോകത്തെ ധന്യമാക്കുന്നു.

## 4. ഉപദേശചാതുര്യം

ആലോചനക്കാരും ഉപദേഷ്ടാക്കളും ആകുവാൻ ഏററം പററിയവർ ശ്ലാനപ്രകൃതികളാണു്. കാരണം രണ്ടാണു്. ഒന്നു്: സ്ഥിതിഗതികളെ ഇവർ നന്നായി പരിശോധിച്ചു പഠിക്കും. രണ്ടു്: ഇവരുടെ തീരുമാനം അഥവാ, വിധി ശരിയായിരിക്കും. പക്ഷാപാതമോ മുൻവിധിയോ സ്വന്തം വികാരവിചാരങ്ങളോ സത്യാവസ്ഥ തുറന്നു പറയുന്നതിൽനിന്നു് ഇവരെ വ്യതിചലിപ്പിക്കുവാൻ ശക്തമല്ല. പോരെങ്കിൽ ഇവരുടെ വികാ

രങ്ങൾ അത്ര ഉൽക്കടങ്ങളുമല്ല. യുക്തിയും ന്യായവുമാണു നോട്ടം. ഇതിനാൽ, ശ്ലാനപ്രകൃതികളുടെ അഭിപ്രായം കേട്ടു പ്രവത്തിച്ചാൽ അബദ്ധം അധികം പിണയുകയില്ലെന്നു പറയാം. കൂടാതെ, നല്ല തെളിഞ്ഞ മനസ്സാക്ഷിയും ഉള്ളതിനാൽ മററുള്ളവരെ ചതിച്ചു പുലിവാൽ പിടിപ്പിക്കുവാൻ ഇവർ ആഗ്രഹിക്കുകയില്ല.

## ശ്ലാനപ്രകൃതിയും ശിക്ഷണവും

ഇത്ര നല്ല ഗുണവിശേഷങ്ങളുള്ള ഈ മനുഷ്യർ എന്താണു പലപ്പോഴും പരാജിതരായി കാണപ്പെടുന്നതു്? മറെറാന്നുമല്ല കാരണം; കടിഞ്ഞാണില്ലാത്ത ഭാവനയും മനശ്ചാഞ്ചല്യവുംതന്നെ. ഇവരണ്ടും നിയന്ത്രിച്ചു വേണ്ടപോലെയാക്കിയാൽ ശ്ലാനപ്രകൃതികളുടെ ന്യൂനതകളും തെററുകളും താനേ മാറിക്കൊള്ളും.

### 1. പ്രവത്തനനിരതരായിരിക്കുക

"അലസത തിന്മയുടെ കൂടാരമാണു" എന്നാണല്ലോ പഴഞ്ചൊല്ലു്. കൈയുംകെട്ടി ചുമ്മാതെ കട്ടിലിൽതന്നെ കഴിച്ചുകൂട്ടുന്നവരെ പ്രലോഭനങ്ങൾ വെറുതെവിടുകയില്ല; അങ്ങനെ, അറിയാതെ അവർ പ്രലോഭനങ്ങളുടെ അടിമകളായിപ്പോകുന്നു. ജോലിയില്ലാത്ത മണിക്കൂർ ചെകുത്താൻെറ മണിക്കൂറാണെന്നുതന്നേ പറയാം. അങ്ങനെയെങ്കിൽ, എപ്പോഴും മനോരാജ്യത്തിലും വൃഥാചിന്തയിലും മുഴുകിയിരിക്കുന്ന ശ്ലാനപ്രകൃതികളുടെ കഥ പറയണമോ? അതിനാൽ, ആദ്യമായിത്തന്നെ ഈ വ്യത്ഥമായ വിചാരങ്ങളും അതിരില്ലാത്ത ചിന്തകളും

ഉപേക്ഷിക്കണം. എന്നിട്ട് ഉപകാരമുള്ള എന്തെങ്കിലും പ്രവൃത്തിയിൽ ശ്രദ്ധിക്കണം. അവിശ്രമം പരിശ്രമി ക്കുവാൻതന്നെ തയ്യാറെടുക്കുക. പിശാചിനു് ആല കെ ട്ടാനുള്ളതല്ലല്ലോ നമ്മുടെ മനസ്സ്!

## 2. ഗുണൈകദൃഷ്ടി

പ്രകൃത്യാ വിഷാദാത്മകരായ ഇവർ ശുഭാപ്തിവി ശ്വാസികളായി മാറുക ഏററം അത്യന്താപേക്ഷിതമാ ണ്. എല്ലാക്കാര്യങ്ങൾക്കും ഉണ്ടു് ചീത്തവശവും നല്ല വശവും. ഈ ചീത്തവശമാണു് മ്ലാനപ്രകൃതികൾ ആ ദ്യം നോക്കുന്നതു്. ആ സ്വഭാവം മാററണം. എന്നിട്ട് ഓരോ വ്യക്തിയേയും സംഭവത്തേയും സംഗതിയേയും അതതിൻെറ നല്ലവശത്തൂടെ കാണുക. നിർബ്ബന്ധബു ദ്ധിയോടെതന്നെ ഈ ഗുണം സമ്പാദിക്കേണ്ടതാണു്. അങ്ങനെ ഇരുട്ടിൽനിന്നു വെളിച്ചത്തിലേക്കു വരണം. ഇനി, സന്താപജനകമോ അസുഖകരമോ ആയ ഒരു വാർത്ത കേൾക്കുന്നെന്നു വിചാരിക്കുക. പെട്ടെന്നു ഭാവപ്പകർച്ചയ്ക്കടിപ്പെട്ടു കൂടുതൽ ദുഃഖവും അസുഖവും ഉണ്ടാക്കാതെ ആത്മനിയന്ത്രണം പാലിക്കുക. ഏതാ ണ്ടിപ്രകാരം ചിന്തിക്കുന്നതും പറയുന്നതും നന്നായിരി ക്കും. "ഓ! ഇത്രയേ വന്നുള്ളല്ലോ, ഓ! ഇതു സാരമില്ല; വി ചാരിച്ചിടത്തോളം കഷ്ടമല്ല; ഇല്ലാത്തതും പർവ്വതീകരി ച്ചു കാണുക എൻെറ ചീത്തസ്വഭാവമാണു്. കാർമേ ഘം കാണുമ്പോൾ കൊടുങ്കാററായി എന്നു വിചാരിക്കു ന്നവനല്ലേ ഞാൻ? ഇതെല്ലാം എൻെറ ഭാവനയുടേയും സങ്കുചിതബുദ്ധിയുടേയും ഫലമാണു്. അതിനാൽ, ഒരു വിശാലവീക്ഷണരീതി എനിക്കു കൂടിയേ കഴിയൂ. ഇതു ഞാൻ പരിശ്രമിച്ചു സമ്പാദിക്കും." ഈദൃശമായ ചി

ന്തകളോടെ ഉത്സാഹിച്ചു ശ്രമിക്കുന്നപക്ഷം എല്ലാം ശരിയായിക്കൊള്ളും.

### 3. വിചാരനിയന്ത്രണം

ഌാനപ്രകൃതികൾ സദാ അസുഖകരവും അനിഷ്ടകരവുമായ കാര്യങ്ങൾ ഓർത്തു നീറിപ്പുകഞ്ഞു കഴിയുന്നവരാണല്ലോ. ഇപ്രകാരം പുകച്ചിലും ചിന്തകളുമായി കാലം കഴിക്കുന്നതുകൊണ്ട് എന്തു പ്രയോജനമാണു ഉണ്ടാവുക? അതിനാൽ, അത്തരം കാര്യങ്ങളെക്കുറിച്ചുള്ള വീണ്ടുവിചാരത്തിൽനിന്നു മുക്തി പ്രാപിക്കുക. സ്വയം നന്നാവണമെന്നു യഥാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ ഇങ്ങനെ പരിശ്രമിച്ചേ തീരൂ. മഹാന്മാക്കൾ ഒരിക്കലും നിരുത്സാഹരായി കറുത്ത മുഖവുമായി ഌാനപ്രകൃതിയുടെ പാവകളായി സമയം കളഞ്ഞിട്ടില്ലെന്നു നാം ഓർക്കണം.

### 4. പരസ്നേഹചിന്തകൾ

മററുള്ളവരുടെ കുററവും കുറവും ഭൂതക്കണ്ണാടിയിലെന്നോണം സൂക്ഷിച്ചു പരിശോധിച്ചു ചിന്തിക്കുക ഌാനപ്രകൃതികളുടെ ഒരു പതിവാണ്. പക്ഷേ, ഇതെന്തൊരുവിഡ്ഢിത്തരമാണെന്നിവർ അറിയുന്നില്ല. കോപവും കലഹവും പ്രതികാരവുമാണു ഫലം. അതിനാൽ ഇവർ തങ്ങളുടെ ഭാവനയും ചിന്തയും ഈ മനഃസ്ഥിതിയിൽനിന്നു പറിച്ചുമാററി പരസ്നേഹത്തിൻെറ പന്തിയിൽ വയ്ക്കണം. അനുകമ്പാരഹിതങ്ങളായ വിചാരങ്ങളും രൂക്ഷമായ വാക്കുകളും തീരെ വർജ്ജിക്കണം. സ്നേഹവും മര്യാദയും എപ്പോഴും പ്രകടിപ്പിക്കുക. എന്നാൽ,

ഇവരുടേയും മററുള്ളവരുടേയും ജീവിതം ആനന്ദപ്രദമായിക്കൊള്ളും.

## പരിശീലനരീതി.

മ്ലാനപ്രകൃതികളെ പരിശീലിപ്പിക്കുക വളരെ പ്രാധാന്യമുള്ള ഒരു സംഗതിയാണ്. വാത്സല്യത്തോടും അനുകമ്പയോടുംകൂടെവേണം ഇവരോടു പെരുമാറുവാൻ. പക്ഷേ, നിശ്ചയദാർഢ്യവും ആദർശബോധവും കൈവിടരുത്. വൃഥാ വരുന്ന തോന്നലിനൊത്തു തുള്ളരുതെന്നു പ്രത്യേകം നിഷ്കർഷിക്കണം. അതുപോലെ, സംശയനിവാരണം വരുത്തിയല്ലാതെ ഒന്നും പ്രവത്തിക്കരുതെന്നും ഉപദേശിക്കണം. കാര്യഗൗരവമുള്ള ഒരു നിയന്താവിൻെറ നിർദ്ദേശത്തിനു വിധേയരായിരിക്കുവാൻ ഇവരെ നിർബ്ബന്ധിക്കണം. മഹാനായ കൊണ്റാഡ് ഹോക്ക ചൂണ്ടിക്കാണിച്ചിരിക്കുന്ന നിർദ്ദേശങ്ങളനുസരിച്ച് ഇവരെ പരിശീലിപ്പിക്കുന്നതു ഫലപ്രദമായിരിക്കും. അദ്ദേഹം പറയുന്നു:

1) "പരിശീലനകത്താവ് മ്ലാനപ്രകൃതികളെ അനുകമ്പാപൂർവ്വം സമീപിക്കുക ആവശ്യമാണ്. ഇവരുടെ മുഖ്യലക്ഷണങ്ങൾ അദ്ദേഹം കാലേകൂട്ടി പഠിച്ചിട്ടില്ലെങ്കിൽ, ഇവരുമായി അടുക്കുമ്പോൾ പ്രത്യക്ഷപ്പെടുന്ന പ്രത്യേകതകളും വൈരുദ്ധ്യങ്ങളും കണ്ട് ആശ്ചര്യപ്പെട്ടുപോകുവാൻ എളുപ്പമുണ്ട്; തന്നെയല്ല, അവയുടെ ഉത്ഭവം എവിടെനിന്നാണെന്നു കണ്ടുപിടിക്കുക പ്രയാസമായും വരും. അതിനാൽ, ഉപദേഷ്ടാക്കൾ ആദ്യമായിത്തന്നെ മ്ലാനപ്രകൃതിയുടെ വിശേഷങ്ങളേയും അവ എങ്ങനെ

വിവിധ വ്യക്തികളിൽ പ്രകടിതമാകുന്നു എന്നതിനേയുംപററി നന്നായി പഠിക്കണം. ഇതു മനസ്സിലാക്കുവാൻ കെല്പില്ലാത്ത ഉപദേഷ്ടാവിനെക്കൊണ്ടു് ഇവരുടെ പക്കൽ ഒന്നും പററുകയില്ല.

2) "അടുത്തപടി, മ്ലാനപ്രകൃതികളുടെ വിശ്വാസം ആർജ്ജിക്കുകയാണ്. ഇതു് അനുപേക്ഷണീയംതന്നെ. അധ്യാപകൻെറ ഏതൊരു പ്രവൃത്തിയിലും ഉപദേശത്തിലുംനിന്നു ഇവക്കു് മനസ്സിലാവണം, അദ്ദേഹം ഇവരെ ആത്മാർത്ഥമായി സ്നേഹിക്കുന്നുണ്ടെന്നും ഇവക്കുവേണ്ടി എന്തും ചെയ്യുവാൻ തയ്യാറാണെന്നും. അതിനുപററിയ മാതൃകകൾ കാണിച്ചുകൊടുക്കണം. സൂര്യപ്രകാശദർശനത്തിൽ പൂമൊട്ടുകൾ വികസിക്കുന്നതുപോലെ, ആത്മാർത്ഥതയുടേയും സ്നേഹത്തിൻേറയും ചൂടേല്ക്കുമ്പോൾ മ്ലാനപ്രകൃതികളുടെ ഹൃദയവും തുറന്നു വിശാലമാകും.

3) "നിരന്തരമായ പ്രോത്സാഹനംകൊണ്ടേ ഇക്കൂട്ടർ ഉണരുകയുള്ളു. അതും സ്നേഹപൂർവ്വം നയത്തോടുകൂടിവേണം ചെയ്യുവാൻ. കണക്കററു് അധ്വാനിപ്പിക്കയുമരുതു്. ഹൃദയശൂന്യമായ ശാസന, കക്കശമായ പെരുമാററം എന്നിവ ഇവരെ ഒന്നുകൂടെ അധൈര്യപ്പെടുത്തുകയും നിരുത്സാഹകരാക്കുകയുമത്രേ ചെയ്യുക. അങ്ങനെ ഇവരുടെ പരിശ്രമങ്ങൾ നിഷ്ഫലങ്ങളായിപ്പോവുകയും ചെയ്യും. മറിച്ചു്, ഇവരുടെ പ്രവൃത്തികൾക്കു നമ്മുടെ നിരന്തരമായ പ്രോത്സാഹനവും അഭിനന്ദനവും ല

ഭിക്കുന്നെങ്കിൽ എന്തെന്നില്ലാത്ത ചുണയും ധൈര്യവും ഇവരിൽ വളർന്നുവരും. നമ്മോട്ട് എന്നെന്നും ഇവർ കടപ്പാട്ട കാണിക്കുകയും ചെയ്യും.

4) "മ്ലാനപ്രകൃതിയുള്ള മനുഷ്യർ എല്ലാക്കാര്യങ്ങളേയും ഗൗരവപൂർവ്വം വീക്ഷിക്കുകയും അവയെ മനസ്സിലുറപ്പിക്കുകയും ചെയ്യുന്നതിനാൽ പലപ്പോഴും സിരാസംബന്ധമായ തകരാറുകൾക്കു വിധേയരായേക്കാം. തന്നിമിത്തം, തൻെറ സംരക്ഷണത്തിലിരിക്കുന്ന മ്ലാനപ്രകൃതികളെ മാനസികവും സിരാസംബന്ധവുമായ രോഗങ്ങൾ പിടികൂടാതിരിക്കാൻ രക്ഷകർത്താവു പ്രത്യേകം സൂക്ഷിക്കേണ്ടിയിരിക്കുന്നു.

5) "മ്ലാനപ്രകൃതിയുള്ള ഒരു കുട്ടിയെയാണു അഭ്യസിപ്പിക്കുന്നതെങ്കിൽ കുറച്ചുകൂടി ശ്രദ്ധചെലുത്തണം. ദയയും വാത്സല്യവും എപ്പോഴും പ്രദർശിപ്പിക്കണം. സദാ അവനെ പ്രോത്സാഹിപ്പിക്കുകയും പ്രവർത്തനനിരതനാക്കുകയും വേണം.

"ശിക്ഷിക്കുന്നകാര്യത്തിൽ പ്രത്യേകവിവേകം അദ്ധ്യാപകൻ കാണിക്കണം. അല്ലെങ്കിൽ, ഇവർ മത്സരബുദ്ധികളും വക്രമാനസരുമായി മാറും. ശിക്ഷിക്കാതിരിക്കുവാൻ നിവൃത്തിയില്ലാതെ വരുന്ന അവസരങ്ങളിൽ പ്രത്യേക സൂക്ഷത്തോടും സ്നേഹമസൃണമായ വിധത്തിലും ശിക്ഷിക്കുക. ശിക്ഷ അന്യായമാണെന്നു് ഇവക്ക് ഒരി

ക്കല്യം തോന്നരുതു്. തങ്ങളുടെതന്നെ ഗുണത്തിനുവേണ്ടിയാണെന്നു മനസ്സിലാക്കണം.''

വേറൊന്നു്, ഇവരുടെ സൽപ്രവൃത്തികളുടെതന്നെ അതിരുകടന്നുള്ള ഗതിയെ തടയുകയാണു്. അതു പ്രത്യേകം പഠിപ്പിക്കണം. മര്യാദ അടിമത്തമായും സൗമനസ്യം പ്രത്യേകതയായും എളിമ ദാസ്യമായും തരംതാഴ്ന്നു പോകാതിരിപ്പാൻ ഗ്ലാനപ്രകൃതികൾ നിഷ്കർഷയുള്ളവരായിരിക്കണം. അധികമായാൽ അമൃതും വിഷമാണല്ലോ.

# ഏഴാം അദ്ധ്യായം

# മന്ദപ്രകൃതി

## PHLEGMATLIC TEMPERAMENT

നല്ല കട്ടിയുള്ള ശരീരമാണ് സാധാരണമായി മന്ദപ്രകൃതികൾക്കുണ്ടായിരിക്കുക. വിളറിവീർത്ത മുഖവും മാംസളമായ മൂക്കും നീലനിറമുള്ള കണ്ണും അവരുടെ പ്രത്യേകതകളാണ്. പൊതുവേ വാടിത്തളർന്നാണു കാണപ്പെടുക. മിക്കവാറും ആടി അലസമായിട്ടേ നടക്കൂ.

### ചിന്താഗതി

തോന്നലുകൾക്കും വിചാരങ്ങൾക്കും അത്രപെട്ടെന്നു അധീനരാകുന്നവരല്ല മന്ദപ്രകൃതികൾ. എന്നാലും അധികം നീണ്ടുനില്ക്കാത്ത ഒരുതരം ഉപരിപ്ലവതയാണ് അവരുടെ വിചാരങ്ങൾക്ക്. ഉഗ്രമായ വികാരങ്ങളും ക്ഷോഭങ്ങളും ഇല്ലാത്തതിനാൽ, അവരുടെ ഓരോ ചലനത്തിലും ദൃഢതയും സ്ഥിരതയും പ്രകടമാകുന്നു.

### ബുദ്ധിശക്തി

മന്ദപ്രകൃതികൾ സ്വതവേ, സാമാന്യം ബുദ്ധിയുള്ളവരാണ്. സ്ഥിരവും നിരന്തരവുമായ പരിശ്രമത്തിന്റെ

ഫലമായി അവർ നല്ല ബുദ്ധിശക്തിയുള്ളവരായി ത്തീരാറുണ്ട്. ഭാവനാശക്തികൊണ്ടുള്ള പ്രവൎത്തനങ്ങ ളിൽ സമർത്ഥരല്ലെങ്കിലും ക്ഷമാപൂർവ്വം ചെയ്യുതീർക്കേ ണ്ട കാര്യങ്ങളിൽ അവർ ശോഭിക്കുക പതിവാണ്. ശ ക്തിയായ വൈകാരികപ്രവണതകൾ ഇല്ലാത്തതിനാൽ അവരുടെ തീരുമാനങ്ങൾ യുക്തിയുക്തവും ഉപദേശ ങ്ങൾ നിഷ്പക്ഷവും ആയിരിക്കും.

## മന്ദപ്രകൃതികളുടെ മൗലിക ലക്ഷണങ്ങൾ

മന്ദപ്രകൃതിയുള്ളവരുടെ മുഖ്യലക്ഷണങ്ങൾ നിർണ്ണ യിക്കുക അത്ര എളുപ്പമല്ല. കാരണം, വികാരങ്ങൾകൊ ണ്ട് അവക്ക് വലിയ ഭാവഭേദമൊന്നും ഉണ്ടാകാറില്ല. ഉണ്ടായാൽത്തന്നെ, തിരിച്ചറിയുവാൻ വിഷമമാണ്. എങ്കിലും ഏതാനും ചില സംഗതികൾ പ്രധാനലക്ഷ ണങ്ങളായി കണക്കാക്കാവുന്നതാണ്.

### 1. പ്രവൎത്തനരാഹിത്യം

മന്ദപ്രകൃതികൾ യാതൊരുവിഷയത്തിലും വലിയ ഉത്സാഹം കാണിക്കുക പതിവില്ല. പ്രവൎത്തനത്തെ ക്കാൾ പ്രവൎത്തനരാഹിത്യമാണ് അവക്ക് ഇഷ്ടം. ശാ ന്തമായി ഒഴുകിപ്പോകുന്ന ഒരു നദിപോലെ മന്ദമായി, സഗൗരവം അവർ പ്രവൎത്തിക്കുന്നു. അധികസമയവും മനോരാജ്യത്തിൽ കഴിച്ചുകൂട്ടി, നന്മ ചെയ്യുവാനുള്ള സ ന്ദർഭങ്ങൾ മുഴുവനും നഷ്ടപ്പെടുത്തുന്ന ഒരു സ്വഭാവമാ ണ് അവക്കുള്ളത്.

2. അലക്ഷ്യഭാവം

സാഹചര്യങ്ങളുടെ വൈപരീത്യങ്ങൾകണ്ടു് അവർ ഇളകിപ്പോകുമെന്നു വിചാരിക്കേണ്ടാ. എല്ലാത്തിലും ഒരു അയഞ്ഞ, അലക്ഷ്യമായ മനഃസ്ഥിതിയാണു് ഉള്ളതു്. സ്നേഹിക്കണമെന്നോ സ്നേഹിക്കപ്പെടണമെന്നോ അവർക്കു നിർബ്ബന്ധമില്ല. അങ്ങനെ ചുററുപാടുകളുടെ മറിമായങ്ങളിൽപ്പെട്ടു കുലുങ്ങാതെ സ്വസ്ഥമായി കഴിഞ്ഞുകൂടാനുള്ള ഒരു പ്രവണതയാണു് അവരുടേതു്.

3. ചിന്താശീലം

വെറുതെയിരുന്നു ആനന്ദിക്കുവാൻവേണ്ടിമാത്രം അവർ ചിന്തിക്കുകയും പഠിക്കുകയും ചെയ്യുന്നു. തീർച്ചയുള്ള കാര്യങ്ങളിൽ മാത്രമേ മന്ദപ്രകൃതികൾ ഇടപെടുകയുള്ളു. പ്രവർത്തനരംഗത്തേക്കിറങ്ങിയാൽത്തന്നെ അവധാനപൂർവ്വം ശാന്തമായി ജോലിചെയ്യുന്നു. നാളത്തെ കാര്യം നാളെ; അല്ലാതെ, ഇന്നു് അതു ചെയ്യുവാൻ അവർ മനസ്സുവെയ്ക്കുകയില്ല.

## ദുർഗ്ഗുണങ്ങൾ

1. ഉദാസീനത

ആദർശങ്ങളും സാഹചര്യങ്ങളുമാണു് ഏതൊരു മനുഷ്യനേയും പ്രവർത്തനോന്മുഖനാക്കുന്നതു്. എന്നാൽ,

ഇവരണ്ടും മന്ദപ്രകൃതികളിൽ വളരെ കുറച്ചേ ശക്തി ചെലുത്തുന്നുള്ളു. അതിനാൽ, അനുദിനജീവിതത്തിലും ഔദ്യോഗിക കൃത്യനിർവ്വഹണത്തിലും അവർ വളരെ അലസരും അശ്രദ്ധരുമായിരിക്കും. എല്ലാംകൊണ്ടും ഒരു തണുപ്പന്മാരാണവർ എന്നു പറയാം. ചൂടുള്ള രക്തം അവർക്കില്ലെന്നുതോന്നും.

## 2. സുഖലോലുപത

മന്ദപ്രകൃതികൾക്കു്, ജോലി ചെയ്യുവാൻപററിയ തീക്ഷ്ണതയുമില്ല, അതിനുത്തേജനം നൽകുന്ന ഉൽകൃഷ്ടാശയങ്ങളും ആദർശങ്ങളുമില്ല. അതിനാൽ, സ്വാഭാവികമായിത്തന്നെ അവർ സുഖലോലുപന്മാരും മടിയന്മാരുമാണു്. നല്ലനല്ല ഭക്ഷണപാനീയങ്ങളോടു അതിരററ താല്പര്യമാണു്. ഈ ന്യൂനതയുള്ളതുകൊണ്ടു് ആധ്യാത്മികമായും ധാർമ്മികമായും അവർ വളരെ താഴ്ന്ന പടിയിലായിരിക്കും. മാത്രമല്ല, പ്രയാസങ്ങളും പ്രലോഭനങ്ങളും നേരിടുമ്പോൾ, ബലഹീനരായി വീണുപോവുക എളുപ്പവുമാണു്.

## 3. സ്വാർത്ഥതല്പരത

മററുള്ളവരുടെ ആവശ്യങ്ങളിലും വിഷമതകളിലും കുലുക്കമോ അനുകമ്പയോ അവർക്കില്ല. അന്യരെ സഹായിക്കുവാനും അവരത്ര ഉത്സാഹിക്കാറില്ല. ഈ തൻകാര്യപ്രിയം ദുരുദ്ദേശപരമോ കുററകരമോ അല്ലായിരിക്കാം.

# സൽഗുണങ്ങൾ

മന്ദപ്രകൃതിയുള്ള മനുഷ്യരിൽ ന്യൂനതകൾ മാത്രമല്ല, നല്ല ഗുണങ്ങളും ധാരാളമായി കാണും. അവയിൽ ഏതാനും ചിലതു്:

## 1. സുസ്ഥിരത

മന്ദപ്രകൃതികൾ സാവകാശത്തിലേ എന്തും ചെയ്യുകയുള്ളു എന്നതു പരമാർത്ഥമാണു്. പക്ഷേ, ചെയ്യുന്നതു്, ശാന്തമായി സ്ഥിരോത്സാഹത്തോടുകൂടി ചെയ്തുതീക്കും. തിടുക്കമോ പരവേശമോ അവക്കൊട്ടുംതന്നെയില്ല. തന്നിമിത്തമാണു ക്ഷമയും സ്ഥിരതയും വളരെയധികംവേണ്ട ശാസ്ത്രീയഗവേഷണങ്ങളിൽ അവർ പലപ്പോഴും വിജയികളാകുന്നതു്.

## 2. നല്ല ഉപദേഷ്ടാക്കൾ

ഉൽക്കടമായ വികാരങ്ങളും ആവേശങ്ങളും മന്ദപ്രകൃതികളിൽ വളരെ കുറവാണല്ലോ. വികാരത്തള്ളലിന്റെ വേലിയേററം ഇല്ലാത്തതിനാൽ, നല്ല തെളിവുള്ള ബുദ്ധിയും നിമ്മലമായ ഹൃദയവും അവക്കുണ്ടു്. അതിനാൽ, വിവിധ കാര്യങ്ങളെപ്പററിയും വ്യക്തികളെക്കുറിച്ചും തെററില്ലാതെ അഭിപ്രായം പറയുന്നതിനും വിധി നടത്തുന്നതിനും അവക്കു സാധിക്കും. തന്മൂലം, ആപത്ശങ്കകൂടാതെ മനോവിശ്വാസത്തോടെ അവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുവാനും അവയനുസരിച്ചു പ്രവത്തിക്കുവാനും മററുള്ളവക്കു സാധിക്കുന്നു.

### 3. വിവേകപൂർവ്വമായ പ്രവൃത്തികൾ

വലിയവലിയ കാര്യങ്ങളിൽ മന്ദശീലർ പെട്ടെന്നു ഇടപെടുകയില്ല. എന്നാൽ, ഏതെങ്കിലും ഒരു സംഗതിയുടെ പ്രാധാന്യം ഒരിക്കൽ ഗ്രഹിച്ചുകഴിഞ്ഞാൽപ്പിന്നെ ബുദ്ധിപൂർവ്വം ചിന്തിച്ച് അതു നിർവ്വഹിക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കും. ബുദ്ധിമുട്ടാൻ സന്മനസ്സുള്ള ഒരു സ്വഭാവമാണവർക്കുള്ളത്. കരാറുകളെ വിലമതിക്കുവാനും അവയെ വേണ്ടപോലെ നിറവേററുവാനും അവർക്കു നല്ലവണ്ണം അറിയാം.

### 4. സൗമനസ്യവും വിധേയത്വവും

മന്ദപ്രകൃതികൾ തണുപ്പന്മാരാണെങ്കിലും നല്ല ഹൃദയമുള്ളവരാണ്. അതിനാൽ, നല്ലനല്ല ആശയങ്ങളും നിർദ്ദേശങ്ങളും സദുദ്ദേശ്യത്തോടെ ചെവിക്കൊള്ളാൻ സാധിക്കുന്നു. നന്മയിലൂടെ പുരോഗമിക്കുക അവർക്കിഷ്ടമാണ്. അതിനായി ഗുണദോഷിച്ചാൽ, യാതൊരു മടിയുംകൂടാതെ അവരതു സ്വീകരിക്കുകയും തദനുസരണം പ്രവർത്തിക്കുകയും ചെയ്യും. അധികാരികളോടും ഗുണകാംക്ഷികളോടും അകളങ്കമായ നന്ദിയും സ്നേഹവും അവർക്കുണ്ട്.

### 5. ധാർമ്മികോന്നമനം

മന്ദപ്രകൃതിയുള്ള വ്യക്തികൾക്ക് ആദ്യമാദ്യം ഉന്നതങ്ങളായ ആധ്യാത്മികാദർശങ്ങളോ മഹത്തായ ധാർമ്മികമൂല്യങ്ങളോ ഉണ്ടായില്ലെന്നു വന്നേക്കാം. എന്നാൽ, ധാർമ്മികജീവിതത്തിന്റെ ആവശ്യകതയും മാ

ഹാത്മ്യവും വേണ്ടവിധം മനസ്സിലായാൽ, പ്രസ്തുതജീവിതം നയിക്കുന്നതിനു വ്യവസ്ഥാപിതമായും സ്ഥിരമായും അവർ യത്നിക്കുന്നതായിരിക്കും. ഒരുപക്ഷേ, ആധ്യാത്മികതത്വത്തിൻെറ ഉച്ചിയിൽപ്പോലും അവർ കയറിപ്പററിയെന്നുവരാം. "സ്ഥിരപ്രയത്നം എല്ലാത്തിനേയും ജയിച്ചടക്കുന്നു" എന്ന തത്വം മനസ്സിൽ എപ്പോഴും ഉണ്ടായിരിക്കും.

6. ത്യാഗശീലം

വളരെയധികം സഹനശക്തിയുള്ളവരാണു മന്ദപ്രകൃതികൾ. എന്തുകൊണ്ടെന്നാൽ, മററുള്ളവരുടെ നിർദ്ദയമായ വാക്കുകളും പ്രവൃത്തികളും അവരെ അത്ര പെട്ടെന്നു ക്ഷോഭിപ്പിക്കുകയില്ല. അകാരണമായിട്ടുപോലും ആരെല്ലാം എന്തുമാത്രം ഉപദ്രവിച്ചാലും ക്ഷമയുടെ തണലിൽ അവർ ശാന്തരായി നില്ക്കും. സ്വന്തം പരാജയങ്ങൾക്കു മുമ്പിലും അവർ ചഞ്ചലചിത്തരാകാറില്ല.

## ആത്മശിക്ഷണം

വികാരങ്ങൾക്കും ബാഹ്യവസ്തുക്കൾക്കും മന്ദപ്രകൃതികളിൽ കാര്യമായ ശക്തി ചെലുത്തുക സാധ്യമല്ലെന്നു നേരത്തേ സൂചിപ്പിച്ചല്ലോ. അതിനാൽ, ഉന്മേഷത്തോടെ പ്രവൎത്തനപഥത്തിലേക്കിറങ്ങുവാൻ സഹായിക്കുന്ന ആന്തരികമോ ബാഹ്യമോ ആയ ഘടകങ്ങൾ അവരിൽ തുലോം കുറവാണ്. ഇതവരുടെ സ്വഭാവസംസ്കരണത്തെ ദുഷ്കരമാക്കുക മാത്രമല്ല, ചിലപ്പോൾ വിഫലമാക്കുകകൂടി ചെയ്യുന്നു. എന്നാൽ, ഈട്ടുള്ള ത

ത്വങ്ങളും ന്യായങ്ങളും അവരെ ഇളക്കി ഉണത്തുവാൻ പയ്യാപ്തങ്ങളാണ്. അതിനാൽ, താഴെപ്പറയുന്ന മാഗ്ഗങ്ങൾ അവലംബിച്ചു പ്രവത്തിക്കുന്നതു പ്രയോജനകരമായിരിക്കും,

a) ഉദാസീനതയും അലക്ഷ്യഭാവവും മന്ദപ്രകൃതികളിൽ ദൃഢമൂലങ്ങളാണല്ലോ. അപ്പോൾ, തീക്ഷ്ണതയോടും ഉന്മേഷത്തോടുംകൂടെ പ്രവത്തിക്കുക തങ്ങൾക്ക് അത്യന്താപേക്ഷിതമാണെന്ന് ആദ്യമായിത്തന്നെ അവർ മനസ്സിലാക്കണം. അതുമല്ല, ഒരു പ്രവൃത്തികൊണ്ട് ഉദ്ദിഷ്ടഫലം ലഭിക്കണമെങ്കിൽ അതു ശ്രദ്ധാപൂവ്വം സ്ഥൈര്യത്തോടുകൂടി ചെയ്താലേ മതിയാവൂ എന്നും ഗ്രഹിച്ചുകൊണ്ടുവേണം അവർ മുന്നോട്ടു പോകുവാൻ.

b) സ്വന്തം ഗുണത്തിനും മററുള്ളവരുടെ നന്മയ്ക്കും വേണ്ടി വികസിപ്പിച്ചു ഫലം എടുക്കേണ്ടതിനായി ദൈവവും പ്രകൃതിയും നല്കിയിരിക്കുന്ന അനേകം ദാനങ്ങൾ തങ്ങളിൽ ഒളിഞ്ഞുകിടപ്പുണ്ടെന്ന് എപ്പോഴും അനുസ്മരിക്കണം. യാതൊരു ദാനവും, അതു ദൈവമോ പ്രകൃതിയോ നല്കിയതായിക്കൊള്ളട്ടെ, നിരുപയോഗമാക്കുന്നതു് ഒരിക്കലും ആശാസ്യമല്ലെന്നും കരുതണം.

c) നിരാശയും അധൈയ്യവും തങ്ങളെ പിടികൂടുവാൻ ഒരിക്കൽ സമ്മതിച്ചുകൊടുത്താൽ, അവരുടെതന്നെ നാശത്തിനു കാരണമായിത്തീരും. അതുപോലെതന്നെ, സ്വന്തം ആഗ്രഹങ്ങളും പദ്ധതികളും എല്ലാം തകന്നുപോകുന്നെന്നു കണ്ടാലും ഒരിക്കലും നഷ്ടധൈര്യരാകരുത്.

d) മഹാന്മാരുടെ മാതൃകകളെ സസൂക്ഷ്മം പഠിക്കുകയും മനസ്സിനേയും ഹൃദയത്തേയും ഉന്നതാദർശങ്ങളാൽ കൂടെക്കൂടെ ബലിഷ്ഠമാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നതു് ഏററവും ഉപകാരപ്രദമാണു്. "ഉണരാം ഉണരാം നമുക്കുണരാം. പ്രവൎത്തനപഥത്തിലൂടെ നമുക്കു കുതിച്ചു പായാം" എന്നു ആവേശത്തോടും ആത്മാൎത്ഥതയോടും കൂടെ ഇടയ്ക്കിടയ്ക്കു് അവർ അനുസ്മരിക്കുന്നതു നന്നായിരിക്കും.

## എങ്ങനെ പരിശീലിപ്പിക്കണം?

1) അധ്യാപകന്മാരും ഉപദേഷ്ടാക്കളും തങ്ങളുടെ കീഴിലുള്ള മന്ദപ്രകൃതികളിൽ മറഞ്ഞുകിടക്കുന്ന കഴിവുകളും ശക്തികളും ശരിക്കു പഠിച്ചറിയണം. അതിനുശേഷം അവയെ വികസിപ്പിച്ചു ഫലപ്രദമാക്കുന്നതിനു് ഉപയുക്തമായ ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും അതിനുപററിയ വിവിധ മാൎഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യണം. ദൈവത്തിനും മനുഷ്യസമുദായത്തിനും അവക്കുതന്നെയും ഉപകാരമുള്ളവരാകത്തക്കവിധം ഉപദേശിച്ചു കൎത്തവ്യബോധമുള്ളവരും കൎമ്മകുശലരും ആക്കിത്തീൎക്കണം. ഏതു ജീവിതാന്തസ്സിൽപ്പെട്ടവരായാലും എന്നെന്നും അല്പാല്പം ശ്രമം ചെയ്തുകൊണ്ടിരിക്കുന്നതിലും, ജോലി ചെയ്യുന്നതിൽ സ്വാഭാവികമായി ഉണ്ടാകുന്ന ഉദാസീനതയെ ജയിച്ചടക്കുന്നതിലുമാണു വിജയം, എന്നു അവർ മനസ്സിലാക്കുന്നതു് അനുപേക്ഷണീയമാണു്.

2) ശിഷ്യക്ക പ്രയാസംകൂടാതെ അനുഷ്ഠിക്കാവുന്ന ഓരോരോ അഭ്യാസങ്ങളെ പടിപടിയായി അധ്യാപകൻ നിർദ്ദേശിച്ചുകൊടുക്കണം. ഏതിലെങ്കിലും വിജയിച്ചാൽ, അവരെ ഹൃദയംഗമമായി അഭിനന്ദിക്കുകയും കൂടുതൽ ഗൗരവമുള്ള വിഷയങ്ങൾ ഏറെറടുത്തു നടത്തുവാൻ പ്രോത്സാഹിപ്പിക്കുകയും വേണം.

3) വേറൊരുകാര്യം പ്രത്യേകം ഓത്തിരിക്കേണ്ടതുണ്ട്: അധ്യാപകൻ മന്ദപ്രകൃതികളായ ശിഷ്യരെ നിശിതമായി വിമർശിക്കുകയോ കുററപ്പെടുത്തുകയോ അവഹേളിക്കുകയോ ചെയ്യരുതു്: കണക്കില്ലാതെ അധ്വാനിപ്പിക്കുകയും അരുതു്, അങ്ങനെ ചെയ്താൽ, അവർ കട്ടത്ത നിരാശയിൽ ആണ്ടുപോയേക്കും. പ്രത്യാശയും നിർമ്മലമായ അഭിലാഷങ്ങളുംകൊണ്ടു് അവരുടെ ഹൃദയങ്ങളെ ചൂടുപിടിപ്പിച്ചുകൊണ്ടിരിക്കണം. ഭയാശങ്കകളും പ്രവൎത്തനരാഹിത്യവും ദൂരീകരിച്ചുകഴിഞ്ഞാൽ, അവർ ഏതു് ഉന്നതസ്ഥാനത്തിനും അർഹരായിത്തീരുന്നതാണു്. എന്തുകൊണ്ടെന്നാൽ, അവക്ക ഉൽക്കടമായ വികാരങ്ങളോ ഉപരിപ്ലവങ്ങളായ പ്രവൎത്തനങ്ങളോ ഇല്ല.

# എട്ടാം അധ്യായം

# സമ്മിശ്രപ്രകൃതികൾ

## MIXED TEMPERAMENT

ഓരോ പ്രകൃതിയേയുംപററി ഇത്രയുമെല്ലാം പറഞ്ഞുവെങ്കിലും സ്വന്തം പ്രകൃതി ഏതു് എന്നു് ഇനിയും സംശയിക്കുന്നവർ കാണും. അതിൽ അത്ഭുതപ്പെടാനില്ല. എന്തുകൊണ്ടെന്നാൽ, ഇതുവരേയും നാം പ്രതിപാദിച്ചതു് ഏതെങ്കിലും ഒരു പ്രകൃതി അതിൻെറ തനിനിറത്തിൽ പ്രകാശിക്കുന്നതിനെപ്പററിയാണു്. പക്ഷേ, വളരെ ചുരുക്കം ആളുകളിലേ കലർപ്പില്ലാത്ത ഒററപ്രകൃതി കാണുകയുള്ളു. അധികംപേരിലും പലതരം പ്രകൃതികൾതമ്മിൽ കൂടിച്ചേർന്നുള്ള സമ്മിശ്ര പ്രകൃതിയാണു കണ്ടുവരാറുള്ളതു്. അപ്പോൾ, ഒരാളിൽത്തന്നെ പല പ്രകൃതികളുടെ വിവിധങ്ങളായ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. എന്നാൽ, ആദ്യംപറഞ്ഞ ആ നാലുതരം പ്രകൃതികളിൽ ഏതായിരിക്കും അയാളിൽ പ്രബലമായിട്ടുള്ളതു് എന്നു തീർത്തു പറയുക അത്ര എളുപ്പമല്ല. സമ്മിശ്രപ്രകൃതികളുള്ളവരിൽ ചിലപ്പോൾ ഒരു പ്രകൃതിയുടെ ഒരു ഘടകമായിരിക്കും മുഖ്യമായി പ്രവർത്തിക്കുക. മററുള്ള പ്രകൃതികളുടെ ലക്ഷണങ്ങൾ താരതമ്യേന കുറഞ്ഞും പ്രകടമാകുന്നു. വളരെ സാവധാനമേ ഇവയുടെ ലക്ഷണങ്ങളെക്കുറിച്ചു് ഖണ്ഡിതമായ ഒരു തീരുമാനം പറയുവാൻ സാധിക്കുകയുള്ളു.

മാതാപിതാക്കന്മാരുടെ പ്രകൃതി മക്കളിൽ മിക്കവാറും പ്രതിഫലിച്ചു കാണാം. ഉദാഹരണത്തിനു്, അച്ഛനും അമ്മയും തീക്ഷ്ണപ്രകൃതികളാണെങ്കിൽ മിക്കവാറും അവരുടെ കുഞ്ഞുങ്ങളും തീക്ഷ്ണപ്രകൃതികളായിരിക്കും. എന്നാൽ, പിതാവിനു ക്രോധപ്രകൃതിയും മാതാവിനു മ്ലാനപ്രകൃതിയും ആണെന്നു വിചാരിക്കുക. അവരുടെ മക്കൾ ഒന്നുകിൽ മ്ലാനപ്രകൃതിയുടെ മായം കലന്ന ക്രോധപ്രകൃതികളോ ക്രോധപ്രകൃതിയുടെ ഘടകങ്ങളടങ്ങിയ മ്ലാനപ്രകൃതികളോ ആയിത്തീരുന്നു.

## പ്രധാന സമ്മിശ്രപ്രകൃതികൾ

### i. തീക്ഷ്ണക്രോധപ്രകൃതി

ഈ പ്രകൃതിയുള്ളവരിൽ വൈകാരിക പ്രവണതകൾക്കാണു മുഖ്യസ്ഥാനം. അതേ അവസരത്തിൽ ക്രോധപ്രകൃതിയുടെ ലക്ഷണങ്ങൾ ഒട്ടും കുറവായിരിക്കുകയുമില്ല. ഇത്തരക്കാരിൽ തീക്ഷ്ണപ്രകൃതിയുടേതായ അസ്ഥിരത, ഉപരിപ്ലവബുദ്ധി ആദിയായവ ഉണ്ടെങ്കിലും ക്രോധപ്രകൃതിയുടെ ഗുണങ്ങളായ സ്ഥിരത, മനോധൈര്യം. ഗൗരവം എന്നിവ അവരെ മിതപ്പെടുത്തി നിയന്ത്രിക്കുന്നു. ഇവർ പൊതുവേ കരുണാസമ്പന്നരാണു്. ദൃഢമനസ്കതയും സഹനശക്തിയും ഉണ്ടായിരിക്കും.

### ii. ക്രോധതീക്ഷ്ണപ്രകൃതി

ഉൽക്കർഷേച്ഛയാണു് ഇവരുടെ മുഖ്യലക്ഷണം. സ്തുതി, ബഹുമാനം, അധികാരം ഇവയ്ക്കുവേണ്ടി ഇവർ

ബന്ധപ്പെട്ടും. എന്നാൽ, തീക്ഷ്ണപ്രകൃതിയുടെ സ്നേഹം അനുകമ്പ എന്നീ ഗുണങ്ങളും ഇവരിൽ ഉള്ളതുകൊണ്ടു് ക്രോധപ്രകൃതിയുടെ സ്വാഭാവിക ദുർഗ്ഗുണമായ ഹൃദയകാഠിന്യം അത്ര ശക്തിപ്പെട്ടുകയില്ല. ഉൽക്കർഷേച്ഛയും സ്ഥിരതയും സൗമ്യതയും കാരുണ്യവും എല്ലാംകൂടി ഇവരിൽ ഭംഗിയായി സമ്മേളിച്ചിരിക്കുന്നതുകൊണ്ടു മഹാകാര്യങ്ങൾ പലതും ചെയ്യുവാൻ ഇവൎക്കു സാധിക്കുന്നു.

iii. മ്ലാനതീക്ഷ്ണപ്രകൃതി

മ്ലാനപ്രകൃതിയുള്ളവർ എപ്പോഴും സംഗതികളുടെ കറുത്ത വശങ്ങളെമാത്രം നോക്കിക്കൊണ്ടിരിക്കുന്നവരാണല്ലോ. എന്നാൽ, തീക്ഷ്ണപ്രകൃതിയുടെ സങ്കലനം ഉണ്ടെങ്കിൽ ഈ ദോഷം അവരെ വിട്ടുമാറുന്നു. അതോടെ അവർ സ്നേഹസമ്പന്നരും സരളശീലരുമായിത്തീരുകയും ചുറുചുറുപ്പും സഹൃദയത്വവുമുള്ള പ്രവൎത്തനസന്നദ്ധരായി കാണപ്പെടുകയും ചെയ്യുന്നു. തീക്ഷ്ണമ്ലാനപ്രകൃതികളുടേയും സ്ഥിതി ഇതുതന്നെ.

iv. മ്ലാനക്രോധപ്രകൃതി

ഏററം അനഭിലഷണീയങ്ങളായ രണ്ടു ശക്തികൾ കൂടിച്ചേൎന്നതാണു് ഈ സമ്മിശ്രപ്രകൃതി. മത്സരബുദ്ധി, അഹങ്കാരം, മ്ലാനത, സ്വാർത്ഥത എന്നീ ദുർഗ്ഗുണങ്ങളെല്ലാം ഈ പ്രകൃതിയുള്ളവരിൽ തെളിഞ്ഞു കിടക്കുന്നു. ഇവർ പ്രത്യേക നിഷ്കർഷയോടെ തങ്ങളുടെ ദുശ്ശീലങ്ങളെ അടക്കി നിയന്ത്രിക്കുന്നില്ലെങ്കിൽ, പ്രായോഗിക ജീവിതത്തിൽ തങ്ങൾക്കും സഹവാസികൾക്കും തീരാനഷ്ടത്തിനു കാരണമായിത്തീരുമെന്നുള്ളതു തീർച്ചയാണു്.

ക്രോധമ്ലാനപ്രകൃതിയുള്ള വ്യക്തികളെപ്പററി പറയാനു ള്ളതും ഇതുതന്നെയാണ്.

## V. മ്ലാനമന്ദപ്രകൃതി

നിരുപദ്രവമായ ഒരു മിശ്രപ്രകൃതിയാണിതു്. ഇതുള്ളവർ സ്വമേധയാതന്നെ ദൈവത്തിനും സമുദായത്തിനുംവേണ്ടി വലിയ കാര്യങ്ങളൊന്നും ചെയ്യുവാൻ സാധിക്കുന്നവരല്ലായിരിക്കും. എന്നാൽ, വേണ്ടവിധം പരിശീലിപ്പിച്ചു പ്രോത്സാഹിപ്പിച്ചാൽ, ഇവർ പരോപകാരാർത്ഥം പല നല്ല കാര്യങ്ങളും ചെയ്യുവാനിടയുണ്ടു്. കാരണം, ഗാഢമായി ഗൗരവപൂർവ്വം ചിന്തിച്ചു പ്രവർത്തിക്കുന്നവരാണു് ഇവർ.

ഇത്രയുമെല്ലാം പറഞ്ഞതിൽനിന്നു നമ്മിൽ കണ്ടുവരാറുള്ള സാധാരണ പ്രകൃതികളുടെ വിവിധവശങ്ങൾ മനസ്സിലായിക്കഴിഞ്ഞു. ഇനി, നാം ഓരോരുത്തരും നമ്മെത്തന്നെ സ്വയം പരിശോധിച്ചു പഠിക്കണം, ന്യൂനതകൾ പരിഹരിച്ചു മെച്ചമായ യോഗ്യതകൾ സമ്പാദിക്കണം. സ്ഥിരോത്സാഹത്തോടെ പരിശ്രമിക്കുന്നപക്ഷം നാലു പ്രകൃതിയുടേയും ഉൽകൃഷ്ടഗുണങ്ങൾ ഓരോ വ്യക്തിക്കും കരസ്ഥമാക്കാൻ സാധിക്കുമെന്നാണു മനഃശാസ്ത്രാഭിപ്രായം. അങ്ങനെ തീക്ഷ്ണപ്രകൃതിയുടേതായ പ്രസന്നതയും ക്രോധപ്രകൃതിയുടെ ചങ്കുററവും പരിശ്രമശീലവും മ്ലാനപ്രകൃതിയുടെ ക്രാന്തദർശിത്വവും മന്ദപ്രകൃതിയുടെ വിവേകവും ഒന്നുചേർന്നു നമ്മിൽ മിന്നി

പ്രശോഭിക്കും. നിരന്തരവും രചനാത്മകവുമായ പ്രയത്നംകൊണ്ടേ ഇതു സാധിക്കുകയുള്ളുവെന്നുമാത്രം.

## ആദർശങ്ങളുടെ ആവശ്യം

പ്രകൃതിയാണു ഒരാളുടെ സ്വഭാവത്തിന്റെ ഉൽപത്തിസ്ഥാനമെന്നു നേരത്തേ പ്രസ്താവിച്ചല്ലോ. എന്നാൽ, വ്യക്തിപരമായ പരിശ്രമത്തിനാണു സ്വഭാവരൂപവല്ക്കരണത്തിൽ ഏററം വലിയ സ്ഥാനം. നല്ല ഒരു സ്വഭാവം രൂപവല്ക്കരിക്കണമെന്നു ദൃഢനിശ്ചയംചെയ്ത ഒരാൾ ആദ്യമായി എന്താണു ചെയ്യേണ്ടതു്? മറെറാന്നുമല്ല; അനുകരണാർഹമായ ഒരു മാതൃക തിരഞ്ഞെടുക്കുക. ശരിയായ മാതൃകകൾ കൂടാതെ, ഇന്നുവരെ ഒരുത്തരും ഉല്ക്കർഷം പ്രാപിച്ചിട്ടില്ലെന്നു ചരിത്രം പരിശോധിച്ചാൽ നമുക്കു മനസ്സിലാകും, ധാർമ്മികപൂർണ്ണതയുടെ കൂടിയ നിലവാരങ്ങളായ മാതൃകകൾ മനുഷ്യരെ സത്യാവബോധവും ശ്രേഷ്ഠതയും നിറഞ്ഞുതുളുമ്പുന്ന വ്യക്തികളാക്കി മാററുന്നു എന്നുള്ള യാഥാർത്ഥ്യം നാം ഒരിക്കലും വിസ്മരിക്കരുതു്.

വിശുദ്ധാത്മാക്കളും ലോകനേതാക്കളുമാണു മനുഷ്യവംശത്തിന്റെ മഹത്തായ മാതൃകകളും മാർഗ്ഗങ്ങളുമായി എന്നും നിലകൊള്ളുന്നതു്. അതിനാൽ, അവരുടെ ജീവചരിത്രങ്ങൾ നാം മനസ്സിരുത്തി പഠിക്കുക അത്യന്താപേക്ഷിതമാണു്. ആത്മനിയന്ത്രണവും ത്യാഗസന്നദ്ധതയുമാണല്ലോ സത്സ്വഭാവത്തിന്റെ മൂലതത്വങ്ങൾ.

ഈ ത്യാഗവിശേഷവും നിയന്ത്രണശീലവും കുട്ടികളുടെ കൊച്ചുഹൃദയങ്ങളിൽ ഫലപ്രദമാംവിധം മുദ്രണം ചെയ്യുവാൻ എപ്പോഴും ആവശ്യകം മഹാത്മാക്കളുടെ ത്യാഗസുന്ദരമായ ജീവിതകഥകളാണ്. ആദർശങ്ങളും തത്വങ്ങളും പഠിപ്പിക്കുവാൻ, പ്രസംഗത്തെക്കാൾ ശക്തിയും എളുപ്പവും ജീവിതകഥകൾക്കുണ്ട്. അതുകൊണ്ടാണു് സകല വിദ്യാഭ്യാസപ്രവത്തകരും ഈ വിഷയത്തിൽ ജീവചരിത്രത്തിൻെറ പ്രാധാന്യത്തെപ്പററി ശക്തിയുക്തം പ്രസ്താവിക്കുന്നതു്. മഹാന്മാരുടെ ജീവിത നടപടികൾ ഹൃദയത്തിൽ പതിഞ്ഞുകഴിഞ്ഞാൽ, അവരുടെ കാല്പാടുകളേ അനുഗമിക്കുവാനുള്ള അഭിലാഷം സ്വയമേവ കുട്ടികളിൽ അങ്കുരിക്കുന്നു.

കൂടാതെ, മഹാന്മാരുമായിട്ടുള്ള സംഭാഷണവും സഹവാസവും നമ്മെ കൂടുതൽ ധന്യരാക്കുകയും ചെയ്യുന്നു. എങ്ങനെയായാലും നാം ബുദ്ധിമുട്ടുന്നതിൻെറ തോതനുസരിച്ചായിരിക്കും നമ്മുടെ വിജയം, ഏതുനിലയിൽ ജീവിക്കുന്നവരേയും സംബന്ധിക്കുന്ന ഒരു സംഗതിയാണിതു്; പരിശ്രമിക്കുക, വളരെയധികം പരിശ്രമിക്കുക. പരിശ്രമത്തിൻെറ ഫലമായിട്ടാണു് ഒരു സംസ്കാരം ഉയിരെടുക്കുന്നതു്. അതുപോലെതന്നെ, വളരെയധികം ബുദ്ധിമുട്ടി ശ്രമിച്ചാലേ ഒരു സത്സ്വഭാവം വാൎത്തെടുക്കുവാൻ സാധിക്കൂ. അതുകൊണ്ടു നമ്മുടെ സൽസ്വഭാവരൂപീകരണത്തിനായി ബുദ്ധിപൂൎവ്വകവും പ്രായോഗികവുമായ ഒരു പരിപാടി കഴിയുംവേഗം തയ്യാ

റാക്കുക. ഒരുപക്ഷേ, സമയം വൈകിപ്പോയി, പതി നൊന്നാം മണിക്കൂറിൽ എന്തു സാധിക്കാനാണു് എന്നു ചിലർ സങ്കടപ്പെട്ടേക്കാം. സാരമില്ല, ഇനിയും അവസരമുണ്ടു്. ദൈവം അനുഗ്രഹിക്കുന്നപക്ഷം, നമ്മു ടെ ജീവിതത്തെ ഭേദപ്പെടുത്തുവാൻവേണ്ടി എന്തെങ്കി ലും നമുക്കു് ഇനിയും ചെയ്യുവാൻ സാധിക്കും. നമ്മേ യും ലോകത്തേയും കഴിയുന്നത്ര നന്നായി രൂപപ്പെടുത്തി ദൈവമഹത്വത്തിനും സഹജീവികളുടെ നന്മയ്ക്കുംവേ ണ്ടി, രാപകൽ അത്യധ്വാനം ചെയ്യുവാനാണു നാം ജനി ച്ചിരിക്കുന്നതു്. ഈ സത്യം മനസ്സിൽവെച്ചുകൊണ്ടു ജീ വിക്കുക, പ്രവർത്തിക്കുക. നമ്മളും ലോകവും നാൾക്കു നാൾ ഉയർന്നു വിജയിക്കും, തീർച്ച.

## ഒമ്പതാം അദ്ധ്യായം

# ആഭിജാത്യം അരങ്ങത്ത്

സ്വഭാവരൂപവല്ക്കരണത്തെക്കുറിച്ച് ഇത്രയും പറഞ്ഞ സ്ഥിതിക്ക് ആചാരോപചാരങ്ങളെക്കുറിച്ചും അല്പം ചിന്തിക്കുന്നതു സമുചിതമായിരിക്കും. സത്സ്വഭാവത്തിന്റേയും ആഭിജാത്യത്തിന്റേയും പ്രത്യക്ഷലക്ഷണമാണ് നല്ല ആചാരോപചാരങ്ങൾ. അതിനാൽ, സാമൂഹിക ജീവിതത്തിന്റേയും സംസ്കാരത്തിന്റേയും നിദർശനമായ സാമൂഹികരീതികളും ആചാരമുറകളും നാം അറിഞ്ഞിരിക്കുക അവശ്യാവശ്യകമാണ്.

ഒരു മനുഷ്യൻ മാന്യനാണോ എന്നു തിരിച്ചറിയുവാനുള്ള എളുപ്പമാർഗ്ഗം അവന്റെ പെരുമാററങ്ങളെ സൂക്ഷിക്കുകയാണ്. ബാഹ്യാചാരങ്ങളെ ആസ്പദമാക്കിയാണു പലപ്പോഴും നാം ഒരാളെ അളക്കുന്നത്. ഒരാൾ വിശുദ്ധനാണോ പണ്ഡിതനാണോ എന്നു ഒററനോട്ടത്തിൽ വിധിക്കുക സാധ്യമല്ല. എന്നാൽ, അയാൾ സംസ്കാരസമ്പന്നനാണോ വെറും കാടനാണോ എന്നറിയുവാൻ അധികം സമയം വേണ്ടിവരുകയില്ല. ചുരുങ്ങിയ സമയത്തെ പെരുമാററങ്ങൾ കണ്ടാൽ അയാൾ ഏതുതരക്കാരനാണെന്നു പറയുവാൻ സാധിക്കും. അത്രയ്ക്കു പ്രാധാന്യമുണ്ടു നമ്മുടെ ആചാരോപചാരങ്ങൾക്ക്.

ഇന്നു സമുദായമദ്ധ്യത്തിൽ പല വ്യതിയാനങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ, പരസ്പര ബഹുമാനവും നിഷ്കളങ്കസ്നേഹവും ആത്മാർത്ഥസേവനവും കുറഞ്ഞുകുറഞ്ഞുവരുന്നു. എവിടേയും. സ്വാർത്ഥം, തൻകാര്യം! വ്യക്തികളിലും കുടുംബങ്ങളിലും രാജ്യങ്ങളിലും എല്ലാം കാണുന്ന കലാപങ്ങൾക്കും അസ്വസ്ഥതകൾക്കും പ്രധാനകാരണം ഈ പരസ്പര സ്നേഹബഹുമാനങ്ങളുടെ അഭാവമാണ്. മററുള്ളവരുടെ അവകാശങ്ങളും ആവശ്യങ്ങളും അറിവാനും വകവച്ചുകൊടുക്കുവാനും വേണ്ട മഹാമനസ്കതയും ആദരവും എല്ലാവർക്കുമുണ്ടാവണം. എങ്കിലേ സാമൂഹികജീവിതം ആനന്ദസന്ദായകവും ശാന്തസുന്ദരവുമാകുകയുള്ളൂ. ഇങ്ങനെയൊരന്തരീക്ഷം സൃഷ്ടിക്കുവാനുള്ള മഹത്തായ കഴിവു നമ്മുടെ ദൈനംദിനപെരുമാററങ്ങളിൽ കിടപ്പുണ്ട്. നമ്മുടെ ഓരോ പ്രവൃത്തിയിലും ചലനത്തിലും മര്യാദയും സൗമനസ്യവും ഉണ്ടായിരുന്നാൽമതി. മര്യാദയുണ്ടോ? എന്നാൽ, ജീവിതം മോഹനമായി. നാം സ്വദേശത്തോ വിദേശത്തോ ആയിക്കൊള്ളട്ടെ, സംസ്കാരോചിതമായ മര്യാദയാൽ നമ്മുടെ പെരുമാററങ്ങളെ നയിക്കുന്നെങ്കിൽ നാം എന്നും വിജയശ്രീലാളിതരാവുകതന്നെ ചെയ്യും. മാന്യന്മാരും മഹാന്മാരുമായ സുഹൃത്തുക്കൾ നാം അറിയാതെ നമുക്കുണ്ടായിക്കൊള്ളും.

പക്ഷേ, ഒരു കാര്യം. സൗമനസ്യനിർഭരമായ മര്യാദ വെറും പുറംപൂച്ചുകൊണ്ടു പ്രകടമാക്കാമെന്നു ധരിക്കരുത്. അതിനായി ബദ്ധപ്പെടുന്നവർ അനുകമ്പാർഹമാംവിധം പരാജയപ്പെടുവാനേ തരമുള്ളൂ. മര്യാദ എപ്പോഴും ആന്തരികോല്ക്കൃഷത്തിൻെറ ബാഹ്യപ്രകാശനമായിരിക്കണം. ആന്തരികമായ മേന്മയുടേയും നന്മയുടേയും

കവിഞ്ഞൊഴുകലായിരിക്കണം അതു്. സ്വാർത്ഥോദ്ദേശ്യങ്ങൾക്കും മുഖസ്തുതിക്കുംവേണ്ടി, അകത്തൊന്നും പുറത്തു മറെറാന്നുമായി കാണിക്കുന്ന മര്യാദപ്രകടനങ്ങൾ ആഭിജാത്യത്തിൻേറതല്ല, വഞ്ചനയുടേതാണു്. അകളങ്കമായ ദൈവസ്നേഹത്തിലും ആത്മാർത്ഥമായ സഹോദരസ്നേഹത്തിലും നിന്നുയിരെടുക്കുന്ന അനുകമ്പയും സൗമനസ്യവും ആദരവും ഒട്ടിച്ചേരുന്ന പ്രവൃത്തിമാത്രമേ യഥാർത്ഥമായ മര്യാദ എന്നപേരിനു അർഹമാവുകയുള്ളൂ. അതുമാത്രമേ നിലനില്ക്കുകയുള്ളൂ. പരസ്നേഹത്താൽ ജ്വലിക്കുന്ന ഒരുഹൃദയം നമ്മുടെ ബാഹ്യാചാരങ്ങളുടെ പിന്നിൽ എപ്പോഴും ഉണ്ടായിരിക്കണം.

അതിനാൽ, സത്സ്വഭാവത്തിനായി പരിശ്രമിക്കുന്നവർ അതിൻേറ അനിവാര്യഘടകമായ മര്യാദയെക്കുറിച്ചും പഠിച്ചിരിക്കുക ആവശ്യകമാണു്. മററുള്ളവരോടു മാനമായും അന്തസ്സായും ഇടപഴകി ജീവിക്കുവാൻ പഠിക്കണം. പ്രത്യേകിച്ചു ലോകസേവനാർത്ഥം മുന്നോട്ടിറങ്ങുന്നവർ മര്യാദയുടെ വിവിധവശങ്ങളെക്കുറിച്ചു് അറിഞ്ഞിരിക്കുക അനുപേക്ഷണീയമാണു്. ഈ ഉദ്ദേശ്യത്തെ മുൻനിറുത്തിക്കൊണ്ടാണു പരിഷ്കൃതലോകം അംഗീകരിച്ചു കഴിഞ്ഞിരിക്കുന്ന പ്രധാനമായ ആചാരരീതികളും ദേശീയനടപടികളും ഇതിനുപരി നിർദ്ദേശിക്കാമെന്നു വിചാരിക്കുന്നതു്. അന്യരുടെനേർക്കു സൗഹാർദ്ദവും ആദരവും കാണിക്കുന്നതുമൂലം കുലീനതയുടേയും അന്തസ്സിൻേറയും വില വർദ്ധിക്കുകമാത്രമല്ല. സാമൂഹികജീവിതം കൂടുതൽ പ്രയോജനകരവും പുരോഗമനാത്മകവും ആയിത്തീരുകയും ചെയ്യുന്നുവെന്നു മനസ്സിലാക്കി മര്യാദയുടെ പ്രാധാന്യത്തെ അതർഹിക്കുന്ന ഗൗരവത്തോടെ വീക്ഷിച്ചു പ്രവൃത്തിപഥത്തിൽ കൊണ്ടുവരു

വാൻ സഹോദരസ്നേഹമുള്ള ഓരോരുത്തരും പ്രയത്നി
ക്കണം.

നിർവ്വചനം

മര്യാദ എന്ന വാക്കിന്നു പകരം, അതേ അർത്ഥത്തോടുകൂടി, പലരും സംസ്ക്കാരം, നല്ലനടത്ത, പരിഷ്ക്കാരം,-ആചാരോപചാരരീതികൾ എന്നെല്ലാം പറയാറുണ്ടു്. എങ്കിലും മര്യാദ-Politness-എന്ന പദമാണ് ഏററം പററിയതെന്നുതോന്നുന്നു. കാരണം, സംസ്കാരത്തിൻേറയും മററു ഗുണങ്ങളുടേയും മുഖ്യലക്ഷണമാണു മര്യാദ. മര്യാദയിൽനിന്നു പുറപ്പെടുന്ന പെരുമാററങ്ങളാണു് ആദരണീയവും ആകർഷകവും അഭികാമ്യവുമായിരിക്കുന്നതു്. എന്താണു് ഈ മര്യാദ? ദൈവികനിയമത്തെ അവഗണിക്കാതേയും മററുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്താതേയും സൗമനസ്യപൂർവ്വമുള്ള സാമൂഹികപെരുമാററമാണു മര്യാദ എന്നു ചുരുക്കിപ്പറയാം. "അനുദിന ജീവിതശകടത്തെ സമുദായത്തിൻേറ വിവിധനിലകളിലൂടെ നിർബാധം ഓടിക്കാൻ സഹായിക്കുന്ന ഒരു ശക്തിവിശേഷമാണു മര്യാദ" എന്നു ചിലർ ആലങ്കാരികമായി എഴുതാറുണ്ടു്. ഈ സൗമനസ്യവും ആകർഷകശക്തിയും നമ്മുടെ പ്രവൃത്തികളിൽ പ്രതിഫലിക്കണമെങ്കിൽ, ആദ്യം നമ്മുടെ സ്വാഭാവികഗുണങ്ങളും ചലനങ്ങളും ആകർഷകവും ആദരണീയവുമായിരിക്കുവാൻ ശ്രമിക്കണം. അതിന്നുതക്ക പരിശീലനം ഏറ്റെടുക്കണം. അപ്പോഴാണു്, "സത്യാവബോധമുള്ള സ്വഭാവത്തിൻേറയും ഉൽകൃഷ്ടമനസ്സിൻേറയും അനന്തരഫലമാകുന്ന മര്യാദ" എന്നു ടെനിസൺ തരുന്ന നിർവ്വചനം അർത്ഥവത്താകുന്നതു്. "മററു

ള്ളവർ നിനക്കു ചെയ്യുവാൻ നീ ആഗ്രഹിക്കുന്നതുപോലെ നീ മററുള്ളവക്കു ചെയ്യുക" എന്ന വിശിഷ്ടോപദേശം അനുസരിച്ചു പ്രവർത്തിക്കുക. ഹൃദയവിശാലതയുടേയും മയ്യാദയുടേയും തനിനിറം അനുഭവപ്പെട്ടുകൊള്ളും.

ഇനി, ഓരോസ്ഥലത്തും സന്ദർഭത്തിലും അനുഷ്ഠിക്കേണ്ട മര്യാദാചാരങ്ങളിലേക്കു പ്രവേശിക്കാം.

## കുടുംബം

"പ്രഭാതം ദിവസത്തെ സൂചിപ്പിക്കുന്നതുപോലെ ബാല്യം പുരുഷത്വത്തിൻെറ നാന്ദിയത്രേ." എന്നു വളരെ കൊല്ലങ്ങൾക്കുമുമ്പു മഹാകവി മിൽട്ടൺ എഴുതിയ വാക്കുകൾ ഇന്നും അന്വത്ഥമാണു്. ഈ ബാല്യം ശരിക്കു വളന്നു പുഷ്പിക്കേണ്ടതു നല്ല കുടുംബജീവിതത്തിൻെറ തണലിലാണു്, കുട്ടികൾ നല്ലവരായെങ്കിലേ വരുന്ന തലമുറയും നന്നായിരിക്കുകയുള്ളു. അതുകൊണ്ടു കുട്ടികളെ മാനസികമായും ശാരീരികമായും വളത്തുന്നതോടൊപ്പം സാംസ്ക്കാരികമായും പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു. സാമൂഹികാചാരരീതികൾ ചെറുപ്പകാലംതൊട്ടു് അവക്കു വശമായിരിക്കണം. അതിനു നിസ്വാർത്ഥത, അനുകമ്പ, ഉത്സാഹം, സ്നേഹബഹുമാനങ്ങൾ മുതലായ സാമൂഹികഗുണങ്ങൾ അവരിൽ ദൃഢമൂലമാകണം. ഈ ഗുണങ്ങളെ പ്രായോഗികമാക്കി ശീലിക്കുന്ന പ്രാഥമിക സ്കൂളായിരിക്കണം ഓരോ കുടുംബവും. മക്കളും കാരണവന്മാരും പരസ്പരം സ്നേഹിച്ചും ആദരിച്ചും പ്രവർത്തിച്ചും കുടുംബജീവിതം ആനന്ദകരമാക്കണം. "ഉത്സാഹഭരിതമായ കുടുംബമാണു സന്തോഷ

സമ്പൂർണ്ണമായ കുടുംബം.'' എന്നുള്ള ഡാനിയേൽ ലോഡിൻെറ വാക്കുകൾ പ്രകൃതത്തിൽ സ്മർത്തവ്യമാണു്. നിർമ്മലമായ ഒരു പുഞ്ചിരി കുടുംബാംഗങ്ങളുടെ മുഖത്തു സദാ ഉണ്ടായിരിക്കുന്നതു നല്ലതാണു്. സുഖത്തിലും സമൃദ്ധിയിലും മാത്രമല്ല, ദുഃഖത്തിലും ദാരിദ്ര്യത്തിലും മററു കഷ്ടതകളിലും കുടുംബജീവിതത്തെ സമാധാനസംദായകവും ആദർശപരവുമാക്കുവാൻ പ്രസന്നതയ്ക്കു വളരെയധികം ശക്തിയുണ്ടു്. കുടുംബാന്തരീക്ഷത്തെ ആകർഷകവും സന്തോഷപ്രദവുമാക്കുന്നതിനു മററുചില വഴികളുമുണ്ടു്. വിശേഷദിവസങ്ങൾ ആഘോഷിക്കുക വിനോദങ്ങൾ നടത്തുക ഇവയെല്ലാം കുടുംബത്തെ ചൈതന്യപൂർണ്ണമാക്കുന്നതിനു സഹായിക്കുന്നവയാണു്.

വീട്ടിലുള്ള ജീവിതത്തിലായാലും പുറമേയുള്ള കൂട്ടജീവിതത്തിലായാലും പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു സംഗതിയുണ്ടു്: നിങ്ങൾ ആരോടുകൂടെ ജീവിക്കുവാൻ പോകുന്നുവോ അവരുടെയെല്ലാം സ്വഭാവം, അഭിപ്രായങ്ങൾ, രീതികൾ എന്നിവ സൂക്ഷ്മദൃഷ്ട്യാ നോക്കി മനസ്സിലാക്കണം. അങ്ങനെ, കൂട്ടത്തിൽ താമസിക്കുന്നവരെ ശരിക്കറിഞ്ഞു് അതനുസരിച്ചു പെരുമാറാൻ സാധിച്ചാൽ, അനാവശ്യമായ ഉപദ്രവങ്ങളോ ഉരസലുകളോ കൂടാതെ കഴിച്ചുകൂട്ടാം. നമ്മോടുകൂടെയുള്ളവർ ആരായിരുന്നാലും ശരി, അവരുമായി രമ്യതയിലും വിശ്വസ്തതയിലും വർത്തിക്കുക അത്യാവശ്യമാണു്. ഇതിൽ പരാജയപ്പെടുമ്പോഴാണു പരസ്പര തെററിദ്ധാരണകളും കലഹങ്ങളും വർദ്ധിച്ചു സാമൂഹിക ജീവിതംതന്നെ താറുമാറാകുന്നതു്. അതിനാൽ, നമ്മിലുള്ള ദുശ്ശീലങ്ങളേയും പ്രത്യേകതകളേയും നിയന്ത്രിച്ചു മററുള്ളവരോടു ചേർന്നുപോകുവാൻ തയ്യാറാവണം.

നമ്മോട്ടുകൂടെ ജീവിക്കുന്നവരെ തിരുത്താനും ഉപദേശിക്കാനും നാം കടപ്പെട്ടവരാണെങ്കിൽ, ആ കൃത്യം വളരെ നയത്തിലും സ്നേഹത്തിലും വേണം ചെയ്യുവാൻ. അതിനൊക്കെ പററിയ സമയവും രീതിയുമുണ്ടു്. ഒരാൾ ബഹളി പിടിച്ചിരിക്കുമ്പോഴോ കലി കയറിയിരിക്കുമ്പോഴോ അയാളെ തിരുത്താനും ശാസിക്കാനും ഒരുമ്പെടരുതു്. അസമയത്തുള്ള തിരുത്തലുകളും ഉപദേശങ്ങളും ഗുണത്തെക്കാൾ ദോഷമായിരിക്കും വരുത്തിവയ്ക്കുക. നല്ല സന്ദർഭം നോക്കി വേണ്ടപോലെ ഗുണദോഷിക്കുക. അതു കുറിക്കുകൊണ്ടുകൊള്ളും.

## സംസാരം

അതിഭാഷണത്തിൽ അബദ്ധങ്ങൾ കടന്നുകൂടാതിരിക്കുക വളരെ വിഷമമാണു്. നാവിനു് ഒരു കടിഞ്ഞാണും അധരങ്ങൾക്കു് ഒരു കാവൽക്കാരനും വേണമെന്നു പറയുന്നതു തികച്ചും അർത്ഥവത്താണു്. "ഓരോ മനുഷ്യനും കുറച്ചു സംസാരിക്കയും മററുള്ളവർ പറയുന്നതു കൂടുതൽ കേൾക്കുകയും ചെയ്യട്ടെ" എന്നു സെൻറു് ജെയിംസ് എഴുതിയിരിക്കുന്ന വാക്കുകൾ നാം വിസ്മരിക്കരുതു്. പണ്ഡിതന്മാരും ബുദ്ധിശാലികളും സാധാരണ മിതഭാഷികളാണല്ലോ. ആകയാൽ, നമ്മുടെ സംസാരത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തണം. അളന്നുതൂക്കിവേണം ഓരോ വാക്കും ഉപയോഗിക്കുവാൻ. ആ ഓരോ വാക്കിനും വിലയും ഉണ്ടായിരിക്കണം. ചിന്തിക്കാതെ സംസാരിക്കുക ചെറുപ്പക്കാരുടെ പതിവാണു്. കാണുന്നതിനെക്കുറിച്ചൊക്കെ സംസാരിച്ചുകൊണ്ടിരിക്കുക വിഡ്ഢികളുടെ ലക്ഷണവും. ബുദ്ധിയും വിവേകവും ഉള്ളവൻ ആലോചിച്ചു് ആവശ്യത്തിനുമാത്രമേ സംസാരിക്കുകയുള്ളൂ.

## തടയേണ്ട ചില ന്യൂനതകൾ

"വിഡ്ഢികളുടെ ഹൃദയം അവരുടെ അധരങ്ങളിലും ബുദ്ധിമാന്മാരുടെ അധരങ്ങൾ അവരുടെ ഹൃദയത്തിലുമാകുന്നു." എന്ന ആപ്തവാക്യം നാം ഓർമ്മിച്ചിരിക്കണം. ചിലർക്ക് സ്വന്തംകാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ രസം. ഈ ആത്മപ്രശംസ കേട്ടുകൊണ്ടിരിക്കുന്നതു പോലെ മുഷിപ്പേറിയ ഒരു സംഗതി മറെറാന്നുമില്ല. 'അവനവനിസം'പറച്ചിൽ മുഴുത്ത അഹങ്കാരത്തിൻെറ ലക്ഷണംമാത്രമാണ്. വല്ലപ്പോഴും സ്വന്തംകാര്യങ്ങൾ പറയുവാൻ നിർബ്ബന്ധിതനായാൽത്തന്നെ അതു കഴിയുന്നത്ര ചുരുക്കി വിനയത്തോടുകൂടി ചെയ്യുക.

പലർ കൂടിയിരിക്കുമ്പോൾ, രണ്ടുപേർതമ്മിൽ കുശുകുശുക്കുകയും ആംഗ്യങ്ങൾ കാണിക്കുകയും ചെയ്യരുത്. അതുപോലെ. മററുള്ളവരുടെ ഇടയ്ക്കുവച്ച് ഒരാളോടു അയാൾക്കുമാത്രം മനസ്സിലാവുന്ന ഭാഷയിലോ വിധത്തിലോ സംസാരിക്കുന്നതും മര്യാദകേടാണ്. ഭൂരിപക്ഷത്തിനു് അറിഞ്ഞുകൂടാത്ത ഭാഷയിൽ നിവൃത്തിയുണ്ടെങ്കിൽ സംസാരിക്കരുതു്.

വ്യക്തിപരമായി സംസാരിക്കുമ്പോൾ, ഇതരൻെറ ശാരീരികമോ ഗാർഹികമോ ധാർമ്മികമോ ആയ പോരായ്കകളേയും രഹസ്യങ്ങളേയുംകുറിച്ച് ഒരിക്കലും അഭിപ്രായം പ്രകടിപ്പിക്കരുതു്. തമാശായിട്ടുപോലും അങ്ങനെ ചെയ്യരുതു്. മാന്യനായ മനുഷ്യൻ ദയയും ക്ലീനതാവും വെടിഞ്ഞു സംസാരിക്കുകയില്ല. മററുള്ളവരെ നിങ്ങൾ ആദരിച്ചു സംസാരിക്കുന്നെങ്കിൽ നിങ്ങൾക്കു ധാരാളമായി സ്നേഹിതന്മാർ ഉണ്ടായിക്കൊള്ളും.

മററുള്ളവക്ക ഈർഷ്യ ഉണ്ടാക്കുന്ന വിധത്തിൽ ഒരിക്കലും സംസാരിക്കരുത്. "ഞാൻ പറഞ്ഞില്ലേ" "കേട്ടോ" "മനസ്സിലായോ" "ങേ" മുതലായ പദങ്ങൾ ആവൎത്തിക്കുന്നതു് അഭംഗിയാണു്. "അവൾ, അവൻ, അവൻെറ, നീ,—നിൻെറ, എടാ, പോടാ" എന്നിങ്ങനെ പറയുന്നതും അപമൎയ്യാദയാണു്. മിസ്സ് ജോമ-, മിസ്റ്റർ മാത്യു, മി. റഹിം, നാണുച്ചേട്ടൻ, ലക്ഷ്മിച്ചേച്ചി, റോസച്ചേടത്തി......ഇങ്ങനെ ഓരോ ആളിനും സന്ദർഭത്തിനും ചേൎന്നവിധം ഉപയോഗിക്കുക. നിന്ദ്യവും അശ്ലീലവുമായ പ്രയോഗരീതികൾ എപ്പോഴും വർജ്ജിക്കണം. അവ അവഹേളനാർഹമാണെന്നു മാത്രമല്ല, പറയുന്ന ആളിൻെറ വഷളായ മനഃസ്ഥിതി പ്രത്യക്ഷമാക്കുകയും ചെയ്യുന്നു. വാക്കുകളിൽനിന്നു ഒരുവൻെറ ഉള്ള മനസ്സിലാക്കുവാൻ സാധിക്കും. മററുള്ളവരെ നിന്ദിക്കുന്നതു ശരിയല്ലല്ലോ. തമാശകളും ഫലിതങ്ങളും നല്ലതുതന്നെ. പക്ഷേ, അവ മററുള്ളവരെ വേദനിപ്പിക്കുന്നതായിരിക്കരുതു്. എപ്പോഴും തമാശകാണിച്ചു ബഫൂൺവേഷം കെട്ടുന്നതു മാന്യന്മാക്കുചേൎന്നതല്ല; അല്പജ്ഞന്മാരുടെ ജോലിയാണതു്. മറെറാരാളെ നിശിതമായി വിമൎശിക്കാനോ കുററംപറയാനോ നാം മുതിരരുതു്. അതുപോലെതന്നെ, ഒരാളെ വാനോളം പുകഴ്ത്തുന്നതും ശരിയല്ല.

ഒരാൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, പ്രത്യേകാവശ്യംകൂടാതെ ഇടയ്ക്കുകയറി അഭിപ്രായം പറയുന്നതു ഉചിതമല്ല. എന്തെങ്കിലും പറയേണ്ടിവന്നാൽത്തന്നെ അവസരംപാൎത്തും മൎയ്യാദയോടുകൂടെയും വേണം ചെയ്യുവാൻ. ഒരാൾ പ്രസംഗിക്കുമ്പോൾ, ബഹുമാനത്തോടും ശ്രദ്ധയോടുംകൂടിയാണു കേട്ടുകൊണ്ടിരിക്കേണ്ടതു്. എ

ന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ, പെട്ടെന്നു ക്ഷോഭിച്ച്, "അതുതെററാണ്" "നിങ്ങൾ കള്ളനാണ്" എന്നെല്ലാം തുറന്നടിച്ചുവിടരുത്, "എനിക്കൊരു സംശയമുണ്ട്", "ക്ഷമിക്കണം ഒരു വാക്ക്" എന്നിങ്ങനെയുള്ള മുഖവുരയോടുകൂടിവേണം നമ്മുടെ അഭിപ്രായം രേഖപ്പെടുത്തുവാൻ. ആരോടെങ്കിലും ഉത്തരം പറയുമ്പോൾ, ഒരു കുസലുമില്ലാതെ, yes, no, അതേ, അല്ല, ഉണ്ട്, ഇല്ല, എന്നു ഒററവാക്കിൽ പറയരുത്, yes sir, no sir' അതേ സർ, ഇല്ല സർ എന്നുവേണം പറയുവാൻ. നമ്മുടെ സ്നേഹബഹുമാനങ്ങൾ അർഹിക്കുന്ന ആളുകളെ ഓമനപ്പേരുകളോ ഗ്രാമ്യപദങ്ങളോ ചേർത്തു വിളിക്കരുത്. ചുരുക്കിപ്പറഞ്ഞാൽ സംസാരത്തിൽ കുലീനത്വവും സഭ്യതയും കൈവെടിയരുത്.

ക്ഷമിക്കണം, ദയവുചെയ്തു്, വളരെ ഉപകാരം, കൊള്ളാം – excuse me, please, thanks, pardon me, എന്നിങ്ങനെയുള്ള പദങ്ങൾ യഥോചിതം ഉപയോഗിക്കാൻ മറന്നുപോകരുത്. ഓരോരുത്തരുടേയുംരീതിക്കും അന്തസ്സിനും ചേർന്നവിധംവേണം നാം അവരോടു സംസാരിക്കുവാൻ, അവരുടെ സ്ഥാനത്തിനു യോജിക്കുന്ന പദങ്ങൾകൊണ്ടാണ് അവരെ സംബോധനചെയ്യേണ്ടതു്. നല്ല സ്വരത്തിൽ, ശുദ്ധമായ ഭാഷയിലായിരിക്കണം നമ്മുടെ സംഭാഷണം. ഇടയ്ക്കു് എന്തെങ്കിലും തെററുപിണഞ്ഞാൽ വിനയത്തോടെ വേഗം തിരുത്തുക. പ്രതിപക്ഷബഹുമാനവും സൗമ്യതയും ലാളിത്യവും നമ്മുടെ വാക്കുകളിൽ സദാ ഉണ്ടായിരിക്കണം.

## ദൈവാലയങ്ങളിൽ

ആരാധനസ്ഥലം—അതു ദൈവത്തിനായി പ്രത്യേകം പ്രതിഷ്ഠിച്ചിരിക്കുന്ന ഭവനമാണ്. തന്നിമിത്തം, അതിനോടും അതിനോടു ബന്ധപ്പെട്ട സകലതിനോടും ശരിയായ ബഹുമാനം കാണിക്കുക ആവശ്യകമാകുന്നു. അതിൽ പ്രവേശിച്ചാൽ, ആ പുണ്യസ്ഥലത്തിനു ചേന്ന ഭക്ത്യാദരങ്ങൾ നമുക്കുണ്ടായിരിക്കണം. അതിനു ചേരാത്ത പെരുമാററം, സംസാരം ഇതെല്ലാം നാം പാടെ വർജ്ജിക്കണം.

## പബ്ളിക്ക് സ്ഥലങ്ങളിൽ

പൊതുസ്ഥലങ്ങളിൽ പ്രവേശിക്കുമ്പോൾ നാം പലതും ശ്രദ്ധിക്കാനുണ്ട്. നമ്മുടെ മുഖഭാവം, വേഷം, നടപ്പ്, നില്പ് ഇവയിലെല്ലാം ഒരു പ്രസന്നതയും, അന്തസ്സും ക്രമവും ഉണ്ടായിരിക്കണം. പൊതുസ്ഥലത്തായിരിക്കുമ്പോൾ, അതു നമ്മുടെ വീടാണെന്ന ഭാവേന തന്നിഷ്ടവും തൻേറടവും കാണിക്കരുത്. എല്ലാവരെയും കുറിച്ചുള്ള ചിന്തയും സമാദരവും എപ്പോഴും ഉണ്ടായിരിക്കണം. നമ്മുടെ വിചാരവും വാക്കും പ്രവൃത്തിയും സ്നേഹനിർഭരങ്ങളായിരിക്കട്ടെ. കഴിവിൽപ്പെട്ട എന്തുസേവനവും ആക്കും സസന്തോഷം ചെയ്തുകൊടുക്കുവാൻ നാം സന്നദ്ധരായിരിക്കണം. ചിലപ്പോൾ, അല്പസ്വല്പം നഷ്ടമോ വിഷമമോ നമുക്കു നേരിട്ടെന്നുവരാം. എന്നാലും അന്യന് ഒരുപകാരം ചെയ്യുവാൻ ലഭിക്കുന്ന സന്ദർഭം നാം നഷ്ടപ്പെടുത്തരുത്. ത്യാഗങ്ങൾ സഹിച്ചു മറ്റുള്ളവക്കു് ഉപകാരം ചെയ്യുന്നതിലാണു കൂടുതൽ മഹത്വം.

ഒരു കസേര നീക്കിയിട്ട കൊടുക്കുക, നമ്മുടെ സീററുത ന്നെ വേണ്ടിവന്നാൽ കൊടുക്കുക, ആവശ്യമെന്നുതോന്നു ന്ന മററു സൗകര്യങ്ങൾ ചെയ്തു സഹായിക്കുക തുടങ്ങി പലപ്രകാരത്തിൽ നമുക്കു മററുള്ളവരെ സഹായിക്കു വാൻ കഴിയും.

## സമ്മേളനസ്ഥലങ്ങളിൽ

ഒരു മീററിംഗ് ഹാളിലോ സമ്മേളനസ്ഥലത്തോ പ്രവേശിക്കുമ്പോൾ, അവിടെ ഇരിക്കുന്നവരുടെ നേക്കു തല ചായിച്ചോ കൈകൂപ്പിയോ ആചാരം ചെയ്യണം. അവിടെനിന്നു ഇറങ്ങിപ്പോരുമ്പോഴും അങ്ങനെ ചെയ്യു ക. വിനയത്തോടെ, നിങ്ങൾക്കുള്ള സ്ഥാനത്തുപോയി ഇരിക്കുക. അടുത്തിരിക്കുന്നവർ അപരിചിതരാണെ ങ്കിൽ നിങ്ങൾതന്നെ അങ്ങോട്ടു സംസാരിച്ചുതുടങ്ങണം. പൊതുവായ എന്തെങ്കിലും സംഗതികളെക്കുറിച്ചായിരി ക്കണം സംഭാഷണം. ഒരാളെ ഇടയ്ക്കിരുത്തിക്കൊണ്ടു് മറെറാരാളുമായി രഹസ്യഭാഷണത്തിനു ഉദ്യമിക്കരുതു്. എപ്പോഴെങ്കിലും ഒരാളുടെ മുമ്പിൽക്കൂടി കടന്നുപോവു കയോ എന്തെങ്കിലും തെററുചെയ്യുകയോ അവിചാരിത മായി ഒരാൾക്കു വിഷമം വരുത്തുകയോ അസൗകര്യത്തി നു് ഇടയാക്കുകയോ ചെയ്താൽ ഉടനെ, excuse me, ക്ഷ മിക്കണമേ, എന്നു പറയണം. നേരേമറിച്ചു്, ആ വി ഷമമോ അസൗകര്യമോ നമുക്കാണനുഭവപ്പെട്ടതെങ്കിൽ, കഴിയുന്നിടത്തോളം അതിനെ നിസ്സാരമായി കണക്കാ ക്കി, 'ഒ, സാരമില്ല' don't mind it, it is nothing, എന്നു സന്തോഷത്തോടെ പറയുക. സമ്മേളനസ്ഥല ത്തിരുന്നു നാം ചൂളമടിക്കുകയോ മററു അപശബ്ദങ്ങൾ

പുറപ്പെട്ടുവിക്കുകയോ ചെയ്യരുത്. മീററിംഗോ മററുവല്ല ചടങ്ങുകളോ നടക്കുന്നുണ്ടെങ്കിൽ സദസ്സിലിരുന്നു സംസാരിക്കരുത്; ചടങ്ങുകളിൽ ബദ്ധശ്രദ്ധരായിരിക്കുക. ശ്രദ്ധിക്കുവാൻ ആഗ്രഹിക്കുന്നവക്കു ശല്യമുണ്ടാക്കുകയും അവിടെ നടക്കുന്ന ചടങ്ങുകളോട് അവജ്ഞകാണിക്കുകയും ചെയ്യുന്നതു നിർമ്മര്യാദമായ പ്രവൃത്തികളാണ്.

## വാഹനങ്ങളിൽ

തീവണ്ടി, ബസ്സ്, ബോട്ട് എന്നീ വാഹനങ്ങളിൽ യാത്രചെയ്യുന്ന അവസരങ്ങളിലാണു നമ്മുടെ മര്യാദയും മാന്യതയും തനിനിറത്തിൽ പ്രകടമാകേണ്ടതു്. സഹയാത്രക്കാരോടു ആദരവും താല്പര്യവും കാണിക്കുക നമ്മുടെ ധമ്മമാണ്. 'ദയവുചെയ്തു്, വളരെ ഉപകാരം, ക്ഷമിക്കണം,' 'Thanks, excuse me' തുടങ്ങിയ വാക്കുകൾ സന്ദർഭോചിതം ഉപയോഗിക്കേണ്ടതായി വരും. നിങ്ങൾ യാത്രചെയ്യുന്നതു് ആരോടുകൂടെ ആയാലും അവരുടെ സൗകര്യത്തിനും ഗുണത്തിനും പാടുള്ള ഒത്താശകൾ എല്ലാം നിങ്ങൾ ചെയ്തു കൊടുക്കണം. പൊതുസ്ഥലങ്ങളും വാഹനങ്ങളും എല്ലാവക്കുംവേണ്ടിയുള്ളതാണെന്നും എല്ലാവക്കും തുല്യാവകാശങ്ങളാണുള്ളതെന്നുമുള്ള പ്രാഥമിക പാഠം വിസ്മരിക്കരുതു്. സ്വാതന്ത്ര്യത്തിനും തന്റേടത്തിനും അവയിൽ സ്ഥാനമില്ല. നിങ്ങളുടെ സേവനസന്നദ്ധതയും ആഭിജാത്യവും കാണിക്കുവാൻ, ട്രയിനിലും ബസ്സിലും കിട്ടാവുന്നിടത്തോളം സന്ദർഭങ്ങൾ മറെറാരിടത്തും ലഭിക്കുകയില്ലെന്നുപറയാം. അങ്ങനെയുള്ള സന്ദർഭങ്ങളിലെല്ലാം ഒരു മന്ദസ്മിതത്തോടെ കഴിയുന്ന സേവനം ചെയ്തുകൊടുക്കണം. പുകവലിച്ചും മുറുക്കിത്തുപ്പിയും

നിങ്ങളുടെ സഹയാത്രക്കാക്ക ശല്യമുണ്ടാക്കരുതു്. ബസ്സിൽവച്ചു് ഒരിക്കലും പുകവലിക്കരുതു്. ട്രയിനിലുംമററുമായിരിക്കുമ്പോൾ പുക വലിക്കേണ്ടിവന്നാൽ അടുത്തിരിക്കുന്നവരുടെ അനുവാദത്തോടെ വേണം അപ്രകാരം ചെയ്യുവാൻ.

വാഹനങ്ങളിൽ കയറുവാൻ ചെല്ലുമ്പോൾ ഉന്തുന്നതും തള്ളുന്നതും ബഹളമുണ്ടാക്കുന്നതും മാന്യന്മാക്ക ചേന്നതല്ല. 'ആദ്യംവന്നവൻ ആദ്യം' എന്ന തത്വം എപ്പോഴും ഓത്തിരിക്കുക. വാഹനത്തിനകത്തു ചെന്നാൽ അതിലുള്ളവരെ ബഹുമാനത്തോടെ വീക്ഷിക്കുക. നിങ്ങളിരിക്കുമ്പോൾ, പ്രശസ്തനായ ഒരു വ്യക്തിയോ കൈക്കുഞ്ഞുമായി ഒരു സ്ത്രീയോ കയറിവന്നാൽ അവക്ക സൗകയ്യമുള്ള ഒരു സ്ഥലം ഏർപ്പാടുചെയ്തുകൊടുക്കുവാൻ സഹായിക്കുക നിങ്ങളുടെ ചുമതലയാണു്. പ്രായംചെന്ന ആളുകളും രോഗികളും സ്ഥലമില്ലാതെ നില്ക്കുമ്പോൾ, നിങ്ങൾ സുഖമായി ഇരിക്കുന്നതു നന്നല്ല. നിങ്ങൾക്കാണു് ആരെങ്കിലും സഹായം ചെയ്യുന്നതെങ്കിൽ സന്തോഷത്തോടെ 'വളരെ ഉപകാരം' 'Thank you' എന്നു പറഞ്ഞു കൃതജ്ഞത രേഖപ്പെടുത്തുക. സന്ദർഭത്തിനു പറ്റിയവിധം സംസാരിക്കുക. തൊണ്ടപൊട്ടിച്ചുള്ള സംസാരവും അട്ടഹാസങ്ങളും ഉപേക്ഷിക്കണം. വണ്ടിയിലിരുന്നു ഭക്ഷണം കഴിക്കുവാൻ ഉദ്ദേശിക്കുന്നെങ്കിൽ അതു കഴിയുന്നതും ഒതുക്കത്തിൽ ചെയ്യുക. യാത്രയിൽ കഴിയുന്നതും കുറച്ചു സാമാനങ്ങൾ കൊണ്ടുനടക്കുന്നതാണു നല്ലതു്.

## തെരുവുകളിൽ

പബ്ളിക് സ്ഥലങ്ങളിൽക്കൂടി സഞ്ചരിക്കുമ്പോൾ സ്നേഹിതന്മാർക്കും അധികാരികൾക്കും പ്രശസ്തവ്യക്തികൾക്കും വന്ദനം കൊടുക്കുക. തൊപ്പിയുണ്ടെങ്കിൽ എടുത്തു് തല അല്പം കുനിക്കുക. അല്ലെങ്കിൽ ഒരു കൂപ്പുകൈ. സലാം ചെയ്യുന്നതും തെററില്ല. നിങ്ങളെ ആരെങ്കിലും അഭിവാദനംചെയ്താൽ ഉടനെ തിരിച്ചും ചെയ്യുക. കൈ കൊടുത്തു സ്വീകരിക്കേണ്ട ആരെങ്കിലും അടുത്തുവന്നാൽ, നിങ്ങൾക്കു തൊപ്പിയുണ്ടെങ്കിൽ അതു് ഇടത്തു കൈകൊണ്ടെടുത്തിട്ട് വലതുകരം ആഗതനു നീട്ടിക്കൊടുക്കുക. ഈ സന്ദർഭങ്ങളിലെല്ലാം ഒരു മന്ദസ്മിതത്തോടെ Good morning... Good evening Mr..., നമസ്കാരം, നമസ്തെ, വന്ദനം, വണക്കം, ഇവയിലേതെങ്കിലും ഒന്നു പറയുകയാണു പതിവു്. ഗുരുഭൂതന്മാരെയും മേലധികാരികളെയും മററും എവിടെവെച്ചുകണ്ടാലും അഭിവാദനം ചെയ്യുക മാന്യതയുടെ ലക്ഷണമാണു്.

മുതിന്ന് ഒരാളോടുകൂടെ നടക്കുമ്പോൾ നിങ്ങൾ അദ്ദേഹത്തിൻെറ ഇടത്തുവശത്തായിരിക്കുക. മൂന്നുപേർ കൂടി നടക്കുകയാണെങ്കിൽ പ്രധാനി മദ്ധ്യത്തിലായിരിക്കണം. പലർകൂടി ഒരു വഴിക്കു പോകുന്ന അവസരത്തിൽ മുമ്പേ പോകുന്നവരെ തട്ടിമാററി ഓടിക്കയറുന്നതു ശരിയല്ല. പ്രഥമസ്ഥാനത്തിനുവേണ്ടിയുള്ള ബദ്ധപ്പാടാണതു്. ഉന്നതസ്ഥാനമുള്ളവർ വാതിലിനടുത്തുവന്നാൽ നിങ്ങൾ വാതിൽ തുറന്നു് ആദ്യമായി അവർ കടന്നുപോകുവാൻ അനുവദിക്കുക.

# സന്ദർശനങ്ങൾ

സന്ദർശനങ്ങളുടെ കാലമാണിതു്. വ്യക്തികളും കുടുംബങ്ങളും തമ്മിൽ വിശ്വാസവും മൈത്രിയും പുലത്തുന്നതിൽ ഇത്രയധികം പ്രാധാന്യമുള്ള ഒരു നടപടി മറ്റൊന്നുമില്ലെന്നു പറയാം. വലിയ സ്ഥാനമാനമുള്ളവർ സാധാരണമായി സന്ദശനകാർഡുകൾ മുഖാന്തരമാണു കൂടിക്കാഴ്ചകൾ ഏർപ്പാടു ചെയ്യുന്നതു്. ഈ കാർഡുകളുടെ രീതിയുംമററും ബുദ്ധിപൂർവ്വം നിശ്ചയിക്കേണ്ടതാണു്. ആത്മകഥാകുറിപ്പുകൾ, യോഗ്യതകൾ, ബിരുദങ്ങൾ ഇതൊന്നും സന്ദശനക്കാർഡുകളിൽ ഉണ്ടായിരിക്കുന്നതു നല്ലതല്ല. ലളിതമായ രീതിയിൽ ഫാദർ മാത്യു.. ഡാക്ടർ കൃഷ്ണൻ... എന്നിങ്ങനെ എന്തെങ്കിലും സ്ഥാനപ്പേരുണ്ടെങ്കിൽ അതുചേത്തു മേൽവിലാസം കുറിക്കുക. ഈ കാർഡു് ആൾവശമോ തപാൽവഴിയോ കാണേണ്ട ആളിനയച്ചുകൊടുക്കണം. സന്ദശനം അനുവദിച്ചുകഴിഞ്ഞാൽ നിശ്ചിതസമയത്തിനു് അല്പംമുമ്പേ, അഞ്ചുമിനിട്ടുനേരത്തെ, സ്ഥലത്തെത്തണം.

നനഞ്ഞതോ മുഷിഞ്ഞതോ ആയ വസ്ത്രങ്ങളുമായി സന്ദശനത്തിനു പോകാതിരിക്കാൻ ശ്രദ്ധിക്കണം. നിങ്ങൾചെല്ലുമ്പോൾ, സന്ദശനാത്ഥം മറെറാരാൾ അകത്തുണ്ടെങ്കിൽ നിങ്ങളുടെ കാര്യം അടുത്ത അവസരത്തിലേക്കു മാററിവയ്ക്കുക. സമയമുണ്ടെങ്കിൽ, അവരുടെ സംഭാഷണം കഴിയുന്നതുവരെ ക്ഷമിക്കുക. മററുള്ളവരുമായിട്ടുള്ള സംസാരം നിങ്ങൾ മറഞ്ഞുനിന്നു കേൾക്കരുതു്. വാതിലുകളുടേയും ജനലുകളുടേയും വിടവുകളിലൂടെ മുറിയ്ക്കകത്തേക്കു ഒളിഞ്ഞുനോക്കരുതു്.

സന്ദർശിക്കാൻ ചെല്ലുമ്പോൾ അകത്തിരിക്കുന്ന ആൾ കേൾക്കത്തക്കവിധത്തിൽ കതകിൽ മുട്ടുക. അകത്തുപ്രവേശിച്ചാൽ ശരിയായി ആചാരം ചെയ്യുക. ഇരിക്കാൻ സ്ഥലം ചൂണ്ടിക്കാണിച്ചാൽ 'Thank you' 'വളരെ ഉപകാരം' എന്നു പറഞ്ഞു് ഇരിക്കുക. സന്ദർശന സമയത്തു നിങ്ങളുടെ വിഷയവുമായി ബന്ധമില്ലാത്ത യാതൊരു കാര്യത്തിലും തലയിടരുതു്. ആവശ്യമില്ലാത്ത വിഷയങ്ങളെക്കുറിച്ചു സംസാരിച്ചു സമയം കളയരുതു്. നിങ്ങൾക്കു പറയാനുള്ളതു പറഞ്ഞുകഴിഞ്ഞാലുടനെ തിരിച്ചു പോരുവാനായി നിങ്ങൾതന്നെ നിർബ്ബന്ധം കാണിക്കണം. സാധാരണസന്ദർശനം അരമണിക്കൂറിൽ കൂടുതൽ നീണ്ടുനില്ക്കരുതു്. നല്ല ഉപചാരവാക്കുകൾ പറഞ്ഞു സ്ഥലം വിടുക.

ഇനി, ആരെയെല്ലാമാണ് സന്ദർശിക്കുവാൻ കടപ്പെട്ടിട്ടുള്ളതു്. നിങ്ങൾക്കു് എന്തെങ്കിലും ഉപകാരം ചെയ്തിട്ടുള്ളവരെ ചെന്നുകണ്ടു നന്ദിപറയുക ഒരു കടമയാണ്. പ്രശസ്തമായ വിജയവും ഭാഗ്യവും കൈവരിച്ചിരിക്കുന്നവരെ സന്ദർശിച്ച് അനുമോദനം രേഖപ്പെടുത്തുകയും വലിയ നഷ്ടമോ സങ്കടമോ സംഭവിച്ചിരിക്കുന്നവരെ ആശ്വസിപ്പിക്കുകയും ചെയ്യുന്നതു സംസ്കാരലക്ഷണങ്ങളാണ്.

സ്നേഹിതർ, ബന്ധുക്കൾ ഇവരെ സന്ദർശിക്കുമ്പോൾ ഒരു കാര്യം വിസ്മരിക്കരുതു്. നിങ്ങളുടെ സന്ദർശനം അവർക്കു് ഒരുവിധത്തിലും അസൗകര്യത്തിനും കഷ്ടനഷ്ടങ്ങൾക്കും ഇടയാക്കരുതു്. എല്ലാ കാര്യങ്ങളിലും നിങ്ങളെ നയിക്കേണ്ട (commonsense) ഔചിത്യബോധം ഈ വിഷയത്തിലും പ്രവർത്തിക്കട്ടെ.

നിങ്ങൾ സന്ദൎശിക്കുവാൻപോകുന്ന ആളുകളോട്ട് എന്നതിനെക്കാൾ, നിങ്ങളെ സന്ദൎശിക്കാൻ വരുന്നവരോട്ട് എങ്ങനെ പെരുമാറണമെന്നുള്ളതാണു് അറിഞ്ഞിരിക്കേണ്ടതു്. വളരെ സൂക്ഷിച്ചാൽപോലും ഈ വിഷയത്തിൽ പോരായ്കകൾ വന്നുകൂടാവുന്നതാണു്. അതിനാൽ, ഏതു സന്ദൎശകനേയും ബഹുമാനത്തോടും സന്തോഷത്തോടും സ്വീകരിക്കുവാൻ നിങ്ങൾ ശ്രദ്ധിക്കണം.

നിങ്ങളെ പ്രതീക്ഷിച്ചിരിക്കുക നിമിത്തം ആൎക്കും അധികസമയനഷ്ടത്തിനിടയാകരുതു്. നിങ്ങൾക്കു് എന്തെങ്കിലും കാരണവശാൽ വേഗംവന്നു സ്വീകരിക്കുവാൻ സാധിച്ചില്ലെങ്കിൽ, അതിൻെറ കാരണം പറഞ്ഞു ക്ഷമചോദിക്കുക. സന്ദൎശകൻെറ അടുത്തെത്തിയാൽ, സന്തോഷത്തോടുകൂടി അദ്ദേഹത്തിനു സ്വാഗതമരുളുക. അയാളുടെ കൈയിൽ എന്തെങ്കിലും സാധനങ്ങളുണ്ടെങ്കിൽ അവ സ്നേഹപൂൎവ്വം വാങ്ങി ഒരു നല്ല സ്ഥാനത്തു വയ്ക്കുക. ഇരുന്നു സംസാരിക്കുവാൻ സൗകൎയ്യമുള്ള മുറിയിലേക്കു് അയാളെ നയിക്കുക. നിങ്ങളുടെ സംസാരം ഹൃദ്യവും രസകരവും ഉന്മേഷഭരിതവുമായിരിക്കണം. സന്ദൎശനസമയത്തു നിങ്ങളുടെ പത്രങ്ങളോ എഴുത്തുകളോ വന്നാൽ, അവ വാങ്ങിച്ചു മാററിവയ്ക്കുക. സന്ദൎശനസമയം കഴിയാതെ അവ പൊട്ടിക്കരുതു്. എന്തെങ്കിലും അത്യാവശ്യകാൎയ്യത്തിനുള്ളതാണെങ്കിൽ സന്ദർശകൻെറ അനുവാദത്തോടെ പൊട്ടിച്ചു വായിക്കാം. സന്ദൎശനസമയത്തു പെട്ടെന്നു മറെറന്തെങ്കിലും അത്യാവശ്യത്തിൽ നിങ്ങൾ വിളിക്കപ്പെട്ടാൽ ഖേദം രേഖപ്പെടുത്തിക്കൊണ്ടു സന്ദൎശനസമയം ചുരുക്കാം. അത്യാവശ്യമൊന്നും ഇല്ലാത്തപക്ഷം, സന്ദർശകൻ യാത്രപറയുന്നതുവരെ അദ്ദേഹത്തോടൊന്നിച്ചായിരിക്കുക. അദ്ദേഹത്തിനു് ആ

വശ്യമുള്ള സഹായസൗകര്യങ്ങൾ എല്ലാം നിങ്ങൾ ചെയ്തുകൊടുക്കണം. അദ്ദേഹം യാത്രയാകുമ്പോൾ നിങ്ങൾ വാതിൽവരെയോ മുററംവരെയോ അനുയാത്ര ചെയ്യുക. അവസാനം 'നമസ്തേ' 'Good bye' പറഞ്ഞു പിരിയുക.

## ഡിന്നറുകൾ

ഡിന്നറിനോ ചായസല്ക്കാരത്തിനോ ക്ഷണം കിട്ടിയാൽ അതിൽ സംബന്ധിക്കുവാൻ ഉദ്ദേശിക്കുന്നുവോ ഇല്ലയോ എന്നു കാണിച്ചു കഴിയുന്നതും വേഗം മറുപടി അയയ്ക്കണം. നിർദ്ദിഷ്ടസമയത്തിനു് അഞ്ചുമിനിട്ടുനേരത്തെ സ്ഥലത്തു ചെന്നുചേരുക. വളരെ നേരത്തേയോ വളരെ താമസിച്ചോ ചെല്ലുന്നതു ശരിയല്ല. പല കാര്യങ്ങളിൽ ബദ്ധശ്രദ്ധനായിരിക്കുന്ന നിങ്ങളുടെ ആതിഥേയനു് അതു പല അസൗകര്യങ്ങൾക്കും കാരണമാകും. സ്ഥലത്തെത്തിയാൽ, ഒരുക്കങ്ങൾ എല്ലാം പൂർത്തിയാവുന്നതുവരെ പൂമുഖത്തോ സന്ദർശനമുറിയിലോ വിശ്രമിക്കുക. 'സമയമായി' എന്നറിയിക്കുമ്പോൾ സല്ക്കാരസ്ഥലത്തേക്കുപോയി നിങ്ങൾക്കായുള്ള സ്ഥലത്തു ഇരിക്കുകയും ചെയ്യുക. ചില ഡിന്നറുകളിൽ ഓരോരുത്തക്കും പ്രത്യേക സീററുകൾ നിശ്ചയിച്ചിരിക്കും. പ്രമുഖാതിഥി ഇരിക്കുന്നതുവരെ കാത്തുനില്ക്കുക.

ഒരു സല്ക്കാരത്തിനു് ഇരിക്കുമ്പോൾ നിങ്ങൾ പലതും സൂക്ഷിക്കാനുണ്ടു്. സ്ഥലത്തിനും സന്ദർഭത്തിനും ചേർന്നവിധം പെരുമാറണം. ഭക്ഷണനേരത്തു് ഒരാൾ കാണിക്കുന്ന രീതികളിൽനിന്നു അയാളുടെ കുടുംബസ്ഥിതിപോലും അളക്കാമെന്നാണു പറയപ്പെടുന്നതു്. ഭക്ഷ

ണസമയത്തു സംസ്കാരശൂന്യമായി പെരുമാറുന്നതു് അടു ത്തിരിക്കുന്നവർക്കു് അറപ്പും വെറുപ്പും തോന്നിക്കും. അടു ത്തിരിക്കുന്നവരുടെ ആവശ്യങ്ങളും സൗകര്യങ്ങളും നാം പരിഗണിക്കേണ്ടതാണു്. "ബുദ്ധി നമ്മെ നയിക്കട്ടെ, ഭക്ഷണാസക്തി നമ്മെ അനുസരിക്കുകയും ചെയ്യട്ടെ" എന്നു സിസറോ പറഞ്ഞിരിക്കുന്ന വാക്കുകൾ സല്ക്കാര ത്തിനു പങ്കെടുക്കുന്ന ഓരോ വ്യക്തിയും ഓർത്തിരിക്കേണ്ട താണു്.

ഭക്ഷണസമയത്തു 'കണ്ണുമടച്ചി'രുന്നു തിന്നരുതു്. അടുത്തിരിക്കുന്നവരുമായി കുറേശ്ശെ സംസാരിക്കുക. എ ന്തെങ്കിലും പൊതുക്കാര്യങ്ങളെക്കുറിച്ചോ മററുവല്ല രസ മുള്ള സംഗതികളെക്കുറിച്ചോ ആയിരിക്കട്ടെ സംസാരം. എന്നുവച്ചു്, എപ്പോഴും സംസാരമായിരിക്കരുതു്. വലി യശബ്ദവും പൊട്ടിച്ചിരികളും യോജിച്ചതല്ല. ഭക്ഷ ണസാധനങ്ങളെക്കുറിച്ചുള്ള അഭിപ്രായപ്രകടനങ്ങളും പാടില്ല. വായിൽ തീററസാധനം കിടക്കുമ്പോൾ വർത്ത മാനം പറയരുതു്. സംസാരവിഷയം ക്ഷോഭജനകമോ സങ്കടകരമോ വൈരാഗ്യപ്രദമോ ആയിരിക്കരുതു്. നീ ണ്ടുനീണ്ട കഥകളും സന്ദർഭത്തിനു ചേർന്നതല്ല. നർമ്മസം ഭാഷണമാണു് ആദരണീയം.

ഭക്ഷണം പലതരത്തിലുണ്ടല്ലോ. ചിലയിടത്തു യൂ റോപ്യൻരീതിയിലുള്ള തീൻമുറകളായിരിക്കും. മററു ചിലയിടങ്ങളിൽ നാടൻരീതിയും പരിചയമില്ലാത്തവി ധത്തിലുള്ള വിഭവങ്ങളും മുറകളുമാണെങ്കിൽ അറിവു ള്ളവർ എങ്ങനെ ചെയ്യുന്നെന്നു നോക്കി മനസ്സിലാക്കുക. അവരെ അനുകരിക്കുക. കുനിഞ്ഞുകൂടി വളഞ്ഞല്ല ഇരി ക്കേണ്ടതു്. നിവർന്നു മേശയിൽനിന്നു വളരെ അകന്നോ

തീരെ അട്ടത്തോ അല്ലാതെ, കൈകൾ മേശയിൽ തൊട്ട വിച്ച് ഇരിക്കുക. മിക്കവാറും, ഒരു തുവാല (നപ്കിൻ) നിങ്ങളുടെ ഇടത്തുവശത്തു് ഒരു പ്ലെയിററിൽ വച്ചിട്ടുണ്ടായിരിക്കും. അതു് ഇടത്തുകൈകൊണ്ടെടുത്തു മടിയിൽ വിരിക്കുക. എന്തെങ്കിലും കുടിക്കുന്നതിനുമുമ്പും അതിനുശേഷവും ഈ തുവാല എടുത്തു ചുണ്ടു തുടയ്ക്കണം. കൈവിരലുകൾ നനയുമ്പോഴും ഇതുകൊണ്ടു തുടയ്ക്കുക.

കൈലും മുള്ളും കത്തിയും നിങ്ങളുടെ ഉപയോഗത്തിനായി വച്ചിരിക്കും. ഓരോന്നും അതതിൻെറ ആവശ്യത്തിനെടുത്തു് ഉപയോഗിക്കുക. മുള്ളു എപ്പോഴും ഇടത്തുകൈയിലായിരിക്കണം. കത്തി വലതു കൈയിലും. കത്തികൊണ്ടു മുറിച്ചു മുള്ളുകൊണ്ടു കുത്തിവേണം വായിലാക്കുവാൻ. കത്തിയുടെ സഹായത്താൽ യാതൊന്നും വായിൽ വയ്ക്കരുതു്.

ഭക്ഷണസമയത്തു വിയർക്കുകയോ തുമ്മുകയോ ചെയ്യുമ്പോൾ സ്വന്തം തുവാല ഉപയോഗിക്കുക. നാപ്കിൻ കൊണ്ടു മുഖം തുടയ്ക്കരുതു്.

ഡിന്നർ കഴിയുമ്പോൾ ആരെങ്കിലും പാനോപചാരപ്രസംഗത്തിനായി എഴുന്നേല്ക്കുന്നു. ഈ പ്രസംഗകൻ വളരെ വിവേകത്തോടെ വേണം തൻെറ കൃത്യം നിർവ്വഹിക്കുവാൻ. വിവിധനിലകളിലും അന്തസ്സിലുമുള്ള മാന്യന്മാരായിരിക്കും അതിഥികൾ. അവരുടെ അഭിരുചിക്കനുസൃതമായിരിക്കണം പ്രസംഗം. ഉന്നതസ്ഥാനങ്ങളിലിരിക്കുന്നവരുണ്ടെങ്കിൽ അവരുടെ സ്ഥാനപ്പേരും മററും മുൻകൂട്ടി മനസ്സിലാക്കി ശരിക്കു സംബോധനചെയ്യണം. പ്രസംഗം അകൃത്രിമവും ഹൃദ്യവും ആയിരിക്ക

ണം. തമാശ്ശുകൾ പറഞ്ഞു വെറും നിസ്സാരമാക്കികളെ യേണ്ടതല്ല പാനോപചാരപ്രസംഗം. പ്രസംഗസമയത്തു മററുള്ളവർ അതു സശ്രദ്ധം കേട്ടുകൊണ്ടിരിക്കുകയും ചെയ്യണം.

സദ്യ നാടൻരീതിയിലായാലും പലതും ശ്രദ്ധിക്കാനുണ്ട്. കാരണവന്മാരും ഉയന്നവരും മുൻപന്തിയിലിരിക്കുന്നു. ചോറും കറികളും എല്ലാം വിളമ്പിക്കഴിഞ്ഞതിനുശേഷം ഊണു തുടങ്ങുന്നു, വായിൽ ഭക്ഷണസാധനമുള്ളപ്പോൾ സംസാരിക്കുകയോ വെള്ളം കുടിക്കുകയോ ചെയ്യരുതു്. വായിലുള്ളതു ചവച്ചിറക്കിയിട്ടുവേണം വെള്ളം കുടിക്കുവാൻ. എല്ലോ മുള്ളോ പഴത്തൊലിയോ ഉണ്ടെങ്കിൽ നാലുപാട്ടും എറിയരുതു്. ആവശ്യമില്ലാത്തവ ഇലയുടെ, അല്ലെങ്കിൽ പ്ലെയിററിൻെറ അരികിൽ മാററിവയ്ക്കുക. ആവശ്യത്തിലധികം സാധനങ്ങൾ ഒന്നും വിളമ്പിക്കരുതു്. എല്ലാവരുടേയും ഒപ്പം ഊണു തുടങ്ങാനും നിറുത്താനും ശ്രമിക്കണം.

## ചില പൊതുനിർദ്ദേശങ്ങൾ

സദ്യയ്ക്കു പോകുന്നതു കഴിയുന്നത്ര ശുചിത്വത്തോടുകൂടി വേണം. ഭക്ഷണത്തിനു് ഇരുന്നുകഴിഞ്ഞാൽ വലിയ തിടുക്കം കാണിക്കരുതു്. ഭക്ഷണസാധനങ്ങൾ നന്നായി ചവച്ചു തിന്നണം. എന്നാൽ, വായ് തുറന്നു ചവയ്ക്കരുതു്. ചുണ്ടുകൾ അടഞ്ഞിരിക്കണം. ചവയ്ക്കുന്ന സ്വരം പുറത്തു കേൾക്കുകയും അരുതു്. എന്തെങ്കിലും സാധനം വേണമെങ്കിൽ ശാന്തമായി ചോദിക്കുക. ഏതെങ്കിലും ഭക്ഷണസാധനത്തിൽ കല്ലോ തലമുടിയോ പ്രാ

ണികളോ കണ്ടാൽ എടുത്തു് ഒതുക്കി മാററിവയ്ക്കുക. തീരെ അസഹനീയമായ എന്തെങ്കിലുമാണെങ്കിൽ, മററാരേയും അറിയിക്കാതെ വിളമ്പുന്ന ഒരാളെ വിളിച്ചു പാത്രം മാറുക. മററുള്ളവരെയെല്ലാം അതറിയിച്ചാൽ പല വിഷമതകളുമുണ്ടാകും. പ്രത്യേകിച്ചു നിങ്ങളുടെ ആതിഥേയനു്. ഉണ്ണുന്നതിനിടയ്ക്കു വായിൽ കൈയിട്ടു് പല്ലിനിടയിലിരിക്കുന്ന സാധനങ്ങൾ എടുക്കുവാൻ ശ്രമിക്കരുതു്. എരിവോ ചൂടോ കാരണം എരിച്ചിലും പൊരിച്ചിലും കാണിച്ചു ഞെരിപിരികൊള്ളുന്നതു മോശമാണു്. ഒന്നിലും അതൃപ്തി കാണിക്കുകയുമരുതു്. പലരും കൂടുന്ന ഒരു ചടങ്ങിൽ ഓരോരുത്തരുടേയും ഇഷ്ടം സാധിച്ചുകൊടുക്കുവാൻ ഒരു ആതിഥേയനെക്കൊണ്ടും സാധിക്കുകയില്ല. ഭക്ഷണത്തിനിടയ്ക്കു ചുമയോ തുമ്മലോ വന്നെങ്കിൽ, ഒരുവശത്തേക്കു തല തിരിച്ചു്, മററാക്കും ശല്യം ഉണ്ടാക്കാതെ സൂക്ഷിക്കേണ്ടതാണു്. ഇടയ്ക്കു് ഏമ്പക്കം വിടുകയോ മററു അപശബ്ദങ്ങൾ ഉണ്ടാക്കുകയോ അരുതു്. സദ്യകഴിഞ്ഞാൽ ആതിഥേയനെകണ്ടു നന്ദിപറഞ്ഞു പോവുക.

## കത്തിടപാടുകൾ

"എഴുതപ്പെട്ടതു നിലനില്ക്കും" എന്ന മഹദ്വാക്യം കത്തെഴുതുമ്പോഴെല്ലാം ഓർത്തിരിക്കുന്നതു നന്നായിരിക്കും. ആലോചിച്ചേ ഏതു് എഴുത്തും എഴുതാവൂ. സുപ്രധാന കാര്യങ്ങളെക്കുറിച്ചു് എഴുതുന്ന കത്തുകൾ എപ്പോഴും അകൃത്രിമവും സുഗ്രഹവുമായിരിക്കേണ്ടതാണു്. എന്തുകൊണ്ടെന്നാൽ, അകലെയുള്ള ഒരാളുമായി നിങ്ങളുടെ വ്യക്തിപരമായ സംഭാഷണമാണു് എഴുത്തു്. വായനക

രീതി കഴിയുന്നത്ര ഹൃദ്യവും ലളിതവുമായിരിക്കണം. എങ്കിലേ ആ എഴുത്തു സന്തോഷകരവും ആകർഷകവും ഫലപ്രദവുമായിരിക്കുകയുള്ളു.

ഔദ്യോഗികം, ബിസ്നസ്പരം, സൗഹാർദ്ദപരം, ഔപചാരികം, എന്നിങ്ങനെ പലവിധത്തിലാണ് എഴുത്തുകൾ. ഈ ഓരോവിധത്തിനും പ്രത്യേകം എഴുത്തു രീതികളുമുണ്ട്. ഔദ്യോഗികവും ബിസ്നസ്സുപരവുമായ കത്തുകൾ എപ്പോഴും കാര്യമാത്രപ്രസക്തമായിരിക്കണം. അതുമിതുമെല്ലാം ഇതിൽ എഴുതരുത്. വ്യക്തിപരമായ വിശേഷങ്ങൾക്കോ തമാശകൾക്കോ ഇത്തരം എഴുത്തുകളിൽ സ്ഥാനമില്ല. ഔദ്യോഗികമോ ബിസ്നസ്പരമോ ആയ ഒരു കത്തു നിങ്ങൾക്കാണു വന്നതെങ്കിൽ മടങ്ങുന്ന പോസ്റ്റിൽത്തന്നെ മറുപടി അയയ്ക്കുന്നതാണു മര്യാദ. വളരെ ആലോചിച്ചു മറുപടി പറയേണ്ടതാണെങ്കിൽ, ആ വിവരം കാണിച്ച് ഒരു എഴുത്തയയ്ക്കുക. മാതാപിതാക്കന്മാർ, സ്നേഹിതർ, ഉപകാരികൾ, ബന്ധുക്കൾ എന്നിവക്ക് എഴുതുന്ന കത്തുകൾ സൗഹാർദ്ദപരങ്ങളാണ്. ഇങ്ങനെയുള്ള കത്തുകൾ നിങ്ങളുടേയും വായിക്കുന്ന ആളിൻേറയും സ്ഥിതിയനുസരിച്ചു രസകരമായി എഴുതാം. ഉപചാരാർത്ഥം എഴുതുന്നതു ചില വിശേഷപ്പെട്ട ദിവസങ്ങളേയോ സംഭാഷണങ്ങളേയോ അടിസ്ഥാനമാക്കിയാണ്. പരിചയമില്ലാത്ത ആളിൽനിന്നു നിങ്ങൾക്കു് എന്തെങ്കിലും വിവരം അറിയുവാൻ എഴുതുകയാണെങ്കിൽ, മറുപടിക്കുള്ള കവറുകൂടെ അയയ്ക്കണം. എഴുത്തുകളിൽ ദ്വയാർത്ഥപ്രയോഗങ്ങളുംമററും വർജ്ജിക്കേണ്ടതാണ്. എഴുത്തിൻെറ അവസാനം പേരുമുഴവൻ എഴുതി ഒപ്പിടണം. എഴുത്തു ടൈപ്പുചെയ്തതാണെങ്കിലും ഒപ്പ് മഷികൊണ്ടായിരിക്കണം. നല്ലതരം

കടലാസ്സും കവറും ഉപയോഗിക്കുക. കവറിൽ മേൽ വിലാസം ഭംഗിയായി എഴുതി അയയ്ക്കണം. എല്ലാ എഴുത്തുകൾക്കും അതതിന്റെ പ്രാധാന്യമനുസരിച്ച് മറുപടി അയക്കേണ്ടതാണ്. മറുപടി അയയ്ക്കുന്നതുവരെ നിങ്ങൾ കിട്ടിയ എഴുത്തു കളയരുത്.

## ഉപസംഹാരം

സുപ്രസിദ്ധ പണ്ഡിതനും വിദ്യാഭ്യാസപ്രവർത്തകനുമായ കർഡിനൽ ന്യൂമാന്റെ വാക്കുകളിൽ ഈ പ്രതിപാദനം ഉപസംഹരിച്ചുകൊള്ളട്ടെ. ശരിയായ ഒരു മാന്യൻ അഥവാ, ഒരു ആര്യചരിതൻ ആരാണെന്ന് അദ്ദേഹം എഴുതുന്നു: "പരപീഡനത്തിന് ഒരിക്കലും കാരണം കൊടുക്കാത്തവൻ എന്നു പറഞ്ഞാൽ അതു മിക്കവാറും ഒരു ആര്യചരിതന്റെ നിർവ്വചനമാകും. ആര്യചരിതൻ, സഹവാസികളുടെ മനസ്സിന് അസ്വാസ്ഥതയോ ക്ഷോഭമോ ഉളവാക്കുന്നതെല്ലാം ശ്രദ്ധാപൂർവ്വം പരിവർജ്ജിക്കുന്നു. എന്തുകൊണ്ടെന്നാൽ, എല്ലാവർക്കും സ്വാസ്ഥതയും സുഖവും നൽകുന്നതിൽ അയാൾ അതീവതല്പരനാണ്. സഹവാസികളിൽ ഓരോരുത്തരിലും അയാളുടെ ശ്രദ്ധ പതിയാതിരിക്കുന്നില്ല. ശാലീനരോടു ദയയും അകന്നുനില്ക്കുന്നവരോടു സൗമ്യതയും മൂഢരോടു കരുണയും അയാൾ പ്രദർശിപ്പിക്കുന്നു. ആരോടാണു താൻ സംഭാഷിക്കുന്നതെന്ന് അയാൾക്കു നിശ്ചയമുണ്ട്. അരോചകമായ സൂചനകളേയും നീരസജനകമായ പ്രതിപാദ്യവിഷയങ്ങളേയും അയാൾ ഉപേക്ഷിക്കുന്നു. സംഭാഷണത്തിൽ അഗ്രിമസ്ഥാനം അയാൾ കാംക്ഷിക്കുന്നില്ല; വാചാലതയാൽ ആരേയും മുഷിപ്പിക്കുന്നുമില്ല. അന്യർക്ക് എന്തെങ്കിലും ഉപകാരം ചെയ്യുമ്പോൾ അതിൽ അഭിമാ

നംകൊള്ളുന്നില്ല; പ്രത്യുത, താൻ ചെയ്യുന്ന ഉപകാരം അന്യരിൽനിന്നു തനിക്കു ലഭിക്കുന്ന ഒരുപകാരമായിട്ടാണു് അയാൾ വിചാരിക്കുന്നതു്. . . നിർബ്ബന്ധിതനായെങ്കിൽ മാത്രമേ അയാൾ തന്നെപ്പററി എന്തെങ്കിലും പ്രസ്താവിക്കുകയുള്ളു; ഒരു പ്രത്യാക്ഷേപത്താൽ തന്നെത്തന്നെ സാധൂകരിക്കുവാൻ അയാൾ തുനിയുകയില്ല. പരദൂഷണത്തിനോ വ്യർത്ഥഭാഷണത്തിനോ അയാൾ ചെവികൊടുക്കുകയില്ല. അന്യരുടെ പ്രവൃത്തികളിൽ ദുരുദ്ദേശ്യം ആരോപിക്കുവാൻ അയാൾ ഒരുമ്പെട്ടുകയില്ല; എല്ലാം അപരനു് അനുകൂലമായി വ്യാഖ്യാനിക്കുവാൻ സദാ സന്നദ്ധനാണു്. വാദപ്രതിവാദങ്ങളിൽ അയാൾ ഒരിക്കലും ഹീനത്വം പ്രദർശിപ്പിക്കുകയില്ല. പ്രതിയോഗിക്കെതിരായി അഭിനന്ദനീയമല്ലാത്ത അനുകൂലസാഹചര്യങ്ങളെ അയാൾ വിനിയോഗിക്കുകയോ യുക്തികൾക്കുപകരം പരുഷോക്തികൾ പ്രയോഗിക്കുകയോ ചെയ്യുകയില്ല. അധിക്ഷേപങ്ങളാൽ അവമാനിതനായി എന്നു വിചാരിക്കാതിരിക്കുന്നതിനുള്ള മനോവൈശിഷ്ട്യവും അപരാധങ്ങളെ വിസ്മരിക്കുന്നതിനുള്ള മഹാമനസ്കതയും അയാൾക്കുണ്ടു്. . . സ്വാഭിപ്രായങ്ങളിൽ അയാൾക്കു പ്രമാദം വന്നേക്കാം; എന്നാൽ, അനീതിയെ തിരിച്ചറിയുവാൻ പാടില്ലാത്ത അന്ധത്വം അയാൾക്കില്ല. അയാൾ സരളസ്വഭാവനാണെങ്കിലും ഊർജ്ജസ്വലൻതന്നെ; മിതഭാഷിയെങ്കിലും സ്ഥിരനിശ്ചയനത്രേ. . . ." (Idea of a Universily)

9994

ARYA PALACKAL JEEVASSKENDRAM LIBRARY

# ഈ പുസ്തകം

"........മനുഷ്യപ്രകൃതിയിലുള്ള നാലുതരം സ്വഭാവവിശേഷങ്ങളായ തീക്ഷ്ണം, ക്രോധം, മ്ലാനം, മന്ദം എന്നിവയെ ശാസ്ത്രീയമായി വിശകലനംചെയ്ത് അവയോടനുബന്ധിച്ചു വരാവുന്ന ദൂഷ്യങ്ങളെ ഇല്ലാതാക്കി, ഹൃദയ ശുദ്ധി, മനഃശക്തി, ദീനദയാലുത്വം, മര്യാദ മുതലായ വിശിഷ്ട സിദ്ധികൾ കൈവളർത്താനുള്ള മാർഗ്ഗങ്ങളെ ഈ ഗ്രന്ഥത്തിൽ തെളിവായി വിവരിച്ചിരിക്കുന്നു.

യഥാർത്ഥത്തിൽ ഇതൊരു ശാസ്ത്രീയഗ്രന്ഥ മാണ്. മററൊരുവിധം നോക്കിയാൽ ഇതൊരു കലയാണെന്നും പറയാം. എങ്ങനെ നോക്കി യാലും, സ്വഭാവരൂപവൽക്കരണം എന്ന സർവ്വ പ്രധാന വിഷയത്തിൻെറ എല്ലാ വശങ്ങളും ഈ കൃതിയിൽ പ്രതിപാദിച്ചിട്ടുണ്ട്."

—ഡാക്ടർ പി. ജെ. തോമസ്

# സദാചാരരാഷ്ട്രം



നരിക്കുഴി